കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 സെപ്റ്റംബർ
വില ₹15



പരസ്യം

സെയിന്റ് ജോസഫ് പ്രസ്



പ്രിയപ്പെട്ട കുട്ടികളേ,

നമ്മുടെ സ്വന്തം ഉത്സവമായ ഓണം വീണ്ടും എത്തിയിരിക്കുകയാണ്. സമത്വമാണ് ഓണത്തിന്റെ മുഖമുദ്ര. മാവേലി നാടു വാണീടും കാലം എന്ന പാട്ടു കേട്ടിട്ടില്ലേ? അതിലെ ഓരോ വരിയിലും കാണാം അന്നത്തെ മനുഷ്യരുടെ ആഗ്രഹങ്ങൾ. കള്ളമില്ലാത്ത, ചതിയില്ലാത്ത, മാനുഷരെല്ലാരുമൊന്നുപോലുള്ള ഒരു കാലം. മനുഷ്യർ കടുത്ത വിവേചനങ്ങൾ അനുഭവിച്ചിരുന്ന ഒരു കാലത്താവണം ഈ ഓണപ്പാട്ടിന്റെ സൃഷ്ടി. മാവേലി എന്ന രാജാവിന്റെ തണലിൽ സമത്വസുന്ദരമായ ഒരു കാലത്തെ ആരും സ്വപ്നം കണ്ടുപോകും.

യഥാർത്ഥത്തിൽ ഇന്നും ആ മാവേലി നമ്മുടെ കൂടെയുണ്ട്. അതാണ് ജനാധിപത്യം. ആ ജനാധിപത്യത്തെ കാത്തുസൂക്ഷിച്ച് സമത്വസുന്ദരമായ ഒരു ലോകം കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിച്ചു നിൽക്കാം.

അതിനായി തളിര് എന്നും നിങ്ങളുടെ കൂടെയുണ്ടാവും. ഈ ലക്കം ഏറെ പുതുമകളോടെയാണ് പുറത്തിറങ്ങുന്നത്. നിരവധി പ്രമുഖരുടെ പംക്തികൾ ഇതിലുണ്ട്. കഥകളും കവിതകളും കാർട്ടൂണുകളും ചിത്രങ്ങളും ഒക്കെച്ചേർന്ന തളിരാണ് നിങ്ങൾക്കുള്ള ഇത്തവണത്തെ ഓണസമ്മാനം.

സ്നേഹം നിറഞ്ഞ ഓണാശംസകൾ,

**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്



വര: ബാബുരാജൻ

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

സെപ്റ്റംബർ 2017
വില ₹15
*വാർഷികവരിസംഖ്യ ₹200
(*2017 ഒക്ടോബർ ലക്കം മുതൽ)

## ഉള്ളടക്കം


**മുൻമൊഴി** ............................6
സുഗതകുമാരി
**ആനക്കാര്യം**............................7
രാജീവ് എൻ ടി
**കവിതാപരിചയം**....................12
പി കുഞ്ഞിരാമൻ നായർ
**ഓർമയിലെ ഓണപ്പൂക്കൾ**........14
എസ് ശിവദാസ്
**മണൽപ്പരപ്പിൽ കുഴിയുണ്ടാക്കി**......................17
പി പി രാമചന്ദ്രൻ
**നമ്മുടെ കണ്ണൻ വെജിറ്റേറിയനായതിങ്ങനെ!**...18
ജി ആർ ഇന്ദുഗോപൻ
**കൊച്ചനുജത്തി**........................21
ആത്മാരാവൻ
**വരവായ് തിരുവോണം**.............26
അമ്പലപ്പുഴ രാജഗോപാൽ
**മതിൽക്കെട്ടിനുള്ളിലെ ഒറ്റയോൾ**..............................27
ഇ ജിനൻ
**ആറന്മുള വള്ളംകളി**...............28
**ഒരു വള്ളപ്പാട്ട്**.........................30
ലക്ഷ്മീദേവി
**ഒരു മാവിന്റെ കഥ**....................31
പി കെ പാറക്കടവ്
**കല്പവൃക്ഷം**............................36
എസ് രമേശൻ നായർ
**ഉണ്ണിയപ്പക്കണ്ണൻ**.....................38
ചന്ദ്രമതി
**ഫോണോണം**............................43
പി വി കൃഷ്ണൻ


9

## എന്തതിശയമേ!

**സി രാധാകൃഷ്ണൻ**

പാഴാവും മഴവെള്ളം
പാഴ്വാക്കിന്റെ കുഴപ്പം
മഴ കാത്തെന്നും കരയും
വേഴാമ്പൽതൻ ദൈന്യം.



8

## ഒരു ഓണക്കവിത

**സച്ചിദാനന്ദൻ**

പാറുന്നു തുമ്പികൾ മഞ്ഞച്ചിറകാർന്ന
നാളെ തൻ സ്വപ്നങ്ങൾ പോലെ.





13

## ഓണപ്പാട്ട്

**പ്രഭാവർമ്മ**

മണിമുറ്റത്തിതുവരെയൊരു നാളിലു-
മില്ലാ; കണ്ടില്ലാ – തുമ്പേ
നിന്നെക്കണ്ടീലാ...


ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ
**പള്ളിയറ ശ്രീധരൻ**
പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**
ആർട്ട്
**അരുണ ആലഞ്ചേരി**
ലേഔട്ട്
**വിഷ്ണു പി എസ്**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**
കവർ
**റോണി ദേവസ്യ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# തളിര്

## പണ്ടത്തെ വാമനനും പിന്നത്തെ മഹാബലിയും

10

**വി മധുസൂദനൻ നായർ**

അൽപ്പം നേരും അധികം നുണയും കുഴച്ചുചേർന്നതാണ് കഥകൾ. നുണകളെ നുണഞ്ഞു നുണഞ്ഞ് നേരിന്റെ കാമ്പിലേക്കെത്തണം. അതിനുവേണ്ടിത്തന്നെയാണ് രുചിയുള്ള കഥകളുണ്ടാവുന്നത്.







22

## അമ്പിളിയമ്മായി

**ഏഴാച്ചേരി രാമചന്ദ്രൻ**

അമ്പിളിയമ്മാവനെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. എന്നാൽ അമ്പിളിയമ്മായിയെക്കുറിച്ചോ?

## അച്ഛൻ വരുമ്പോൾ

**സുഗതകുമാരി**

മൂന്നുവർഷം കൂടിയിട്ടാണ് അവന്റെ അച്ഛൻ വരുന്നത്. മിഠായിയും പുത്തനുടുപ്പും കൊണ്ടാണോ അച്ഛൻ വന്നത്?

24





## മരംകേറിച്ചേച്ചി

**പി കെ ഗോപി**

പെൺകുട്ടികൾ മരം കയറാമോ? പാടില്ലെന്ന് ചട്ടമുണ്ടായിരുന്ന ഒരു കാലം.

32


**ഓണക്കോടിയും കണക്കിലെ കോടിയും**.............44
പള്ളിയറ ശ്രീധരൻ

**ഓണത്തുമ്പിയെത്തേടി**...........45
ഗിരീഷ് പുലിയൂർ

**ഗോപുവിന്റെ ഓണവാശി**.........46
സിപ്പി പള്ളിപ്പുറം

**ചെറുപൈതങ്ങൾക്കായ്**........49
സുമേഷ് കൃഷ്ണൻ

**മുത്തശ്ശൻ**............................50
മുണ്ടൂർ സേതുമാധവൻ

**സാഹസം**...............................53
വിനോദ് വൈശാഖി

**പത്മനാഭന്റെ പൂച്ച**.................54
പയ്യന്നൂർ കുഞ്ഞിരാമൻ

**വെണ്ടപ്പൂവ്**...........................59
വി എം ഗിരിജ

**യാത്രാവിവരണം**...................60
സെബാസ്റ്റ്യൻ പള്ളിത്തോട്

**പണ്ടുപണ്ടൊരു ദേശത്ത്**.......64
റോസ്മേരി

**കുട്ടിമുത്തശ്ശി**........................70
തനൂജ ഭട്ടതിരി

**അമ്മേങ്കുഞ്ഞുണ്ണീം പിന്നെ പാച്ചുവും**...............................72
പ്രിയ എ എസ്

**ഹൃദയം**................................76
എം കൃഷ്ണദാസ്

**വയൽക്കാറ്റ്**.........................78
അർഷാദ് ബത്തേരി

**പുലർകാലം**..........................81
സജിനി എസ്

**മഴയൊഴിയുമ്പോൾ**.............83
ടി കെ സുജിത്ത്

# പൂവടയുണ്ടാക്കുന്നതെങ്ങനെ?

ഓണത്തിനു പൂവടയുണ്ടാക്കുന്നതെങ്ങനെയെന്നു കൂട്ടുകാർക്കറിയാമോ? പറഞ്ഞുതരാം. അമ്മയോടു പറയൂ ഉണ്ടാക്കിത്തരാൻ. (ഇടയ്ക്കൊരു സംശയം. എന്താ അച്ഛനോടു പറഞ്ഞാൽ! അമ്മ മാത്രമേ ഇതൊക്കെ ഉണ്ടാക്കാവൂ എന്നുണ്ടോ? അച്ഛൻ പറയും 'എനിക്ക് അറിഞ്ഞുകൂടാ' എന്ന്. തീർച്ച. പക്ഷേ അമ്മയെ സഹായിക്കാൻ പറയൂ അച്ഛനോട്. അതല്ലേ നല്ലത്!)

പച്ചരി തലേരാത്രി വെള്ളത്തിലിട്ടുവച്ച് കുതിർത്ത് വളരെ നേർമയായി പൊടിച്ചെടുക്കണം, തരിയില്ലാതെ. ആ പൊടി കുറച്ചു നെയ്യും വെള്ളവും ചേർത്ത് അയവായി കുഴച്ചു വയ്ക്കണം. തേങ്ങ തിരുമ്മിവയ്ക്കണം. നല്ല ശർക്കര ചീകി



വര : ജയേഷ് ശിവൻ

യെടുത്ത് തേങ്ങയിൽ ഇളക്കിവയ്ക്കണം. നന്നായി പഴുത്ത വാഴപ്പഴം വട്ടത്തിൽ അരിഞ്ഞുവയ്ക്കണം. എന്നിട്ട് വാഴയില വാട്ടിയതിൽ നെയ്യ് നിരക്കെ പുരട്ടണം. അതിനുമേൽ ഈ കുഴച്ചു വച്ചിരിക്കുന്ന മാവ് തീരെ കനമില്ലാതെ നേർമയിൽ പരത്തണം. അതിനു മുകളിൽ ശർക്കരയും തേങ്ങയും ഇളക്കി ചേർത്തുവച്ചിരിക്കുന്നത് നിരത്തിയിടണം. പഴംനുറുക്കുകൾ ഇടയ്ക്കിടെ പതിപ്പിച്ചു വയ്ക്കണം. എന്നിട്ട് വാഴയില പകുതിവെച്ചു മടക്കണം. ഇങ്ങനെ കുറെയെണ്ണം പരത്തി അടുക്കിവച്ചത് ഇഡ്ഡലിപ്പാത്രത്തിൽ വെള്ളം തിളപ്പിച്ച് ഇഡ്ഡലിത്തട്ട് കമഴ്ത്തിവച്ച് അതിനു മുകളിൽ ഓരോന്നായി നിരത്തി പുഴുങ്ങിയെടുക്കണം.

ഇനി ഇത്തിരിയൊന്നു തണുക്കട്ടെ. പതുക്കെ ഇല വിടർത്തിനോക്കൂ. നല്ല മണം വരുന്നില്ലേ? ഇതാണ് മാവേലിത്തമ്പുരാനു വിളക്കത്തുവച്ചു നിവേദിക്കുന്ന ഓണപ്പൂവട. അമ്മയ്ക്കറിയാമോ ഇതുണ്ടാക്കാനെന്നു ചോദിച്ചുനോക്കൂ. അച്ഛനോ?....

**വാഴയില വാട്ടിയതിൽ നെയ്യ് നിരക്കെ പുരട്ടണം. അതിനുമേൽ ഈ കുഴച്ചു വച്ചരിക്കുന്ന മാവ് തീരെ കനമില്ലാതെ നേർമയിൽ പരത്തണം. അതിനു മുകളിൽ ശർക്കരയും തേങ്ങയും ഇളക്കി ചേർത്തുവച്ചിരിക്കുന്നത് നിരത്തിയിടണം.**

സ്നേഹത്തോടെ,
**സുഗതകുമാരി**



# ഒരു ഓണക്കവിത

സച്ചിദാനന്ദൻ



വര:സുരേഷ് പരിയാരത്ത്

ഓണമേ സ്വാഗതം, പാവമീ നാടിന്റെ-
യോമനേ, നീ വന്നുവല്ലോ!

പൂവുകൾ പാടുകയായീ തൊടികളിൽ,
പാടത്ത്, വീട്ടുമുറ്റത്തും.
ജീവനിൽ പിന്നെയും വന്നു നിറയുന്നു
ഗാനവും തേനും കിനാവും.

ആറുമാസക്കുല കുങ്കുമകംബളം
നീളെ നിനക്കായ് നിവർത്തീ.
നീലിച്ച സ്വർഗങ്ങൾ തീർക്കുന്നു നെല്ലിപ്പൂ
പാടത്തു, നിൻ തുടി കേൾക്കെ.

തുമ്പയാൽ വെള്ളയണിഞ്ഞു, ഓണക്കളി-
ക്കെന്ന പോലെന്റെ നാടാകെ.

പാറുന്നു തുമ്പികൾ മഞ്ഞച്ചിറകാർന്ന
നാളെ തൻ സ്വപ്നങ്ങൾ പോലെ.
പൂവിടുന്നൂ കാട്, പൂവിടുന്നൂ വഴി,
പൂവായി മാറുന്നു കല്ലും
തോടും പുഴയുമുറവയും പാടുന്നു
സ്നേഹവിലോലമാം ഗീതം

ഇന്നില്ല വേല; വിരുന്നും കളികളും
പൊന്നിൻകിനാക്കളും മാത്രം
ഇന്നു മറക്കുക ദുഃഖങ്ങൾ, ഭാരങ്ങൾ,
ഉള്ളം ചിരിയാൽ നിറയ്ക്കാൻ.

വന്നൂ മഹാബലി, ചെന്നെതിരേൽക്കുകാ
സ്വർണസ്മരണയെ നമ്മൾ!
ഓണമേ സ്വാഗതം, പാവമീ നാടിന്റെ-
യോമനേ, നീ വന്നുവല്ലോ!

# എന്തതിശയമേ!

സി രാധാകൃഷ്ണൻ

കാക്കക്കുണ്ടൊരു
വാല്
ചക്കക്കുണ്ടൊരു മുള്ള്
കക്കക്കുണ്ടൊരു തോട്
കക്കാനാളില്ലെന്ന്
ഒന്നും
കക്കാനാളില്ലെന്ന്!

2

ചക്കര കുറുകിയ നേരം
പൂക്കാലത്തിൻ പുളകം
ചക്കിപ്പെണ്ണിൻ ചന്തം
കാക്കാനാളില്ലെന്ന്
ആരും
കാക്കാനില്ലെന്ന്!

3

പാഴാവും മഴവെള്ളം
പാഴ്‌വാക്കിന്റെ കുഴപ്പം
മഴ കാത്തെന്നും കരയും
വേഴാമ്പൽതൻ ദൈന്യം
നല്ലവർ ചെയ്യും നൻമകളും
കാണാനാളില്ലെന്ന്
ആരും കണ്ടില്ലെന്ന്!

4

അപകടമെന്തുണ്ടായാലും
അരുതായ്മകളായാലും
കാണാത്തവരില്ലാരും
ആദ്യം ഞാനെന്നും!



വര : രാജീവ് എൻ ടി

# പണ്ടത്തെ വാമനനും പിന്നത്തെ മഹാബലിയും

വി മധുസൂദനൻ നായർ

വളരെവളരെപ്പണ്ടത്തെ ഒരു കഥയുണ്ട്. മഹാബലി നാടുവാണിരുന്നു എന്ന കഥയുണ്ടാവുന്നതിനും ആയിരമായിരം വർഷം മുൻപത്തെ കൊച്ചുകഥ. അതിങ്ങനെയാണ്.

ദേവന്മാരും അസുരന്മാരുമുണ്ടായിരുന്നു. മനുഷ്യരും മറ്റു ജന്തുക്കളും ഉണ്ടായിരുന്നോ എന്തോ. ദേവന്മാർ അറിവിനുവേണ്ടിയും നന്മയ്ക്കുവേണ്ടിയും യജ്ഞം നടത്തുന്നവരായിരുന്നു. അസുരന്മാരോ, മറിച്ച് സ്വന്തം കാര്യം മാത്രം നോക്കുന്നവരും. ദേവന്മാർ യജ്ഞത്തിൽ മുഴുകിക്കഴിയവേ അസുരന്മാർ ലോകത്തെ പിടിച്ചടക്കാൻ തുടങ്ങി. അവർ പെരുകിപ്പെരുകി ഏതാണ്ട് ലോകം മുഴുവൻ കൈയടക്കി. ദേവന്മാർക്ക് ഇടം തീരെക്കുറഞ്ഞു. അവരുടെ യജ്ഞം മുടങ്ങുമെന്നായി.

എന്തുചെയ്യേണ്ടൂ? ദേവന്മാർ കൂടിയാലോചിച്ചിട്ടുണ്ടാവും. പെട്ടെന്ന് ദേവന്മാരുടെ നേതാവായ ഇന്ദ്രന് ഒരാശയം. ഇന്ദ്രൻ ദേവന്മാരെ ഒരിടത്ത് ഒരുമിപ്പിച്ചു നിറുത്തി. ദേവന്മാരിൽ ഏറ്റവും ചെറിയ കൊച്ചുകുട്ടിയുടെയത്രയും മാത്രം പോന്ന ഒരാളുണ്ടായിരുന്നു. വിഷ്ണു. കാണാൻ വെറും കുള്ളൻ (വാമനൻ- പൊക്കം കുറഞ്ഞവൻ). വിഷ്ണുവിനെ ഇന്ദ്രൻ മുന്നിൽ നിറുത്തി. എന്നിട്ട് അസുരന്മാരോട് വിളിച്ചു പറഞ്ഞു.

''ഹോയ്, ശ്രദ്ധിക്കൂ.''

''എന്താ?'' അസുരന്മാർ ജിജ്ഞാസയോടെ ചോദിച്ചു.

ഇന്ദ്രൻ പറഞ്ഞു.

''നമുക്ക് ഈ ലോകം പകുത്തെടുക്കാം. ഇതാ, ഈ വാമനനായ വിഷ്ണുവിനെക്കണ്ടില്ലേ? കൊച്ചുപയ്യൻ. തീരെ ചെറിയ കാലടികൾ. ഈ ചെറിയ പാദംകൊണ്ട് മൂന്നുചുവട് വിഷ്ണു അളക്കും. അത്രയും ഭാഗം ഞങ്ങൾ ദേവന്മാർക്ക്. ബാക്കി ലോകം മുഴുവൻ നിങ്ങൾ അസുരന്മാർക്ക്, സമ്മതിച്ചോ?''

അസുരന്മാർ വീണു പോയി. മതിമറന്നുപോയി പിന്നെ ഒട്ടും ആലോചിച്ചില്ല. ആ വാമനൻ കൊച്ചുചുവടുവച്ചളക്കുന്നു. മൂന്നുചുവട് സ്ഥലമൊഴികെ ബാക്കിയെല്ലാം കിട്ടുമല്ലോ!

''സമ്മതിച്ചു. സമ്മതിച്ചു.'' അവർ കൂട്ടായി ആഹ്ലാദത്തോടെ മറുപടി പറഞ്ഞു.

ഇന്ദ്രൻ ഉടനെ വിഷ്ണുവിനോട് പറഞ്ഞു. മൂന്നുചുവട് അളന്നെടുക്കാൻ. പിന്നെ വൈകിയില്ല. കൊച്ചുകുട്ടിയായിരുന്ന വിഷ്ണു പ്രപഞ്ചം മുഴുവൻ നിറയുന്നവനായി വളർന്നു. അവന്റെ പാദങ്ങൾ മുഴുവൻ കാണാനോ ശിരസ്സ് എവിടെയാണെന്നറിയാനോ അസുരന്മാരുടെ കണ്ണുകൾക്കെന്നല്ല, മനസ്സുകൾക്കുപോലും കഴിഞ്ഞില്ല. ഞൊടിയിടകൊണ്ട് വിഷ്ണുവിന്റെ ഒന്നാംചുവട് ഉയർന്നു. അത് പ്രപഞ്ചത്തെ മുഴുവൻ അളന്നെടുത്തു. പിന്നെ രണ്ടാംചുവട്- അതുകൊണ്ട് വേദത്തെ (അറിവിനെ) മുഴുവൻ അളന്നു. മൂന്നാമത്തെ ചുവടുവച്ച് വാക്കിനെ (ശബ്ദരാശിയെ) മുഴുവൻ അളന്നെടുത്തു. അങ്ങനെ അസുരന്മാർ പ്രപഞ്ചത്തിൽനിന്നും വേദത്തിൽനിന്നും വാക്കിൽനിന്നും പുറത്തായി.

അസുരന്മാർ പിന്നെ എവിടെപ്പോയി? പ്രപഞ്ചത്തിനു പുറത്തു പിന്നെയുമുണ്ടോ ഇടം? അതൊരു ചോദ്യമാണ്. ഉത്തരം നാം കണ്ടെത്തണം. ഉള്ളിൽത്തിരഞ്ഞാൽ ഉത്തരം കിട്ടും.

**കൊച്ചുകുട്ടിയായിരുന്ന വിഷ്ണു പ്രപഞ്ചം മുഴുവൻ നിറയുന്നവനായി വളർന്നു. അവന്റെ പാദങ്ങൾ മുഴുവൻ കാണാനോ ശിരസ്സ് എവിടെയാണെന്നറിയാനോ അസുരന്മാരുടെ കണ്ണുകൾക്കെന്നല്ല, മനസ്സുകൾക്കുപോലും കഴിഞ്ഞില്ല. ഞൊടിയിടകൊണ്ട് വിഷ്ണുവിന്റെ ഒന്നാംചുവട് ഉയർന്നു.**



വര: പി എസ് ബാനർജി

ഇങ്ങനെ മൂന്നു ചുവടുവച്ച് എല്ലാം അളന്ന വാമനനാണ് വിഷ്ണു. ചുവടുവയ്പ്പിനെ 'വിക്രമം' എന്നു പറയും. മൂന്നു ചുവടുവച്ച വിഷ്ണുവിനെ 'ത്രിവിക്രമൻ' എന്നാണു വിളിക്കുക. ഇന്നത്തെ തമിഴ്നാട്ടിൽ, കാഞ്ചീപുരത്ത്, 'ഉലകമളന്നാൻ കോവിൽ' എന്നൊരമ്പലമുണ്ട്. മൂന്നുചുവടുവച്ച് ലോകമളന്ന വിഷ്ണുവിന്റെ അമ്പലം. ആരാണീ വിഷ്ണു? ആലോചിക്കാവുന്നതാണ്.

വേദത്തിലുള്ളതാണ് ഈ കഥ. പിന്നെപ്പിന്നെ പറഞ്ഞുപറഞ്ഞ് ഇത് മഹാബലി എന്ന അസുരചക്രവർത്തിയെ വിഷ്ണു ചവിട്ടിത്താഴ്ത്തി എന്ന കഥയായി മാറി. കാലം മാറുന്തോറും കഥകൾക്കും ഒരുപാട് കഥകളുണ്ടാവും. പറയുന്നവരുടെയും കേൾക്കുന്നവരുടെയും രീതിക്കനുസരിച്ച് മാറ്റങ്ങൾ വരും. ചിലപ്പോൾ കഥകൾ ചരിത്രമാണെന്നു നാം തെറ്റായി ധരിച്ചുപോവുകയും ചെയ്യും. അൽപ്പം നേരും അധികം നുണയും കുഴച്ചുചേർന്നതാണ് കഥകൾ. നുണകളെ നുണഞ്ഞുനുണഞ്ഞ് നേരിന്റെ കാമ്പിലേക്കെത്തണം. അതിനുവേണ്ടിത്തന്നെയാണ് രുചിയുള്ള കഥകളുണ്ടാവുന്നത്.

ഇനി മഹാബലിയുടെ കഥ വീണ്ടും വായിക്കാം. എന്നിട്ടു ചിന്തിക്കാം. എവിടെയാണ് ഈ കഥ ആദ്യമുണ്ടായത്? കേരളത്തിലോ? അല്ല. വാല്മീകിരാമായണത്തിലാണ് വാമനന്റെയും മഹാബലിയുടെയും കഥ ആദ്യം കാണുന്നത്. ബാലകാണ്ഡത്തിൽ.

ബാലന്മാരായ രാമനെയും ലക്ഷ്മണനെയും കൂട്ടി വിശ്വാമിത്രൻ വനത്തിലേക്കു പോകുന്നു. ഗംഗാതീരത്താണ് ഈ വനം. അവിടെ വച്ച് രാമൻ വൃദ്ധരാക്ഷസിയായ താടകയെ വധിച്ചു. പിന്നെ വിശ്വാമിത്രൻ രാമനെയും ലക്ഷ്മണനെയും കൊണ്ട് ഗംഗാതീരത്തുള്ള സിദ്ധാശ്രമത്തിലെത്തുന്നു. അവിടെവച്ച് രാമലക്ഷ്മണന്മാർക്ക് ആ മുനി വാമനന്റെയും മഹാബലിയുടെയും കഥ പറഞ്ഞുകൊടുക്കുന്നു. ആ കഥ പറന്നുപറന്ന് കേരളത്തിലെത്തിയത് പിന്നെയും എത്രയോ കാലം കഴിഞ്ഞിട്ടാണ്.

അങ്ങനെയങ്ങനെ കേരളചക്രവർത്തിയായി വേഷം മാറേണ്ടിവന്നു മഹാബലിക്ക്. മഹാബലി അറിഞ്ഞില്ല, വാമനൻ അറിഞ്ഞില്ല. നമ്മളും അറിഞ്ഞില്ല.

# ഓണപ്പൂവ്

**മഹാകവി പി കുഞ്ഞിരാമൻ നായർ**

മികവൊടു വിണ്ണണിമൈതാനത്തിൽ
മുകിലുകൾ മേഞ്ഞു നടക്കുമ്പോൾ
പൊന്മണിമലരിൻ കവിളിൽ കാറ്റേ
ഉമ്മകൊടുക്കാൻ വന്നാലും!
മലതൻ നെഞ്ചിൽപ്പുളകമുണർത്തും
പുലരിത്തേരിൽ നീ വന്നൂ
കോവിൽപ്പാലത്തണലത്താടും
പൂവേ, പൂവേ, പൊൻപൂവേ,
രാവിൻ വാർമുലയുണ്ടു ചിരിക്കും
പൂവേ, പൂവേ, പൊൻപൂവേ,
പുലരിപ്രഭതൻ മടിയിൽ മദിക്കും
പൂവേ, പൂവേ, പൊൻപൂവേ,
വിണ്ടലതീർത്ഥവുമാടിക്കൊണ്ടീ-
യാണ്ടിലുമൂഴം തെറ്റാതെ
പാടും കിളിയോടൊപ്പം മാബലി
നാടിൻ നടയിൽ നീ വന്നൂ!
മോടിയിൽ മോഹനപാവനജീവിത-
നാടകമാടാൻ നീ വന്നൂ!
അമ്പിനൊടൊരുപിടി മുത്തും വാരി-
ത്തുമ്പപ്പൂവേ, നീ വന്നൂ!

വര:ബോബി എം പ്രഭ



# ഓണപ്പാട്ട്

പ്രഭാവർമ്മ

ഓണപ്പുലരിയിലോമൽ പുഞ്ചിരി
തൂകിവരും പൂവേ - വെൺതുമ്പപ്പൂവേ
തിരുമുക്കുറ്റിപ്പൂവേ...
അത്തപ്പൂക്കള നെറ്റിയിലല്ലെൻ
മനസ്സിൽ ഞാൻ ചേർത്തൂ; നിങ്ങളെ
ഹൃദയത്തിൽ ചേർത്തൂ...

മണിമുറ്റത്തിതുവരെയൊരു നാളിലു-
മില്ലാ; കണ്ടില്ലാ - തുമ്പേ
നിന്നെക്കണ്ടീലാ...
മുറ്റം ചെത്തിമിനുക്കിയ നേര-
ത്തകലെയെറിഞ്ഞായോ നിന്നെ
അകലെയെറിഞ്ഞായോ...
എന്നാലോണദിനത്തിൽ പൂക്കള-
നടുവിൽ വെക്കുന്നൂ - നിന്നെ
മനസ്സിൽ വെക്കുന്നൂ - ഞങ്ങൾ
മനസ്സിൽ വെക്കുന്നൂ...

മുക്കുറ്റിപ്പൊൻപൂവേ നിന്നെയു-
മില്ലാ കണ്ടില്ലാ - എങ്ങും
നിന്നെക്കണ്ടീലാ...
തൊടികൾ ചെത്തിവെടിപ്പാക്കിയ നാൾ
അകലെയെറിഞ്ഞെന്നോ - ആരോ
വെറുതെ കളഞ്ഞെന്നോ...
എന്നാലോണത്തെളിയിൽ പൂക്കള-
നടുവിൽ വെക്കുന്നൂ - നിന്നെ
നിനവിൽ വെക്കുന്നൂ - ഞങ്ങൾ
കനവിൽ വെക്കുന്നൂ...

വര: ടി ആർ രാജേഷ്

# ഓർമയിലെ ഓണപ്പൂക്കൾ

പ്രൊഫ. എസ് ശിവദാസ്



ഓണത്തെപ്പറ്റി ഓർക്കുമ്പോൾ ഓർമകളിലുണർന്നു വളർന്നു പൂത്തുലഞ്ഞുനിന്ന് ഉള്ളിൽ സുഗന്ധം നിറയ്ക്കുന്ന ഓണപ്പൂക്കൾ. എന്നെ കുട്ടിക്കാലത്തു പ്രകൃതിയോടടുപ്പിച്ചത് ആ പൂക്കളായിരുന്നു. അവ ശേഖരിക്കാൻ അത്തം മുതൽ പറമ്പുകളിലും വയലുകളിലും തോടുകളിലും അലയുന്നത് കുട്ടിക്കാലത്തെ ആനന്ദമായിരുന്നു. നെല്ലിപ്പൂ പറിക്കാൻ നെൽവയലുകളിലിറങ്ങണം. നെൽച്ചെടികൾക്കു കേടുപറ്റാതെ വേണം അവയെ ചുറ്റിക്കയറിയിരിക്കുന്ന വള്ളികളിൽനിന്നു നെല്ലിപ്പൂ പറിച്ചെടുക്കാൻ. അരിപ്പൂക്കൾ ആരുടെയും താലോലിക്കൽ ലഭിക്കാതെ പറമ്പുകളിൽ നിൽക്കുന്ന മനോഹാരികൾ ആയിരുന്നു. ആമ്പൽപ്പൂക്കൾ പറിച്ചെടുക്കുക അൽപ്പം

വര: ഗോപു പട്ടിത്തറ

വൈദഗ്ധ്യം വേണ്ട പണിയായിരുന്നു. കുളങ്ങളിലും തോടുകളിലും ഇറങ്ങുമ്പോൾ ശ്രദ്ധിക്കണം. ചിലപ്പോൾ കാലുകൾ ചേറിൽ പുതഞ്ഞുപോകും. വെള്ളത്തിന് ആഴം കൂടുതലാകാം. വെള്ളത്തിൽ വീണാൽ കാലുകൾ ആമ്പലിൽ കുരുങ്ങും. അങ്ങനെയൊക്കെ വീണിട്ടും വീട്ടിലറിയിക്കാതെ രക്ഷപ്പെട്ടത് അന്നത്തെ പ്രായം തന്ന ധീരത കൊണ്ടായിരുന്നു. തുമ്പപ്പൂക്കൾ പറിച്ചെടുക്കാനായിരുന്നു ഏറെ ക്ഷമവേണ്ടത്. എത്ര തുമ്പപ്പൂക്കൾ പറിച്ചെടുത്താലും അമ്മയ്ക്കു പോരാ. പൂവിന്റെ തണ്ടിൽനിന്നും ശ്രദ്ധയോടെ പൂവ് പറിച്ചെടുക്കാൻ വൈദഗ്ധ്യം വേണം.

അത്തം മുതലുള്ള പൂവിടീൽ അതിരാവിലെ അനായാസം നടത്താമായിരുന്നു. ഓരോ ദിവസവും കിട്ടുന്ന പൂക്കൾക്കനുസരിച്ച് പൂവിടുന്നതു മാറ്റും. അങ്ങനെ പൂവിട്ടുപൂവിട്ട് ഞാനറിയാതെ ഞാൻ ഒരു നല്ല ഡിസൈനറായി! ഈർക്കിലിൽ പൂക്കൾ കുത്തി കുടയും കുത്തണമായിരുന്നു.

എല്ലാം വീട്ടിലെ കുട്ടികൾ ഒന്നിച്ചാണു ചെയ്യുക. അയൽപക്കത്തെ കുട്ടികളും കൂടും. അമ്മ അപൂർവമായേ സഹായത്തിനെത്തൂ, ഫുൾ ടൈം അടുക്കളയിൽ ഡ്യൂട്ടിയിലായിരുന്നതിനാൽ. അച്ഛൻ മേൽനോട്ടത്തിനേ എത്തൂ.

എന്നാൽ ഓണത്തിന്റെ പൂവിടീൽ വലിയ ഒരു പരിപാടിയായിരുന്നു. ചില നാടുകളിൽ ഉത്രാടത്തിനു പൂവിടും. ഓണത്തിന് എല്ലാം എടുത്തുകളഞ്ഞ് 'പൂ മാറ്റും.' എന്നാൽ ഞങ്ങളുടെ ഗ്രാമത്തിൽ അങ്ങനെയായിരുന്നില്ല. ഉത്രാടത്തിന്റെ അന്ന് ലളിതമായ പൂവിടീൽ. തിരുവോണനാളോ ഗംഭീരം. അത് മിക്കവാറും തലേന്നു രാത്രിമുഴുവൻ നീളും. കിട്ടാവുന്നത്ര പൂക്കൾ മുഴുവൻ തലേന്നു പകൽ ശേഖരിക്കും. വീട്ടിലെ കുട്ടികളും അവരുടെ കൂട്ടുകാരും ഒന്നിച്ച് പൂക്കൾ ശേഖരിക്കും. ആഴമുള്ള കയത്തിൽവരെ ഇറങ്ങി ആമ്പൽപ്പൂക്കൾ പറിക്കാൻ കർഷകത്തൊഴിലാളികൾ സഹായിക്കും. വള്ളത്തിൽ പോയിട്ടാണ് ആ പൂക്കൾ പറിക്കുക. പിന്നെ ശതാവരിവള്ളികൾ വെട്ടിക്കൊണ്ടുവരും. അവ നിറയെ മുള്ളായിരിക്കും. മുള്ളുകളെ അവഗണിച്ച് അവയിലെ കുഞ്ഞിലകളെ ഊർത്തിയെടുക്കുമ്പോൾ വിരലുകളിൽ മുള്ളുകൾ കയറും. ആ കഠിന പ്രയത്നത്തിന് അമ്മയും എത്തും. തെങ്ങുകയറുന്ന ചേട്ടനെത്തി കവുങ്ങിൽ നിന്നു പൂക്കുലയെടുത്തു തരും. ഇളംപൂവ് പാളയ്ക്കടിയിൽനിന്ന് എടുക്കാൻ വൈദഗ്ധ്യം വേണം.

അത്താഴം കഴിഞ്ഞ് പൂവൊരുക്കാൻ അമ്മയും വരും. കവുങ്ങിൻ പൂക്കില ചെറുതായി അരിയുന്നതിന് അമ്മയ്ക്കേ കഴിയുള്ളൂ. കത്തിയെടുത്ത് ആ പണി ഇടയ്ക്ക് ഒന്നു ചെയ്ത് കൈമുറിക്കാൻ ഞാൻ മിടുക്കനായിരുന്നു. വീട്ടിന്റെ നടുമുറ്റത്തായിരുന്നു പൂവിടീൽ. അതൊരു കൂട്ടായ്മയുടെ മനോഹരമായ ഉദാഹരണമാ

**അത്താഴം കഴിഞ്ഞ് പൂവൊരുക്കാൻ അമ്മയും വരും. കവുങ്ങിൻ പൂക്കില ചെറുതായി അരിയുന്നതിന് അമ്മയ്ക്കേ കഴിയുള്ളൂ. കത്തിയെടുത്ത് ആ പണി ഇടയ്ക്ക് ഒന്നു ചെയ്ത് കൈമുറിക്കാൻ ഞാൻ മിടുക്കനായിരുന്നു.**





**ഓണം അങ്ങനെ സ്നേഹത്തിന്റെ, സഹകരണത്തിന്റെ, കൂട്ടായ്മയുടെ ഉത്സവമായിരുന്നു. പ്രകൃതിയെ അറിയാനും സ്നേഹിക്കാനും കുട്ടികൾക്ക് അവസരം നൽകുന്ന ഉത്സവം. ഓണത്തുമ്പികൾക്കൊപ്പം നൃത്തം ചെയ്യുന്ന മനസ്സുള്ളവരായിരുന്നു ഞങ്ങൾ കുട്ടികൾ. മാലിന്യം കുമിഞ്ഞുകൂടാത്ത നാടും തോടും ഉള്ള ഒരു കാലം ഇവിടെ ഉണ്ടായിരുന്നു എന്ന് ഇന്ന് ഓണം വരുമ്പോൾ ഞാൻ ഓർക്കാൻ ശ്രമിക്കുന്നു.**

യിരുന്നു. അച്ഛനായിരുന്നു ഡയറക്ടർ. ആ വർഷം ഏതു ഡിസൈൻ വേണമെന്ന് അച്ഛൻ പറയും. ചക്രം വരച്ചിടാം എന്നുപറഞ്ഞ് കയറും കമ്പും കൊണ്ടുവന്ന് പൂത്തറയിൽ വൃത്തംവരച്ച് അതിന്റെ പരിധിയെ വ്യാസാർധം കൊണ്ട് മുറിച്ച് ശാസ്ത്രീയമായിട്ടായിരിക്കും അച്ഛന്റെ ചക്രം വരയ്ക്കൽ. എന്നിട്ട് ഓരോ കള്ളിയിലും ഏതു പൂ എന്നു പറയും. ഞങ്ങൾ തർക്കിക്കും. പിന്നെ എല്ലാവരും ഒത്തുതീർപ്പിൽ പങ്കാളികളാകും. പൂവിടാൻ തുടങ്ങുമ്പോൾ പാതിരയാകും. അതിനിടെ അമ്മ കട്ടൻകാപ്പി പലപ്രാവശ്യം തരും. ഇടയ്ക്ക് തിന്നാൻ അപ്പോഴുണ്ടാക്കിയ ഉഴുന്നുചേർന്ന ചീമ്മയും. ചീമ്മ വലിയ പാത്രത്തിലാണുണ്ടാക്കുക. നേരം വെളുക്കുന്നതുവരെ ചീമ്മതീറ്റയുണ്ടാകും.

പൂവിടീലും കൂട്ടായിട്ടായിരുന്നു. അതിനിടെ തമാശകൾ പറയും. കളിയാക്കും. കൊച്ചുവഴക്കുകൾ തലപൊക്കും. പിന്നെയും സ്നേഹമാകും. അച്ഛനും അമ്മയും സഹോദരങ്ങളും കൂട്ടായി പ്രവർത്തിച്ച്, ഇടപഴകി, സഹകരിച്ചും മത്സരിച്ചും വിട്ടുവീഴ്ചചെയ്തും സ്നേഹിക്കലായിരുന്നു പൂവിടീൽ. നേരം വെളുക്കാറാകുമ്പോൾ പൂവിട്ടുതീരും. പിന്നെ ഒരാൾ ഓടിപ്പോയി കുളത്തിൽ മുങ്ങിവന്ന് പൂ മാറ്റും. അതുവരെ പൂവടയിൽ കൈവയ്ക്കാൻ അമ്മ അനുവദിച്ചിരുന്നില്ല.

ഓണം വീട്ടിനുള്ളിൽ മാത്രമായിരുന്നില്ല. പുറത്തുമുണ്ടായിരുന്നു. തൊഴുത്തിലെ വെച്ചൂർപശുക്കളെല്ലാം മര്യാദക്കാരികളായിരുന്നു. കുട്ടികൾക്കും അഴിച്ചുകെട്ടാം. കുളിപ്പിക്കാം. കറന്നു പാലെടുക്കാം. രോഗമില്ലാത്ത, പ്രസവിക്കാൻ ഡോക്ടറുടെ സഹായം വേണ്ടാത്ത തനിനാടൻപശുവമ്മച്ചികൾ. ഓണത്തിന് അമ്മ അവയ്ക്കു പ്രത്യേക ആഹാരം നൽകിയിരുന്നു. ഓണത്തിന് ഉറുമ്പിനു കൊടുക്കാനും അമ്മ മറക്കാറില്ലായിരുന്നു.

ഓണമില്ലാത്ത അയൽക്കാരെക്കൂടി ഓണമുണ്ണാൻ ഞങ്ങൾ ക്ഷണിച്ചിരുന്നു. ഓണസദ്യയുണ്ടാക്കലും വീട്ടിലെ ഒരു കൂട്ടായ പ്രവർത്തനമായിരുന്നു. ഓണസദ്യ വിലയ്ക്കു വാങ്ങുന്ന പരിഷ്കാരം അന്നില്ലായിരുന്നു. പച്ചക്കറികൾ വിലയ്ക്കു വാങ്ങുന്നതും അന്നത്തെ രീതിയായിരുന്നില്ല.

ഓണം അങ്ങനെ സ്നേഹത്തിന്റെ, സഹകരണത്തിന്റെ, കൂട്ടായ്മയുടെ ഉത്സവമായിരുന്നു. പ്രകൃതിയെ അറിയാനും സ്നേഹിക്കാനും കുട്ടികൾക്ക് അവസരം നൽകുന്ന ഉത്സവം. ഓണത്തുമ്പികൾക്കൊപ്പം നൃത്തം ചെയ്യുന്ന മനസ്സുള്ളവരായിരുന്നു ഞങ്ങൾ കുട്ടികൾ.

മാലിന്യം കുമിഞ്ഞുകൂടാത്ത നാടും തോടും ഉള്ള ഒരു കാലം ഇവിടെ ഉണ്ടായിരുന്നു എന്ന് ഇന്ന് ഓണം വരുമ്പോൾ ഞാൻ ഓർക്കാൻ ശ്രമിക്കുന്നു. ഒരു തുമ്പയെ കാണാൻ കൊതിയോടെ വീടിനു ചുറ്റും നോക്കിപ്പോകുന്നു. അകലെ നിന്നൊരു ഓണപ്പാട്ട് ഒഴുകിവരുന്നുണ്ടോ എന്ന് സംശയിച്ച് ചെവിയോർത്തുനിന്നുപോകുന്നു. പ്രകൃതിയോടിണങ്ങുന്ന ഒരു നാടൻ ഓണം ഇനി എന്നെങ്കിലും ഉണ്ടാകുമോ എന്നോർത്ത് ആകുലപ്പെടുമ്പോഴും ഞാൻ മന്ത്രിച്ചുപോകുന്നു: ഓണം വരട്ടെ; എങ്ങനെയുള്ള ഓണമായാലും അതെങ്കിലും വരട്ടെ. അതുകൂടി ഇല്ലാതായാൽ പിന്നെ എന്തു മലയാളം? ഏതു ചിങ്ങമാസം? എന്തൊരു ജീവിതം!



# മണൽപ്പരപ്പിൽ കുഴിയുണ്ടാക്കി

പി പി രാമചന്ദ്രൻ



മണൽപ്പരപ്പിൽ കുഴിയുണ്ടാക്കി
ഒളിച്ചിരുന്നൂ പുഴവെള്ളം
ഒലിച്ച കാലം മറന്ന കടവിൽ
തപസ്സിരുന്നൂ കളിവള്ളം

കിഴക്കു മാമല മുടിയാട്ടത്തിനു
വരുന്നതില്ലാ കരിമേഘം
മഴയ്ക്കു തോറ്റംപാടും തവളകൾ
കരഞ്ഞുമില്ലാ കലികാലം

പിഴച്ചുപോയീ ചുവടുകൾ തിരുവാ-
തിരയ്ക്കു പോലും പതിവായി
മറന്നു മാബലി തിരുവോണങ്ങൾ
അടഞ്ഞുപോയീ പാതാളം

വിഷുക്കണിക്കായെത്തിയ വെള്ളരി
വിഷം പുരട്ടിയ പൂതനയായ്
മണം പരത്തിയ മാമ്പൂവെല്ലാം
കരിഞ്ഞുപോയീ കനവുകളായ്

പരന്ന വയലിൻ നടുവിലെടുപ്പുകൾ
പണിഞ്ഞു നഗരം കുടിയേറി
ഒഴിഞ്ഞ ചാക്കിൽ ചവറു പെറുക്കാൻ
മുടിഞ്ഞ ഗ്രാമം പടിയേറി.

വര: അനിഷ തമ്പി

# നമ്മുടെ കണ്ണൻ വെജിറ്റേറിയനായതിങ്ങനെ!

ജി ആർ ഇന്ദുഗോപൻ

ചെന്നൈയിലാണ് കണ്ണന്റെ അച്ഛന് ജോലി. മാസത്തിലൊരിക്കൽ വരും. ഇതിപ്പോ പോയി ഒരാഴ്ച കഴിഞ്ഞു വന്നു. വന്നയുടൻ കണ്ണനോട് പറഞ്ഞു.

''ടാ നമുക്ക് ചിക്കനടിക്കാൻ പോകണ്ടേ?''

അവനൊന്നും പറഞ്ഞില്ല.

അച്ഛൻ ചുമലിൽ പിടിച്ചിട്ട് ചോദിച്ചു.

''എന്തു പറ്റിയെടാ. ചിക്കനെന്നു കേട്ടാൽ ഇറങ്ങിയോടാൻ നിൽക്കുന്നവനാണല്ലോ. ങേ.''

എന്നിട്ടും അവനൊന്നും പറഞ്ഞില്ല.

അച്ഛൻ തുടർന്നു.

''അമ്മ പറഞ്ഞു നിനക്കെന്തോ പറ്റിയിട്ടുണ്ടെന്ന്. ഒന്നുമില്ല. വാ നമുക്ക് ഹോട്ടലിൽ പോകാം.''

'വേണ്ടച്ഛാ..' എന്നു പറഞ്ഞ് കണ്ണൻ വേഗം രണ്ടാംനിലയിലേക്ക് കയറിപ്പോയി. അച്ഛൻ പുറകെ കയറിച്ചെന്നപ്പോൾ അവൻ അകത്തുനിന്ന് കതകു കുറ്റിയിട്ടിരിക്കുകയാണ്.

അച്ഛൻ താഴെ വന്നു പറഞ്ഞു.

''എന്താ രമേ പ്രശ്നം?''

അമ്മ പറഞ്ഞു.

''എനിക്കറിഞ്ഞൂടാ. പേടിയാകുന്നു. പുസ്തകം തുറന്നു



വര: രാജേഷ് അണ്ണൂർക്കാരൻ

വച്ചിരിക്കുന്നതല്ലാതെ അവ നൊന്നും പഠിക്കുന്നില്ല.''

അച്ഛൻ ചോദിച്ചു.

''എന്താ ഈ പറയുന്നത്. ഒന്നാമനായി പഠിക്കുന്ന കുട്ടി.''

അമ്മ പറഞ്ഞു.

''പഠിച്ചിലേലും വേണ്ട. എനിക്കെന്റെ മോനെ കിട്ടിയാ മതി. പേടിയാവുന്നു. ബ്ളൂ വെയിൽ എന്നൊക്കെ പറഞ്ഞ് പലതരം പിള്ളേരെ ക്കൊല്ലി ഗെയിമുകളൊക്കെ ഇറങ്ങിയിട്ടുണ്ടെന്ന് കേട്ടു. അവൻ രഹസ്യമായിട്ട് നെറ്റിൽ സർച്ചിങ്ങാ. ഞാൻ നോക്കു മ്പോ ഹിസ്റ്ററി ഡിലീറ്റ് ചെയ് തിരിക്കുന്നു. നമുക്കവനെ ഏതെങ്കിലും മനഃശാസ്ത്ര ജ്ഞനെ കാണിക്കണം.''

''എന്താ രമേ, ഈ പറയു ന്നത്?''

''അല്ലെങ്കിലെങ്ങനാ പെട്ടെന്നൊരു ദിവസം കണ്ണൻ വെജിറ്റേറിയനാകു ന്നത്? കഴിഞ്ഞാഴ്ച പഴം വാങ്ങുമ്പോ അവൻ കടക്കാര നോടു ചോദിക്കുവാ, 'അങ്കിൾ ഇത് ഓർഗാനിക്കാണോ' യെന്ന്. ഉറപ്പില്ലാത്തതുകൊണ്ട് വാങ്ങാൻ സമ്മതിച്ചില്ല. അപ്പു റത്തെ ഹരിയെയും വിളിച്ച് സിറ്റിയിലെ ഓർഗാനിക് ഷോപ്പിൽ പോയി കൊല്ലുന്ന വിലയ്ക്ക് പച്ചക്കറി വാങ്ങി. അത് ഇഡ്ഡലിക്കുക്കറിൽ വച്ച് ബോയ്ൽഡ് ആയി വേണമെന്നാ പറയുന്നത്. ചോറൊക്കെ വളരെ കുറച്ചു.''

അച്ഛൻ അന്തം വിട്ട് അമ്മ യെ നോക്കി.

''ഇതിനൊക്കെ എന്തു ചികിൽസയാ രമേ കൊടു ക്കുന്നത്...?''

അച്ഛനാകെപ്പാടെ കുഴങ്ങി. സത്യത്തിൽ അത് മരണവീടു പോലെയായി. ആദ്യമായി ട്ടാണ് ചിക്കൻ കഴിക്കാൻ ഹോട്ടലിൽ പോകാതെ, ഒരു അവധിദിവസം കടന്നുപോ കുന്നത്.

പിറ്റേന്ന് രാവിലെ അച്ഛൻ വേദനയോടെ മടങ്ങിപ്പോയി.

## 2

കണ്ണന്, അച്ഛന്റെയും അമ്മ യുടെയും വേദനകൾ മനസ്സി ലായിരുന്നു. പക്ഷേ അതിലും വലിയ വേദനയാണ് അവൻ അനുഭവിച്ചു വന്നിരുന്നത്.

ഒരു മാസമായി അവന്റെ കക്ഷത്തിനു താഴെ വാരിയെ ല്ലിനോടു ചേർന്ന് ഒരു മുഴ. പ്ലേഗ്രൗണ്ടിൽ വച്ച് കൂട്ടു കാരൻ സൂരജിന്റെ കൈ അവിടെ തട്ടി. വേദനിച്ചു. അവനോടു കാര്യം പറഞ്ഞു. അവൻ തൊട്ടുനോക്കിയിട്ട് പറഞ്ഞു.

''എടാ ഇത് ക്യാൻസറാ..''

കണ്ണൻ ഞെട്ടിപ്പോയി. അവൻ പറഞ്ഞാൽ തെറ്റേണ്ട തില്ല. അവന്റെ അച്ഛനുമമ്മ യും ഡോക്ടറാണ്. അച്ഛൻ ക്യാൻസറിനാണ് ചികിത്സി ക്കുന്നത്.

''നീ ചിക്കൻ കഴിക്കാ റുണ്ടോ...?''

സൂരജ് ചോദിച്ചു.

''അതേ കഴിക്കാറുള്ളൂ.''

അതു കേട്ട് അവൻ തലയാട്ടി.

''കുഴപ്പമില്ല. പക്ഷേ ആവ ശ്യത്തിന് പച്ചക്കറികൾ കഴി ക്കാറുണ്ടോ?''

അവൻ പറഞ്ഞു.

''എനിക്ക് ഓക്കാനം വരും.''

''ഫ്രൂട്ട്സ് കഴിക്കാ റുണ്ടോ?''

''എനിക്ക് മാതളം മാത്രമേ ഇഷ്ടമുള്ളൂ. അതെപ്പോഴും കിട്ടില്ല.''

ഇതൊക്കെ സൂരജിന്റെ അച്ഛൻ സ്വന്തം രോഗികളോട് ചോദിക്കുന്ന രീതിയാണെന്ന് മനസ്സിലായി.

സൂരജ് തറപ്പിച്ചു പറഞ്ഞു.

''പിന്നെ നോക്കേണ്ട. ഇത് അതു തന്നെ.''

പിന്നവൻ വേറേതോ കുട്ടികളുടെ കൂടെ ഗ്രൗണ്ടി ലേക്കോടി.

അന്നു തളർന്നുതുടങ്ങി യതാണ് കണ്ണൻ. വീട്ടിൽ പറ ഞ്ഞാലുണ്ടാകുന്ന വേദന ചില്ലറയല്ല. ഏകസന്തതി. അവർ തകർന്നുപോകും. പക്ഷേ അവൻ മൂന്നുനേര വും ചിക്കൻ കൂട്ടി ആഹാരം കഴിക്കുന്നതിനെക്കുറിച്ചും വ്യാവസായികമായി മാംസം ഉണ്ടാക്കുന്നതിലെ അപകട ങ്ങളെക്കുറിച്ചുമൊക്കെ നെറ്റിൽ സർച്ച് ചെയ്തു തുടങ്ങി. നോക്കുന്തോറും അവൻ കൂടുതൽ കൂടുതൽ തളർന്നുകൊണ്ടിരുന്നു. അന്ന് അച്ഛൻ വന്നപ്പോൾ കതകടച്ചിട്ടത് തന്നെ ഒന്നു കരയാൻ വേണ്ടിയാണ്.

ഒരാഴ്ച കൂടി അങ്ങനെ കടന്നുപോയി. അവന്റെ അച്ഛൻ വീണ്ടും രണ്ടു ദിവ സത്തെ ലീവെടുത്തു വരാൻ പോവുകയാണെന്ന് അമ്മ പറയുന്നതു കേട്ടു. അന്നു രാത്രി അവന്റെ തലയെടുത്ത് മടിയിൽ വച്ചു കൊണ്ട് അമ്മ വിതുമ്പി.

''എന്താടാ നിനക്ക് പറ്റി യത്?''

അവൻ അമ്മയെ കെട്ടി പ്പിടിച്ചുകരഞ്ഞു. പക്ഷേ എത്ര ചോദിച്ചിട്ടും എന്താ ണെന്നു മാത്രം പറഞ്ഞില്ല.

**"പേടിയാവുന്നു. ബ്ളൂ വെയിൽ എന്നൊക്കെ പറഞ്ഞ് പല തരം പിള്ളേരെക്കൊല്ലി ഗെയിമുകളൊക്കെ ഇറങ്ങിയിട്ടു ണ്ടെന്ന് കേട്ടു. അവൻ രഹസ്യമായിട്ട് നെറ്റിൽ സർച്ചിങ്ങാ. ഞാൻ നോക്കുമ്പോ ഹിസ്റ്ററി ഡിലീറ്റ് ചെയ്തിരിക്കുന്നു. നമുക്കവനെ ഒരു മനഃശാസ്ത്രജ്ഞനെ കാണിക്കണം."**

അമ്മ കൂട്ടുകാരികളെയാരെയൊക്കെയോ വിളിച്ച് എന്തൊക്കെയോ സംസാരിക്കുന്നതു കണ്ടു.

## 3

പിറ്റേന്ന് ഒരു സംഭവമുണ്ടായി. സ്കൂളിൽ ഉച്ചഭക്ഷണസമയത്ത് സൂരജിനെ കാണാൻ അവന്റെ അച്ഛൻ വന്നു. പരസ്പരം ബർത്ത്ഡേയ്ക്ക് വീടുകളിൽ പോയിട്ടുള്ളതുകൊണ്ട് കണ്ണന് അങ്കിളിനെ നല്ലതു പോലെയറിയാം.

ഉച്ചഭക്ഷണം കഴിച്ചെന്ന് വരുത്തി കണ്ണൻ കൈ കഴുകുമ്പോഴാണ് അങ്കിൾ വിളിച്ചത്. സൂരജും ഒപ്പമുണ്ടായിരുന്നു.

അങ്കിൾ അവന്റെ കൈയിൽ പിടിച്ചിട്ടു ചോദിച്ചു.

“അനന്ത്...(കണ്ണന്റെ സ്കൂളിലെ പേര് അതാണ്) എന്താ ഒരു ഉൽസാഹമില്ലാത്തത്?”

അവനൊന്നും മിണ്ടിയില്ല. കണ്ണു നിറഞ്ഞു.

“സീ..”

അങ്കിൾ തമാശ പറഞ്ഞു

“ഒരു തിരക്കുള്ള ഡോക്ടർ അവന്റെ പേഷ്യന്റിനെ കാണാനായി നേരിട്ടു വന്നിരിക്കുകയാണ്..”

കണ്ണൻ നിന്ന് വിതുമ്പി..

“എവിടെയാണ് ആ സ്വല്ലിങ്..?”

സൂരജിന്റെ അച്ഛൻ ചോദിച്ചു. കുറ്റവാളിയെപോലെ സൂരജ് തല കുനിച്ചു നിൽക്കുകയാണ്. കൈ വിടർത്തി അവൻ കക്ഷത്തിന് താഴെ തൊട്ടു കാണിച്ചു. ഒരു ബട്ടൻ മാറ്റിയിട്ട് അങ്കിൾ ഉടുപ്പിനിടയിലൂടെ കൈയിട്ട് അവന്റെ കുരുപ്പ് വന്ന ഭാഗത്ത് തടവിനോക്കി. അൽപ്പനേരത്തെ ഗൗരവത്തിനു ശേഷം ഡോക്ടർ പറഞ്ഞു.

“അയ്യേ.. ഇത് കൊഴുപ്പിന്റെ വീക്കമാണ്. പ്ളഗ് പ്ളഗ് എന്ന് തെന്നി മാറുന്നു. നീയിപ്പോ ചിക്കൻ കഴിക്കുന്നില്ലെന്ന് കേട്ടു. അല്ലേലും ഇത്രയും ചിക്കൻ കഴിക്കുന്നത് നല്ലതായിരുന്നില്ല കേട്ടോ. ദാ ഫ്രൂട്സും വെജിറ്റബിൾസും കഴിക്കേണ്ടതിന്റെ ഗുണത്തെക്കുറിച്ച് സൂരജിനു കൂടി ഒന്ന് പറഞ്ഞു കൊടുത്തേര്.”

‘എനിക്കെങ്ങും വേണ്ട’ എന്നു പറഞ്ഞ് സൂരജ് ഗ്രൗണ്ടിലേക്കോടി. കണ്ണനും ഒന്നും പറയാതെ സൂരജിന്റെ പിന്നാലെയോടി.



# അറിയിപ്പ്

**പ്രിയപ്പെട്ട കുട്ടികളേ,**

**ഏറെ ആവേശത്തോടെയാണ് തളിര് മാസികയെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത് എന്ന് ഞങ്ങൾക്കു കിട്ടുന്ന അഭിപ്രായങ്ങൾ ബോധ്യപ്പെടുത്തുന്നുണ്ട്. നിലവിൽ തളിര് മാസിക കവറുൾപ്പടെ 52 പേജാണുള്ളത്. കൂടുതൽ പംക്തികൾ ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തളിര് മാസികയുടെ പേജുകൾ 2017 ഒക്ടോബർ മാസം മുതൽ വർദ്ധിപ്പിക്കുകയാണ്. 4 പേജുകൾ ഇതുമൂലം അധികമായി ലഭിക്കും.**

**കടലാസിന്റെയും അച്ചടിയുടെയും ചിലവ് എല്ലാ വർഷവും കൂടുന്നുണ്ടെങ്കിൽപ്പോലും തളിര് മാസികയുടെ വില വർദ്ധിപ്പിക്കാതെ മുന്നോട്ടുപോവുകയായിരുന്നു. എന്നാൽ പേജുകൾ കൂട്ടുന്നതിനാലും മറ്റു ചിലവുകൾ കൂടിയതിനാലും തളിര് മാസികയുടെ വില വർദ്ധിപ്പിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. 2017 ഒക്ടോബർ മുതൽ ഒരു കോപ്പിയുടെ വില 20രൂപ ആയിരിക്കും. വാർഷികവരിസംഖ്യ എടുക്കുമ്പോൾ 200രൂപ മാത്രം അടച്ചാൽ മതിയാകും. നിലവിലുള്ള വരിക്കാർക്ക് വരിസംഖ്യ തീരുന്നതുവരെ പതിവുപോലെ മാസിക ലഭിക്കും. നിങ്ങളുടെ പിന്തുണയും പ്രോത്സാഹനവും തളിര് മാസിക ഇനിയും പ്രതീക്ഷിക്കുന്നു.**

**സ്നേഹത്തോടെ**
**പള്ളിയറ ശ്രീധരൻ**
**എഡിറ്റർ**



കവിത

# കൊച്ചനുജത്തി

ആത്മാരാവൻ

കൊച്ചനുജത്തിയീക്കുട്ടിക്കുറുമ്പിയെ
പ്പിച്ചവെയ്പ്പിച്ചെന്റെ കൈ കുഴഞ്ഞൂ!
ഒറ്റടി വെച്ചേ നടക്കയുള്ളൂ, ഇവൾ
ഒട്ടുമേ മുന്നോട്ടു നീങ്ങുകില്ല!
മിണ്ടാതിരിക്കയുമില്ലിവൾ, നിർത്താതെ
കിന്നാരമോതിയെൻ വായ് കടഞ്ഞൂ!

കണ്ടതു കണ്ടതു കേറിപ്പിടിച്ചിവൾ
ഉണ്ടാക്കിടാത്ത കുഴപ്പമില്ല!
കത്തും നിലവിളക്കും ചില്ലുപാത്രവും
എത്തിപ്പിടിക്കുമിവളെ, യെന്നാൽ
എപ്പോഴുമെന്നോ‘‘ടരു’’തെന്നു ചൊല്ലുമെൻ
അച്ഛനും കൊഞ്ചിപ്പതെന്തുകൊണ്ടോ!
അമ്മയ്ക്കുമില്ല പരാതി; ‘‘അവൾ കൊച്ചു-
കുഞ്ഞല്ലീ?’’ യെന്നേ പറഞ്ഞിടുന്നൂ!

എങ്കിലും, എങ്കിലും സ്കൂളുവിട്ടെത്തുമ്പോൾ
ഉമ്മറത്തില്ലവളെങ്കിൽ, എന്റെ
കണ്ണു നിറയുമേ! ആണയിടാം, എന്റെ
കുഞ്ഞനിയത്തിയെൻ ജീവനാണേ!



വര: റോണി ദേവസ്യ



വര: ടി ആർ രാജേഷ്

# അമ്പിളിയമ്മായി

ഏഴാച്ചേരി രാമചന്ദ്രൻ

കോഴിയെക്കണ്ടുപിടിച്ചതാരാദ്യം?
ഒന്നാമതിഡ്ഡലി തിന്നതാര്?
ഗീതാഞ്ജലിയെന്ന പുസ്തകത്തിൽ എത്ര
'കാ'യും 'മാ'യും 'പാ'യും 'ചാ'യും?
അമ്പിളിമാമനു കൂട്ടായി മാനത്തൊ-
രമ്പിളിയമ്മായി കാണുകില്ലേ?

ഉത്തരം മുട്ടിക്കും ചോദ്യശരമെയ്തു
കുട്ടികൾ വട്ടത്തിലാലോലം;
വെക്കേഷനാകയാൽ ജൂണെത്തുവോളമീ
തർക്കുത്തരത്തിന്റെ താലോലം.

## 2

വയ്ക്കോൽപ്പുരയുടെ ചാരെക്കളിവീടും
വെച്ചവർ കാവലാണെപ്പോഴും
ആദ്യം വലയിൽ കുരുങ്ങുന്നതാരെന്നു
നോക്കിയിരിപ്പാണാ'വേടന്മാർ'.
ഉത്തരമില്ലാത്ത ചോദ്യങ്ങൾ ചോദിച്ചു
ബുദ്ധിപരീക്ഷിക്കും മല്ലന്മാർ!
നാലഞ്ചുപേരുണ്ടവരെത്തുണയ്ക്കുവാൻ
രേവതിച്ചിറ്റയുണ്ടെപ്പോഴും.
ഉത്തരം ബോധിച്ചില്ലെന്നാലോ മുറി-
പ്പത്തൽ കണക്കു കയർക്കുമവർ.
സാറാണെങ്കിലും വിവരം പോരെന്നു
നാലാൾകേൾക്കെ വിളിച്ചു കൂവും.

## 3

രക്ഷപ്പെടാനുള്ള മാർഗം നിരൂപിച്ചു
ബുദ്ധിവിയർത്തങ്ങിരിക്കുമ്പോൾ,
മുറ്റത്തുപെട്ടെന്നൊരമ്പിളിയമ്മായി
പെട്ടിയും തൂക്കി വന്നെത്തുന്നു.
വേറെ വിളക്കിന്നടുത്തേക്കുപായുന്നൊ-
രീയാംപാറ്റകൾപോലെ,

അമ്പിളിയാന്റിയെച്ചെന്നുവളഞ്ഞവ-
രമ്പും വില്ലുമെടുക്കുന്നു.
രാഹുലൻ ചെക്കന്റെ പെണ്ണാണവൾദൂരെ-
ക്കാവേരീ തീരത്തുനിന്നല്ലോ
പച്ചക്കൊടും തമിഴ്ഭാഷ മൊഴിയുവോൾ
പാവം പല്ലടംകാരി.


## 4

അമ്പിളിയമ്മാവനൊപ്പം മാനത്തു
ചെന്നു പൊറുക്കാത്തതെന്താ?
രാഹുലനങ്കിൾ പിടിച്ചു വിഴുങ്ങുമോ
ചൂരൽക്കഷായം കുടിപ്പിക്കുമോ?
മാസത്തിൽപ്പത്തുനാൾ തീരെമെലിഞ്ഞൊരു
കോലമായ്ത്തീരുമെന്നോർത്തിട്ടോ?
അമ്മായിക്കു കൊടുംതമിഴെന്നാകി-
ലമ്പിളിയമ്മാവനേതുഭാഷ?
കവിളത്തു മറുകുള്ളൊരമ്മാവനോടുള്ളൊ-
രനുഭാവമേറുകയാലോ,
കരിനീലക്കല്ലുള്ള മൂക്കുത്തിയും ചാർത്തി
വെളുവെളെനിൽക്കുന്നിതമ്മായി.

## 5

ചോദ്യശരങ്ങൾക്കു മുമ്പിലവൾപച്ച-
ക്കൂമ്പാളപോലെ വിളർത്തുനിൽക്കെ,
പടികടന്നെത്തീ തപാൽച്ചെറുക്കൻ
പല്ലാവൂർക്കാരനാം വേലായുധൻ.
ഈയാംപാറ്റകളൊന്നോടേ
വേലായുധന്റെ നേർക്കന്നേരം.
‘ഷൺമുഖനേതുണ്ണ’ യെന്നു ജപിച്ചുകൊ-
ണ്ടമ്പിളിവേഗമകത്തേക്ക്.
ജൂണെത്തുവോളമീ വാചകഗുണ്ടകൾ,
ഗ്രാമത്തിളക്കങ്ങ,ളെമ്പാടും.







വര: ബാബുരാജൻ

# അച്ഛൻ വരുമ്പോൾ

**സുഗതകുമാരി**

കിച്ചു എന്ന കൃഷ്ണൻകുട്ടി അന്ന് ആഹ്ലാദഭരിതനായിരുന്നു. അവന്റെ അച്ഛൻ വരുന്നു! ഓണത്തപ്പനോടൊപ്പം ഇത്തവണ അച്ഛനും ഗൾഫിൽനിന്നു വരും. എങ്കിലും അമ്മയുടെയും അപ്പൂപ്പന്റെയും മുഖത്ത് അത്ര സന്തോഷമൊന്നും കാണുന്നില്ലല്ലോ.

'അച്ഛൻ വരുമേ! എന്റെച്ഛൻ വരുമേ!' എന്ന് ഉറക്കെ പ്പാടിക്കൊണ്ട് ചാടിക്കളിക്കുന്ന തന്നോട് 'ബഹളം വയ്ക്കാതെടാ' എന്നു ശാസിക്കുകയാണല്ലോ അപ്പൂപ്പൻ ചെയ്തത്. അമ്മയുടെ കണ്ണുകളാണെങ്കിൽ ഇടയ്ക്കിടെ നിറഞ്ഞൊഴുകുന്നു. മൂന്നുവർഷം കൂടിയല്ലേ അച്ഛന്റെ തിരിച്ചുവരവ്. അതിന്റെ പിണക്കമായിരിക്കും അമ്മയ്ക്ക്. കിച്ചു അതൊന്നും സാരമാക്കുന്നില്ല. അവൻ സ്കൂളിൽച്ചെന്ന് കൂട്ടുകാരോടെല്ലാം ഉറക്കെ വിളിച്ചു പറഞ്ഞു.

''എന്റെച്ഛൻ വരുന്നേ, ഓണത്തിന് എന്റെച്ഛൻ വരുന്നേ.''

കുട്ടികൾക്ക് താത്പര്യമൊന്നും കണ്ടില്ല. അവരിൽ പലരുടെയും അച്ഛന്മാരുണ്ട് ഗൾഫുനാടുകളിൽ. അവധിക്കു വരുമ്പോൾ പുത്തനുടുപ്പുകളും ഈന്തപ്പഴവും കൈനിറയെ സമ്മാനങ്ങളുമായി വരുന്ന അച്ഛന്മാർ. ജോയിക്കുട്ടി അവന്റെ കൈയിൽ കെട്ടിയിരിക്കുന്ന സ്വർണനിറത്തിലുള്ള വാച്ച് ഉയർത്തിക്കാണിച്ചു. കളിവാച്ചല്ല. വാസ്തവത്തിൽ നടക്കുന്ന വാച്ച്! അതിലൊരു പൂച്ചയുടെ മുഖവുമുണ്ട്. പച്ചപ്പൂച്ച! 'എടാ പച്ചപ്പൂച്ചയെന്നൊന്ന് ഇല്ലെടാ' എന്നു

പറഞ്ഞ് ജോയിക്കുട്ടിയെ കളിയാക്കിയെങ്കിലും കിച്ചുവിന് ആ വാച്ചുകണ്ടാൽ കൊതിവരും.

"എന്റെച്ഛനും കൊണ്ടു വരും സ്വർണവാച്ച്."

അവൻ ക്ലാസ്സിൽ പ്രഖ്യാപിച്ചു.

പിന്നെ ഉടുപ്പ്, ചോക്ലേറ്റ്, ഈന്തപ്പഴം പിന്നെ... അവന്റെ അമ്മയ്ക്കോ? അവനു പറയാൻ അറിഞ്ഞുകൂടാ. സാരിയായിരിക്കും. സ്വർണമാലയും. അപ്പോൾ അപ്പൂപ്പനോ? ആ മൂന്നാംക്ലാസ്സുകാരൻ ആലോചനയിൽ മുഴുകി. ടീച്ചർ മേശപ്പുറത്ത് ചൂരൽകൊണ്ട് ആഞ്ഞടിച്ചു

'കൃഷ്ണൻകുട്ടീ, അറ്റൻഷൻ' എന്ന് ദേഷ്യപ്പെട്ടപ്പോഴാണ് അവൻ ക്ലാസ്സിലേക്കു മടങ്ങിവന്നത്.

"കിച്ചുവിന്റെയച്ഛൻ വിമാനത്തിലല്ലേ വരുന്നത്? അതോ കപ്പലിലോ?"

ചോദിച്ചപ്പോൾ അമ്മ വീണ്ടും കരഞ്ഞു. അവൻ പിന്നീടൊന്നും ചോദിച്ചില്ല. വാസ്തവത്തിൽ അവന്റെ അച്ഛനെ അവനുനേരെ ഓർമയില്ലെന്നതാണു സത്യം. പൃഥ്വിരാജിനെപ്പോലെ ഒരു വരമീശയുംവച്ച് ചുരുളൻമുടിയുമായി അമ്മയുടെ അടുത്തുനിൽക്കുന്ന ആ ഭംഗിയുള്ള ആളാണ് തന്റെ അച്ഛൻ എന്നവനറിയാം. അച്ഛന്റെ കൈയിൽ കണ്ണും മിഴിച്ച് വിരൽകുടിച്ചു കൊണ്ടിരിക്കുന്ന കൊച്ചുകുട്ടി കിച്ചുവാണെന്നും അവനറിയാം. എത്രകാലമായി അച്ഛൻ പോയിട്ട്!

അത്തം വന്നു സ്കൂളവധിയായി. മുറ്റത്തു പൂക്കളമൊരുക്കാൻ അപ്പൂപ്പൻ സഹായിച്ചെങ്കിലും അമ്മ ഉത്സാഹമൊന്നും കാണിച്ചില്ല. അമ്പലത്തിൽനിന്നു വന്നപ്പോൾ അഞ്ചാറു ചെമ്പരത്തിപ്പൂക്കളും പ്രസാദമായി കിട്ടിയ അരളിപ്പൂക്കളും അവനു പൂവിടാൻ കൊടുത്തു. അവന്റെ നെറ്റിയിൽ ചന്ദനം തൊടീച്ചിട്ട് കണ്ണുതുടച്ചു കൊണ്ട് കയറിപ്പോയി.

ഈയമ്മയെന്താ ഇങ്ങനെ...?

പൂരാടം പിറന്നു. അപ്പൂപ്പൻ പച്ചക്കറിയും ശർക്കരയുമെല്ലാം വാങ്ങിക്കൊണ്ടുവന്നുവെങ്കിലും ഒരു ഉത്സാഹവുമില്ല. കിച്ചു അയൽപ്പക്കത്തേക്കോടിപ്പോയി. ജോയിക്കുട്ടിയുടെ വീടാണത്. അവന്റെ അച്ഛൻ വരുന്നത് ക്രിസ്തുമസ്സിനാണ്. ജോയിക്കുട്ടിയോടൊപ്പം ഒളിച്ചുകളിക്കുന്നതിനിടയ്ക്ക് അലമാരിയുടെ പിന്നിൽ ശ്വാസമടക്കിപ്പിടിച്ചു നിന്നപ്പോൾ അവനൊരു വർത്തമാനം കേട്ടു. അവിടത്തെ അമ്മച്ചി ആരോടോ പറയുകയാണ്.

"കഷ്ടം -കൊറേക്കാലമായി ജയിലിലായിരുന്നു. ആരോ പറ്റിച്ചതാ. അയാൾ അങ്ങനെയൊള്ളോനൊന്നുമല്ല."

കിച്ചു ഒരു നിമിഷം കാതോർത്തുവെങ്കിലും 'കണ്ടേ കണ്ടേ' എന്ന ജോയിക്കുട്ടിയുടെ വിളിയുയർന്നു. അവൻ വീണ്ടും കളിയിൽ മുഴുകി.

പിറ്റേന്നു നേരം പുലർന്നു. ഉത്രാടപ്പൂക്കളമൊരുക്കുകയാണ് കിച്ചു. അപ്പൂപ്പൻ മുൻവശത്തു കസേരയിൽ ഒന്നും മിണ്ടാതെ കിടക്കുകയാണ്. അമ്മ അടുക്കളയിൽ നിന്ന് ഇടയ്ക്കിടെ മുൻവശത്തുവന്ന് ഗേറ്റിലേക്കു നോക്കുന്നുണ്ട്. ആരുമൊന്നും മിണ്ടുന്നില്ല. കിച്ചുവിന്റെ പൂക്കളത്തിലേക്കൊന്നു നോക്കുന്നുപോലുമില്ല.

'അച്ഛനെപ്പോഴാ വരുന്നത്?' എന്ന അവന്റെ ചോദ്യം കഴിഞ്ഞ ഒരാഴ്ചയായി ആവർത്തിച്ചുകൊണ്ടിരിക്കുകയാണെങ്കിലും മറുപടിയൊന്നും കിട്ടുന്നില്ല. ഇനി അച്ഛൻ വരുന്നില്ലേ, അതാണോ ഇത്ര വിഷമം അമ്മയ്ക്കും അപ്പൂപ്പനും...?

പൂക്കളം ഇട്ടു കഴിഞ്ഞു. കിച്ചു ഊഞ്ഞാലിൽക്കയറി മിണ്ടാതിരിക്കുകയാണ്. വീടിനുള്ളിലെ വിഷാദവും മൗനവും അവന്റെ കൊച്ചു മനസ്സിലും മങ്ങലുണ്ടാക്കിയിരിക്കുന്നു. എങ്കിലും അവൻ പതുക്കെ മൂളി.

"ഓണത്തപ്പൻ വരുമല്ലോ. ഓണക്കോടിയുടുക്കാലോ..."

അതാ ഗേറ്റുതുറക്കുന്നു. ഒരു കാറ് ഗേറ്റു കടന്നുവരികയാണ്. ആരൊക്കെയോ ഉണ്ട് കാറിൽ. അപ്പൂപ്പൻ എഴുന്നേറ്റു നോക്കിനിൽക്കുന്നു. അമ്മ ഓടിവന്ന് മുറ്റത്തേക്കിറങ്ങുന്നു. കിച്ചു ഊഞ്ഞാലിനരികെത്തന്നെ നിന്നു. 'ആരാ വരുന്നത്? അവന്റെ അച്ഛനാണോ?' ആരൊക്കെയോ കാറിൽ നിന്നിറങ്ങുന്നു. ക്ഷീണിതനായി താടിയും മുടിയും നീണ്ട് എല്ലുംതോലുമായ

ചോദിച്ചപ്പോൾ അമ്മ വീണ്ടും കരഞ്ഞു. അവൻ പിന്നീടൊന്നും ചോദിച്ചില്ല. വാസ്തവത്തിൽ അവന്റെ അച്ഛനെ അവനുനേരെ ഓർമയില്ലെന്നതാണു സത്യം. പൃഥ്വിരാജിനെപ്പോലെ ഒരു വരമീശയുംവച്ച് ചുരുളൻമുടിയുമായി അമ്മയുടെ അടുത്തുനിൽക്കുന്ന ആ ഭംഗിയുള്ള ആളാണ് തന്റെ അച്ഛൻ എന്നവനറിയാം. അച്ഛന്റെ കൈയിൽ കണ്ണും മിഴിച്ച് വിരൽകുടിച്ചു കൊണ്ടിരിക്കുന്ന കൊച്ചുകുട്ടി കിച്ചുവാണെന്നും അവനറിയാം.

ഒരു മനുഷ്യനെ അവർ താങ്ങിപ്പിടിച്ചുകൊണ്ട് വരികയാണ്. അമ്മ ഓടിച്ചെന്ന് ആ മനുഷ്യന്റെ കൈകളിൽ മുറുകെപ്പിടിച്ച് പൊട്ടിക്കരയുന്നു.

'വന്നല്ലോ... എന്റെ പൊന്നേ, ഞങ്ങൾക്കു തിരിച്ചുകിട്ടിയല്ലോ! ഭഗവതീ' എന്ന് ഉറക്കെക്കരഞ്ഞു പറയുന്നു. അപ്പൂപ്പൻ കണ്ണുതുടച്ചുകൊണ്ട് ആ മനുഷ്യനെ മാറോടണയ്ക്കുന്നു.

''മോനേ, എന്റെ മോൻ വന്നല്ലോ.''

ആരാണിയാൾ? ഇതാണോ എന്റെ അച്ഛൻ. ചിത്രത്തിൽ കാണുന്ന ആ വരമീശവച്ച സുന്ദരൻ...? ആയിരിക്കും. അച്ഛൻ തന്നെയായിരിക്കും. അല്ലെങ്കിലയാൾ തന്റെ പൂക്കളത്തെ നോക്കി മന്ദഹസിച്ചതെന്തിന്? മാറിനിന്നു നോക്കുന്ന തന്നെ ഇരുകൈയും നീട്ടി 'മക്കളേ' എന്നു വിളിച്ചതെന്തിന്? കിച്ചു ഓടിച്ചെന്ന് ആ മനുഷ്യനെ കെട്ടിപ്പിടിച്ചു. അയാൾ കുനിഞ്ഞ് അവന്റെ കുഞ്ഞുനെറ്റിയിൽ ചൂടുള്ള ഒരുമ്മ വച്ചു.

''പൊന്നുമോനേ, അച്ഛനൊന്നും കൊണ്ടുവന്നിട്ടില്ലല്ലോ നിനക്ക്?'' എന്ന് തൊണ്ടയിടറിപ്പറഞ്ഞപ്പോൾ കിച്ചു അവന്റെ സ്വർണവാച്ചും ചോക്ലേറ്റുപെട്ടിയുമൊക്കെ മറന്ന് അച്ഛനെ മുറുകെ കെട്ടിപ്പിടിച്ചു.

''ഒന്നും വേണ്ട, എന്റെ അച്ഛനിങ്ങുവന്നല്ലോ. അതു മതി.''

'അതുമതിയല്ലോ' എന്നവന്റെ അമ്മയും പതുക്കെപ്പറയുന്നതുകേട്ടു.

'അതുമതി മോനേ' എന്ന് അപ്പൂപ്പനും തൊണ്ടയിടറുന്നു.

ഓണവെയിൽ പൊന്നുപൂശിയ ആ മുറ്റത്ത് പൂക്കളത്തിനു മുകളിൽ മാവിൻ കൊമ്പിലിരുന്നു നിർത്താതെ ചിലയ്ക്കുന്ന അണ്ണാനും അതുതന്നെയല്ലേ ഏറ്റുപറഞ്ഞത്.

'അതുമതി, അതുമതി...'

---

കവിത

# വരവായ് തിരുവോണം

**അമ്പലപ്പുഴ രാജഗോപാൽ**



വര: ബോബി എം പ്രഭ

എത്തുന്നു പിന്നെയും ഓണം, സമത്വത്തി-
ന്നുത്സവാഘോഷമൊരുക്കാൻ
അത്തിലെല്ലാമകന്നൊത്തുചേരുന്നതി-
'ന്നത്തം' അണിഞ്ഞൊരുങ്ങുന്നു.
ശുദ്ധമാം ചിന്തയും വാക്കും, സഹോദര-
ചിത്തത്തിലേക്കു പകർത്താൻ
നൃത്തം ചവിട്ടുന്നു തുമ്പിയും തുമ്പയും
ഹൃത്തിലുല്ലാസം വരുത്താൻ.
ചിത്രങ്ങളെത്രവിധമെന്നപോൽ പൂക്ക-
ളൊത്തുചേർന്നുന്മേഷമേകാൻ
വൃത്തിയിൽ പൂത്തുലഞ്ഞീടുന്നു 'നാനാത്വ-
മെന്നതിൽ ഏകത്വ' മോതാൻ
ഒത്തുചേരേണമീ നമ്മൾ 'മനുഷ്യരായ്'-
സത്യ-ധർമങ്ങൾ പുലർത്താൻ
എത്തിടേണം അതിന്നായി 'ത്തിരുവോണ-
മുറ്റത്തു' നൃത്തമാടീടാൻ.

# മതിൽക്കെട്ടിനുള്ളിലെ ഒറ്റയോൾ

ഇ ജിനൻ



ആറുമാസ-
പ്പൂച്ചുവപ്പേ,
ആരിവൾ നിൻ
കൂട്ടുകാരായ്
നാലുചുറ്റും
പാറിടുന്നൂ
വാലുമാട്ടി
വന്നിടുന്നൂ..?

പാട്ടു പാടാൻ
ചുണ്ടനക്കി
കാട്ടുപൂവാം
നിൻ കഴുത്തിൽ
ആലിലപ്പൂ-
ത്തുമ്പികൾ, പൊൻ
താലി ചാർത്താൻ
വന്നതാമോ..?

ആവണിക്കു
പൂക്കണിയായ്
ആർത്തുലച്ചു
നിൽക്കുവോളേ,

ആ വഴിക്കു
വന്ന കാറ്റി-
ന്നോണമെന്ന
തോന്നലായോ..?

ഇത്രകാല-
മെങ്ങുപോയ് നീ
ചിത്രഭംഗി-
യാർന്ന പൂവേ,
മണ്ണിലേതോ
ചാവടി* യിൽ
ചാഞ്ഞുറങ്ങി-
പ്പോയതാണോ..?

സ്വർഗലോക-
പ്പൂവനത്തിൽ
പോയൊളിച്ചു
പാർത്തതാണോ
സ്വർണവർണ-
ക്കാവടിയായ്
തീരുവാൻ നീ
കാത്തതാണോ..?

മുറ്റമെല്ലാം
ചെത്തി ഞങ്ങൾ
മുക്കുറ്റികൾ
കുത്തിമാറ്റി
മറ്റു പുല്ലും
പൂഞ്ചകളും
പറ്റെയും
പറിച്ചുമാറ്റി.

നിന്റെ ചന്ത-
മത്രമാത്രം
എന്റെ കണ്ണിൽ
ചാഞ്ഞതിനാൽ
ഒറ്റയായി-
പ്പോയി, നീയെൻ
ചുറ്റുമതിൽ-
ക്കെട്ടിനുള്ളിൽ.

വര: സൗമ്യ മേനോൻ

*വിശ്രമവീട്

# ആറന്മുള വള്ളംകളി

ചരിത്രപ്രസിദ്ധമായ ആറന്മുള വള്ളംകളിയുടെ ഉത്ഭവത്തെപ്പറ്റി ഒരു സുന്ദരമായ ഐതിഹ്യമുണ്ട്. കാട്ടൂർമന എന്ന ഇല്ലത്ത് സന്തതികളില്ല. കുടുംബനാഥനായ നമ്പൂതിരി കുട്ടികളുണ്ടാകാൻ വേണ്ടി എല്ലാ മാസത്തിലെയും ഓണനാളിൽ ബ്രാഹ്മണന്മാരെ വിളിച്ച് സദ്യനൽകുമായിരുന്നു. എന്തോ കാരണവശാൽ ഒരു ഓണംനാളിൽ ഊണിനു വരാൻ കുട്ടികളാരെയും കിട്ടിയില്ല. ക്ഷണിച്ചവരൊന്നും വരാത്തതിൽ ദുഃഖിതനായ നമ്പൂതിരി പടിക്കലേക്കു നോക്കിക്കൊണ്ട് പ്രാർഥനയോടെ ഇരിക്കുകയാണ്. നട്ടുച്ചയാകുന്നു. അപ്പോഴുണ്ട് അതാ തേജസ്വിയായ ഒരു ബ്രാഹ്മണബാലൻ തിരക്കിട്ട് ഓടിവരുന്നു. അതീവസന്തുഷ്ടനായ കാട്ടൂർനമ്പൂതിരി കുട്ടിയെ കാൽ കഴുകിച്ച് ഇലയിട്ടിരുത്തി സദ്യ വിളമ്പി ചരിതാർഥനായി. കുട്ടി നിറയെ ഊണുകഴിച്ച് തിരിച്ചു പോകാനൊരുക്കമായപ്പോൾ നമ്പൂതിരി അപേക്ഷിച്ചു.

“തിരുവോണനാളിൽ കുട്ടികളെയൊന്നും കിട്ടാനില്ല. കുട്ടി അടുത്ത തിരുവോണനാളിൽ ഇവിടെവന്ന് ഊണുകഴിക്കണം.”

കുട്ടി ചിരിച്ചുകൊണ്ടു തിരിഞ്ഞുനിന്നു പറഞ്ഞു.

“സന്തോഷമായി. പക്ഷേ ഞാൻ ഇങ്ങോട്ടു വരില്ല. നമ്പൂതിരി സദ്യവട്ടങ്ങളുമായി ആറന്മുളയ്ക്കു വന്നോളൂ. ഞാൻ അവിടെ അമ്പലത്തിലുണ്ടാവും.”

കുട്ടി അപ്രത്യക്ഷനായപ്പോഴാണ് അത് തിരുവാറന്മുളയപ്പൻതന്നെ എഴുന്നള്ളി അനുഗ്രഹിച്ചതാണെന്ന് നമ്പൂതിരിക്കു മനസ്സിലായത്. അന്നുമുതൽ എല്ലാ തിരുവോണനാളിലും ഒരു വള്ളം നിറയെ അരിയും കോപ്പുമായി കാട്ടൂർ മനക്കാർ ആറന്മുളയിലെത്തുന്നു. ആ അരിയും കോപ്പും പച്ചക്കറികളും ഉപയോഗിച്ചാണ് അമ്പലത്തിലെ തിരുവോണസദ്യ.

ഇന്നും ആ പതിവു തുട



രുന്നു. വെളുപ്പാൻകാല ത്താണ് തിരുവോണത്തോണി ആറന്മുളയിലെത്തുക. അതൊരു വരവാണ്. നിറയെ വിളക്കുകളുമായി പൂക്കളും തോരണങ്ങളും കൊണ്ട് അലങ്കരിച്ച, പൂമാലകള ണിഞ്ഞ, ഗരുഡമുഖമുള്ള തോണി വാദ്യമേളങ്ങളും വഞ്ചിപ്പാട്ടുകളുമായി അങ്ങനെ തുഴഞ്ഞു വരു ന്നതും വിളക്കുകൾ ആറ്റിലെ ഓളങ്ങളിൽ പ്രതിഫലിക്കു ന്നതും പ്രഭാതത്തിലെ കുളിർ കാറ്റും ശംഖനാദവുമെല്ലാം ഇണങ്ങിച്ചേരുമ്പോൾ അലൗ കികമായ ഒരു മംഗളദൃശ്യം തന്നെയാണത്. കാട്ടൂർമന ക്കാർ കാഴ്ചവയ്ക്കുന്ന അരിയും കോപ്പുമാണ് തിരു വാറന്മുളയപ്പന്റെ തിരുവോണ സദ്യ.

ഉത്രിട്ടാതിനാൾ വള്ളംകളി യുടെ ആഘോഷങ്ങളാണ്. ഓരോ കരക്കാരുടെയും വക യായി വള്ളങ്ങൾ കളിക്കിറ ങ്ങുന്നു. 52 വള്ളങ്ങളാണു



ഫോട്ടോ: Arun Sinha

ള്ളത്. ലക്ഷണമൊത്ത ഈ വള്ളങ്ങൾക്ക് 50 മീറ്റർവരെ നീളമുണ്ടാകും. നിറയെ തുഴ ക്കാർ ഇരുവശത്തും ഇരുന്ന് താളത്തിൽ തുഴയുന്നു. നടുക്ക് വഞ്ചിപ്പാട്ടുകാർ നിന്ന് താളം പിടിച്ച് ഉറക്കെ പ്പാടുന്നു. തലയിൽ നേര്യതു കെട്ടി നിവർന്നുനിന്ന് കേമ ന്മാരായ കരക്കാർ പാട്ടുകൾ പാടുമ്പോൾ, നൂറുകണക്കിനു തുഴകൾ ഒരേ താളത്തിൽ ആഞ്ഞുകുത്തുമ്പോൾ പമ്പ യിലെ ഓളങ്ങൾ തുള്ളിക്ക ളിക്കുന്നു. ഇരുകരയിലും കൂടി നിൽക്കുന്ന നാട്ടുകാർ ആഹ്ലാദാരവം മുഴക്കുന്നു. വഞ്ചിപ്പാട്ടിന്റെ ഒരു താളം ഇങ്ങനെയാണ്.

*"തെയ് തെയ് തക തെയ് തെയ് തോം*

*തിത്തത്താ തിത്തൈയ് തെയ്*

*തെയ് തെയ് തകതത്തി കിതക തോം*

*തക തിയോം തിത്തോം തിത്തോം തികിതോം"*

ആദ്യം ജലഘോഷയാത്ര യാണ്. നിരന്ന് പാടിയാടി വരുന്ന അലങ്കരിച്ച കൂറ്റൻ വള്ളങ്ങളുടെ ശാന്തഗംഭീര മായ ഘോഷയാത്ര – മഹാ ഭാരതത്തിലെ ഭീഷ്മപർവത്തെ അധികരിച്ചെഴുതിയ പാട്ടു



ആറന്മുള പാർത്ഥസാരഥി ക്ഷേത്രം.

ഫോട്ടോ: Pradeep717

കളും കുചേലവൃത്തവും വെച്ചുപാട്ടുകളുമെല്ലാം അന്തരീക്ഷത്തിൽ മുഴങ്ങി ക്കേൾക്കുന്നു. തിരുവാറന്മു ളയപ്പനു പ്രണാമമർപ്പിക്കുക യാണ് ഈ ചടങ്ങ്.

പിന്നീടാണ് മത്സരവള്ളം കളി. അതു വാശിയുടെയും പരിശീലനത്തിന്റെയും കരു ത്തിന്റെയും താളത്തിന്റെയു മെല്ലാം ഒരു മികച്ച പ്രകടന മാണ്. ആദ്യകാലങ്ങളിൽ ജലഘോഷയാത്ര മാത്രമാ യിരുന്നു പതിവ്. ഇപ്പോൾ കാലത്തിന്റെ പോക്കിനനുസ രിച്ച് മത്സരവും സമ്മാനം നേടലുമൊക്കെ പ്രാമുഖ്യം നേടിക്കഴിഞ്ഞു. പരസ്യ ങ്ങളും പ്രസംഗങ്ങളും ബഹള വുമൊക്കെ നിറഞ്ഞു കഴി ഞ്ഞെങ്കിലും ആറന്മുള വള്ളംകളി ഇന്നും അതിന്റെ ശ്രേഷ്ഠതയും കുലീനതയും അത്ഭുതാവഹമായ സൗന്ദ ര്യവും സംഗീതാത്മകതയും നിലനിർത്തുന്നു എന്നത് സന്തോഷകരമത്രേ.

തളിര് വായനക്കാരായ കുട്ടികൾ ഒരു തവണയെ ങ്കിലും ഈ വള്ളംകളി കാണാൻ പോകണം. നമ്മുടെ നാട്ടിലല്ലാതെ ലോകത്തു മറ്റൊരിടത്തുമില്ലാത്തതാണ് ഈ വിശിഷ്ടദൃശ്യം.

കവിത

# ഒരു വള്ളപ്പാട്ട്

**ലക്ഷ്മീദേവി**

തിരുവാറന്മുളയപ്പൻ കളിവള്ളം തൃക്കൺപാർക്കും
തിരുനാളാം ഉത്രിട്ടാതി അണിഞ്ഞൊരുങ്ങി
തിരികെപ്പോം മാവേലിക്ക് തിരുമനം കുളുർക്കാനായ്
കരതോറും തുഴക്കാരും രസിച്ചിറങ്ങീ
(തെയ് തെയ് തെയ്ത തിമിതക തോം
തെയ് തെയ് തെയ്ത തിമിതക തോം
തീയോം തിത്തോം തിത്തോം തകതോം)
(തിരുവാറ...)
പാർഥസാരഥിക്ക് സദ്യയൊരുക്കാനായ് വെളുപ്പിന്ന്
പാട്ടുപാടിത്തിരുവോണത്തോണി വന്നെത്തീ
പള്ളിയുണർന്നെഴുന്നേൽക്കും തമ്പുരാന്റെ-
യുടൽ ചാർത്തും
നിർമാല്യദർശനത്താലേ നിർവൃതിനേടീ
(തിരുവാറ...)
പൊന്നുകെട്ടിച്ചമയിച്ച പള്ളിയോടം മദം പൂണ്ട
കൊമ്പനെപ്പോൽ പമ്പയാറ്റിൽ കുതിച്ചുകേറീ
ചുണ്ടനും ചുരുളനും ഈ അലപൊങ്ങും
നദിയിൽ, വൻ
ചെണ്ടമേളത്തോടെ പാടിക്കളിച്ചു നീങ്ങി
ഉള്ളഴിഞ്ഞാറന്മുളേശൻ വള്ളംകളിക്കെഴുന്നള്ളീ....
(ആർപ്പോ ഹീയോ ഹീയോ ഹീയോ)




വര: കെ പി മുരളീധരൻ

കഥ

# ഒരു മാവിന്റെ കഥ

**പി കെ പാറക്കടവ്**



വര: സുവർണ

വലിയ മുറ്റത്തെ ഒരു മൂലയിൽ ഒരു വലിയ മാവ് പന്തലിച്ചു നിന്നു.

മാവിൻ ചുവട്ടിലൂടെ യൂണിഫോം ധരിച്ച കുട്ടികൾ ഇംഗ്ലീഷ് പറഞ്ഞു നടന്നു നീങ്ങി.

സ്കൂളിൽ പോകുമ്പോഴും തിരിച്ചു വരുമ്പോഴും മാവ് കുട്ടികളെ നോക്കിച്ചിരിച്ചു.

വലിയ കൊമ്പുകൾ താഴ്ത്തി കുട്ടികളെ കളിക്കാൻ ക്ഷണിച്ചു.

കൊമ്പിൽ ഊഞ്ഞാലു കെട്ടി കളിക്കാൻ കുട്ടികളാരും വന്നില്ല.

അവർ മൊബൈലിൽ കളിച്ചു. ഇംഗ്ലീഷിൽ ചിരിച്ചു.

വീടും ക്ലാസും ട്യൂഷനുമായി നടന്ന കുട്ടികൾ, മാവ് അവരോട് പറയുന്നതൊന്നും കേട്ടില്ല.

മാവ് അച്ഛനെ നോക്കി.

''പ്രായമായി യാത്ര പറയുമ്പോഴെങ്കിലും ഞാൻ നിനക്ക് ഉപകാരപ്പെടും.''

മാവ് പറഞ്ഞു.

അച്ഛനും മാവ് പറഞ്ഞതൊന്നും കേട്ടില്ല. അച്ഛൻ ചുമലിൽ മുളച്ച ചിറകുകളുമായി പറന്നുനടന്നു.

സൂര്യൻ ഉണരുംമുമ്പ് വീട്ടിൽനിന്ന് പോവുകയും വീടുറങ്ങുമ്പോൾ മാത്രം തിരിച്ചെത്തുകയും ചെയ്തു.

ജോലിയും പണവും ബാങ്ക്ബാലൻസും മാത്രം മതിയായിരുന്നു അച്ഛന്.

മാവ് അമ്മയെ ദയനീയമായി നോക്കി. വാഷിംഗ് മെഷീനും ഓവനും ഫ്രിഡ്ജുമായി എപ്പോഴും സംസാരിച്ചുനടന്ന അമ്മയും മാവ് പറഞ്ഞതൊന്നും കേട്ടില്ല.

ഒടുവിൽ മാവ് പൂത്തു കായ്ച്ചു.

മാങ്ങകൾ ആരെയോ കാത്തിരുന്നു.

മാവിന്റെ സംസാരം ചില കിളികൾ മാത്രം കേട്ടു.

''കൊടും വെയിലിൽ പോലും തണലിൽ വന്നിരിക്കാൻ ആർക്കും നേരമില്ല.''

കുട്ടികൾ പായ്ക്കറ്റിൽ ലഭിക്കുന്ന മാംഗോ ജൂസ് കുടിച്ച് കവറുകൾ മുറ്റത്ത് മാവിൻചുവട്ടിലേക്കെറിഞ്ഞു.

''എനിക്ക് മതിയായി...'' മാവ് പറഞ്ഞു. എന്നിട്ട് പതുക്കെ മുറ്റത്ത് നിന്നു വലിയ ഗെയ്റ്റും തുറന്നു യാത്രയായി.

# മരംകേറിച്ചേച്ചി

**പി കെ ഗോപി**

*'മരംകേറിച്ചേച്ചീടെ*
*മുതുകത്തെ മുറിവീന്ന്*
*മുന്നാഴിച്ചോരവന്നു...*
*ഓ ാ ാ ായ്.... മുന്നാഴിച്ചോരവന്നേയ്....'*

നീട്ടിപ്പാടി രസിക്കുകയാണു ഞാൻ. പാടല്ലേ... പാടല്ലേന്ന് ചേച്ചി കണ്ണിറുക്കിക്കാണിച്ചു. പാടാതിരിക്കണേൽ പപ്പടം വേണമെന്ന് ഞാൻ ആംഗ്യം കാണിച്ചു. പാവം ചേച്ചി അടുക്കളയിൽപ്പോയി പൊള്ളിവീർത്ത പപ്പടവുമായി തിരിച്ചുവന്ന് എന്നെ പ്രീതിപ്പെടുത്തി, കാതിൽപ്പറഞ്ഞു.

''എടാ, പാടിയാലേ അമ്മയ്ക്കു മനസ്സിലാവും. അച്ഛനെങ്ങാനും അറിഞ്ഞുപോയാ... അടീടെ പൂരമാവും. പറഞ്ഞേക്കാം.''

''പൂ പറിക്കാൻ മരത്തേക്കേറുന്നത് എന്താ അത്ര വലിയ കുറ്റമാണോ?''

ഞാൻ സംശയം ചോദിച്ചു.

ചേച്ചി ഓടിവന്ന് എന്റെ വായ് പൊത്തി.

''മിണ്ടരുത്. ഓണമായിട്ട് എന്നെ തല്ലു കൊള്ളിക്കരുത്. നീ പറഞ്ഞിട്ടല്ലേ, ഞാൻ മരത്തേക്കേറിയത്? അത്തപ്പൂക്കളത്തിലിടാൻ വലിയ പൂ വേണമെന്ന് വാശിപിടിച്ചിട്ടല്ലേടാ ഞാൻ പൂവരശ്ശേൽ കേറിയത്? എന്നിട്ടിപ്പോ...''

ചേച്ചി ചിണുങ്ങിക്കരഞ്ഞു.

''പാടണ്ടാന്നൊണ്ടെങ്കി പപ്പടം താ... ഉപ്പേരീം പോരട്ടെ...''

എന്റെ ഭീഷണി കേട്ട് ചേച്ചി ആകെ വിഷമിച്ചു. അടുക്കളേപ്പോയി പപ്പടവും ഉപ്പേരിയും കട്ടെടുത്തു തന്നു.

മുറ്റത്ത് മനോഹരമായ അത്തക്കളം ചിരിച്ചു. ഒത്ത നടുക്ക് മഞ്ഞയും ചുവപ്പും

വര: വെങ്കി





കലർന്ന പൂവരശ്ശിൻപൂവ് ശോഭിച്ചു. അതിന്റെ കഥ പറഞ്ഞാ കൊറേ പറയേണ്ടിവരും. അത്തംനാൾ മുതൽ എല്ലാ ദിവസവും മുറ്റത്ത് പൂക്കളം നിറയും. നാട്ടിലുള്ള പൂവെല്ലാം കുട്ടികളുടെ കുരുന്നു വിരലുകളെ കാത്തിരിക്കും.

പറമ്പും തൊടിയും വരമ്പും കടന്ന് ഞങ്ങൾ മലയടിവാരത്തൊക്കെ പോകും. ഇപ്പോൾ ഓർക്കുമ്പോൾ പേടി തോന്നും. പാമ്പും കാട്ടുജന്തുക്കളും പതിയിരിക്കുന്ന വനത്തിൽ കയറി വള്ളിപ്പടർപ്പ് വകഞ്ഞുമാറ്റി പൂവിറുത്ത സാഹസിക കഥ!

ഞാനും ചേച്ചിയും വെളുപ്പിനെ പൂതേടി ഇറങ്ങിയതാണ്. മഞ്ഞു തോർന്നിട്ടില്ല. പാടത്തിനക്കരെ കുറ്റിക്കാടും തോടും കടന്ന്... ഒത്തിരി പൂ കിട്ടി. ഓലവട്ടി നിറഞ്ഞു. എന്റെ വള്ളിനിക്കറിന്റെ രണ്ടു പോക്കറ്റും കമ്മൽപ്പൂക്കളുടെ നിലവറയായി. കിട്ടിയതെല്ലാം കൊച്ചുപൂക്കൾ. ഇമ്മിണി വലിയ പൂ കിട്ടിയാലേ ശേലുള്ളൂ. അങ്ങനെയാണ് ഞാൻ പൂവരശിലേക്ക് ചൂണ്ടിയത്.

“ചേച്ചീ, വല്യ പൂവ് കണ്ടോ... കൊമ്പേ കേറിയാ പറിക്കാം.”

“നീളമുള്ള വടി കിട്ടിയിരുന്നെങ്കി തല്ലിയിടാമായിരുന്നു.” ചേച്ചിയുടെ അഭിപ്രായം എനിക്കു പിടിച്ചില്ല.

“തല്ലുകൊണ്ടാ പൂവിന്റെ ഇതളുകൾ ചതയും. പിന്നെന്തിനു കൊള്ളാം!”

“എന്നാ നീ കേറടാ...” ചേച്ചി വിളിച്ചുപറഞ്ഞു.

മരം കേറി ശീലിച്ചിട്ടില്ല. എങ്കിലും ഒരു കൈ നോക്കിയാലോ? നിക്കറിന്റെ പോക്കറ്റുനിറയെ മഞ്ഞക്കമ്മൽ പൂക്കളല്ലേ, അതെല്ലാം കേടുപറ്റാതെ പുറത്തെടുക്കണം.

“വേണ്ട, നീ കേറണ്ടാ, പിടിവിട്ടെങ്ങാനും വീണെങ്കി, എനിക്കു വയ്യ വഴക്കു കേക്കാൻ!”

ചേച്ചി മറ്റെന്തോ തീരുമാനിച്ചിട്ടുണ്ട്.

“മാറി നിന്നേ, ഞാനൊന്നു

നോക്കട്ടെ. നീ ഈ പൂക്കുട പിടിച്ചോ... ഞാൻ കേറാം.''

''യ്യോ... ചേച്ചി മരംകേറാനോ?''

എനിക്കു ഭയം തോന്നി.

''പിന്നെ പൂവ് തനിയെ താഴെ വരുമോ? വേണോങ്കി കേറണം. നീ ആരോടും പറയരുത്. പഴി കിട്ടും.''

''പൂ പറിക്കുന്നേന് കൊഴപ്പമുണ്ടോ?''

എന്റെ സംശയം.

''പെമ്പിള്ളാര് മരം കേറാൻ പാടില്ല. അറിയാവോ?''

ചേച്ചി നാലുപാടും നോക്കി. ആരുമില്ലെന്നുറപ്പു വരുത്തി. പൂക്കൂട എന്റെ കൈയിലേൽപ്പിച്ചു. പാവാട തെറുത്ത് മുട്ടിനു മുകളിലേക്ക് വരിഞ്ഞുമുറുക്കി പുറകിൽ കുത്തിവച്ചു. ചേച്ചി ശരിക്കും ഒരു മിടുക്കിതന്നെ. മുടി മുകളിൽ കെട്ടിയൊതുക്കിയപ്പോൾ കാണാൻ മറ്റൊരാൾ!

''ടാ... നീയാരോടും മിണ്ടിയേക്കരുത്... ട്ടോ.''


''ഉം... ഉം...''

ഞാൻ തലകുലുക്കി.

പൂവരശിന്റെ താഴെച്ചില്ലയിൽ പിടിച്ച് ചേച്ചി വലിഞ്ഞുകയറി. ശരീരം വളച്ച് കാലുയർത്തി, മുകളിലത്തെ കവരത്തിൽ പാദം അമർത്തി താഴേക്ക് എന്നെ നോക്കി.

എനിക്കു പേടി തോന്നി. വേണ്ടായിരുന്നു. ചേച്ചി ഒരു ചില്ലയിൽ കൂടി മുകളിലേക്കു പിടിമുറുക്കി പൂവിൽ എത്തിപ്പിടിച്ചു. ഹാ... കിട്ടിപ്പോയി. ഒന്നല്ല... നാലഞ്ചു പൂവരശ്ശിൻ പൂക്കൾ! പൂക്കളെല്ലാം താഴെ കാട്ടുപുല്ലിന്റെ മുകളിലിട്ടു. ഞാനതു പെറുക്കി കൂടയിൽ വച്ചു.

കയറിയതു പോലെ എളുപ്പമല്ല ഇറങ്ങാൻ.



കഷ്ടപ്പെട്ട് നിരങ്ങിയിറങ്ങുന്ന ചേച്ചിയെ കണ്ട് എനിക്കു വിഷമം തോന്നി.

''നല്ലോണം പിടിച്ചോ... ങാ... താഴേക്ക മ്പിൽ ചവിട്ട്.''

താഴെനിന്നു പറയാനെളുപ്പമാണ്. കയറു ന്നവർക്കേ പ്രയാസമറിയൂ...

യ്യോ! ചേച്ചിയുടെ കാൽതെന്നി. പിടിവിട്ടു. ചേച്ചി ഇലകളിൽ തട്ടി താഴെ വീണു.

''ഹമ്മേ... ചേച്ചീ വല്ലോം പറ്റിയോ?''

ഞാനോടിച്ചെന്നു. ചേച്ചി വേദനകൊണ്ടു പുളഞ്ഞു. പുറത്ത് ബ്ളൗസിനു മുകളിൽ ചോര. വീഴ്ചയിൽ ഒരു കുറ്റിച്ചെടിയുടെ ഉണ ക്കക്കമ്പ് തറച്ചതാണ്.

''ചോര... യ്യോ... ചേച്ചീ ദാ, ചോരയൊലി ക്കുന്നു.''

''നീ ആ ഇല പറിച്ച് ചോര ഒപ്പിക്കളഞ്ഞേ.''

കാലിലും കൈയിലും പറ്റിയ ചെറിയ പോറലുകൾ. സാരമില്ല. ഒരു കാട്ടില പറിച്ച് ഞാൻ ചോരയൊപ്പി. ചേച്ചിയുടെ മുഖം ചുവന്നു. കണ്ണുകൾ നിറഞ്ഞൊഴുകി. വേദന.

''ടാ... നീ ഇതാരോടും പറയല്ലേ. ഞാൻ മരത്തേൽ കേറിയെന്നറിഞ്ഞാലേ... അച്ഛന ടിക്കും. അമ്മ വഴക്കു പറയും.''

അതാണു പേടി.

''ഞാൻ പറയൂല്ല. സത്യം... ചേച്ചിയാണെ... അമ്മയാണെ... സത്യം...സത്യം.''

ഞാൻ വാക്കുകൊടുത്തു. ഒരു വിധം മുറി വിലെ ചോര നിന്നു. ചേച്ചിയുടെ കൈകാലു കൾ വിറയ്ക്കുന്നുണ്ട്. ചേച്ചി മുടിയഴിച്ചു കുടഞ്ഞ് പഴയതു പോലെയാക്കി പാവാട നേരെയാക്കി.

''വാ പോകാം... പൂക്കളെടുത്തോടാ.''

ചേച്ചി മുടന്തിനടന്നു. ഞാൻ പുറകെ. ചോരയൊപ്പിയ ഇലകളെ നോക്കി ഞാൻ യാത്ര പറഞ്ഞു.

അത്തക്കളം ഗംഭീരമാക്കി. കുത്തിയിരിക്കു മ്പോൾ ചേച്ചി വാ പൊളിച്ച് വേദന സഹി ക്കുന്നത് ഞാൻ കണ്ടു. കളത്തിനു നടുവിൽ പൂവരശിൻപൂക്കളുടെ ശോഭ നോക്കിയിരിക്കു മ്പോൾ ചേച്ചി ഞരങ്ങി.

''ആരോടും പറയല്ലേ!'' ചേച്ചി ഓർമിപ്പിച്ചു.

''പപ്പടം തന്നാ പറയൂല്ല!''

ഞാൻ കരാർ മുന്നോട്ടുവച്ചു.

പാവം ചേച്ചി, രഹസ്യം പുറത്തു വരാതി രിക്കാൻ എനിക്ക് ഉപ്പേരിയും പപ്പടവും കട്ടെ ടുത്തു തന്നു.

'മരംകേറിച്ചേച്ചീടെ
മുതുകത്തെ മുറിവീന്ന്
മുന്നാഴി ചോരവന്നു...''

എന്റെ നാവ് ചലിച്ചില്ല. ചേച്ചിയുടെ മുറിവിൽ തലോടി ഞാൻ തൊട്ടടുത്തിരുന്നു. ചേച്ചി മരം കേറിയതും വീഴ്ച പറ്റിയതും രഹസ്യമായി അവശേഷിച്ചു. പൂ നുള്ളാനോടിയപ്പോൾ ഇല്ലി ക്കമ്പ് കൊണ്ടുമുറിഞ്ഞുവെന്നതായിരുന്നു അമ്മയുടെ കാതിലെത്തിയ വാർത്ത.

ഞാൻ ഇടയ്ക്കിടെ ഉച്ചത്തിൽ പാടി ചേച്ചിയെ വട്ടം കറക്കി. വളർന്നിട്ടും... വർഷ ങ്ങളെത്ര കഴിഞ്ഞിട്ടും ഞങ്ങൾ കണ്ടുമുട്ടു മ്പോഴൊക്കെ ഞാൻ ഉറക്കെ പാടും. ചിരിക്കും.

'മരംകേറിച്ചേച്ചീടെ...'

ആ കൊല്ലം ഗ്രാമീണകലാസമിതിയുടെ പൂക്കളമത്സരത്തിൽ ഞങ്ങളുടെ കളം സമ്മാനം നേടി.

'കളത്തിന്റെ നടുവിൽ വച്ച പൂവരശ്ശിൻ പൂക്കൾ പ്രത്യേകതയായിരുന്നു.' എന്നാണ് വിധികർത്താക്കൾ എഴുതിയത്.

ഓണം സാംസ്കാരികസമ്മേളനത്തിൽ പൂക്കളമത്സരത്തിൽ സമ്മാനം വാങ്ങാൻ ഞാൻ വേദിയിലെത്തുമ്പോഴും ചുണ്ടിലുണ്ടാ യിരുന്നു ഒരു കള്ളപ്പാട്ട്, ആരും കേൾക്കാതെ:

'മരംകേറിച്ചേച്ചീടെ
മുതുകത്തെ മുറിവീന്ന്...'

സമ്മാനം വാങ്ങി വീട്ടിലെത്തുമ്പോൾ ചേച്ചി കയറ്റുകട്ടിലിൽ കിടക്കുകയായിരുന്നു. പുറത്തെ മുറിവിൽ അമ്മ മരുന്നു വച്ചു കൊടുത്തുവത്രെ.

''ചേച്ചീ, നമ്മുടെ പൂക്കളത്തിന് സമ്മാനം... ഇതാ പിടിച്ചോ...''

ഞാനുറക്കെ തട്ടിമൂളിച്ചു. 'മരംകേറിച്ചേ ച്ചീടെ...' എന്റെ പാട്ടു കേൾക്കാതിരിക്കാൻ ചേച്ചി വേദനയഭിനയിച്ച് ഉറക്കെക്കരഞ്ഞു. കരച്ചിലിന്റെ ശബ്ദത്തിൽ എന്റെ പാട്ടുമുങ്ങി. ദയനീയമായി ചേച്ചി എന്നെ നോക്കി, 'പാടല്ലേ' എന്ന് ആംഗ്യഭാഷയിലപേക്ഷിച്ചു.

എന്റെ നാവ് ചലിച്ചില്ല. ചേച്ചിയുടെ മുറി വിൽ തലോടി ഞാൻ തൊട്ടടുത്തിരുന്നു. ചേച്ചി മരംകേറിയതും വീഴ്ച പറ്റിയതും രഹ സ്യമായി അവശേഷിച്ചു. പൂ നുള്ളാനോടിയ പ്പോൾ ഇല്ലിക്കമ്പ് കൊണ്ടുമുറിഞ്ഞുവെന്നതാ യിരുന്നു അമ്മയുടെ കാതിലെത്തിയ വാർത്ത.

ഞാൻ വാങ്ങിയ സമ്മാനത്തിന് ചേച്ചി യുടെ വേദനയും ചോരയും ധൈര്യവും സാക്ഷികളായിരുന്നു. അതങ്ങനെയാണ്... ഓരോ സമ്മാനത്തിനു പുറകിലും നൊമ്പ രമുണർത്തുന്ന ഏതെങ്കിലുമൊരു കഥയു ണ്ടാവും!

# കല്പവൃക്ഷം

എസ് രമേശൻ നായർ

എന്നും നമ്മൾക്കു മാതൃകയാകുന്ന
തെങ്ങൊരു കല്പവൃക്ഷം
ദാഹത്തിന്നിളനീർമധുരം തരും
സ്നേഹത്തണൽ വിരിക്കും.

ഇഷ്ടംപോൽ നൽകിടും നാളികേരം അതു
വിറ്റാൽ പെരുത്തിടും ആദായം
ഒറ്റത്തടിയാണതെങ്കിലും ചിന്തിപ്പൂ
മറ്റുള്ളോരുടെ സന്തോഷം.


ഓല പഴുത്തുനിലത്തുവീണാൽ മെട-
ഞ്ഞോരോ കൂരയും മേഞ്ഞീടാം
ഓലയും മടലുമെരിച്ചീടാമീർക്കിലിൻ-
ചൂലാൽ മുറ്റമടിച്ചീടാം.

ഓലയാൽ പീപ്പിയും പന്തുമുണ്ടാക്കിടാം
ഓരോ വട്ടി മെടഞ്ഞിടാം
ചേലുള്ളൊരൂഞ്ഞാൽവടം തീർക്കാം പിന്നെ
വേലിയും തട്ടും തിരിച്ചീടാം.

കണ്ണൻചിരട്ടയിൽ മണ്ണെടുത്തങ്ങനെ
ഉണ്ണുന്ന ചോറും കറിക്കൂട്ടും
പായസംകൂടിയുമുണ്ടാക്കാം ബാല്യത്തെ
ഭാവനയൂട്ടി വളർത്തീടാം.

തെങ്ങിന്റെ പൂക്കുല വയ്ക്കുന്നു നാമോരോ-
മംഗളകർമ്മവും നന്നാവാൻ
പന്തലിടുന്നു കുരുത്തോലത്തോരണ-
ച്ചന്തങ്ങൾ തീർക്കുന്നു നാടെങ്ങും.

വര: സന്തോഷ് വെളിയന്നൂർ



തെങ്ങിൻതലപ്പിൽ കൊതുമ്പുകോഞ്ഞാട്ടയു-
ണ്ടെങ്ങും വിറകിനു പോകണ്ട.
വേരു മുതൽ തലയോളമുപകാരം
വേറൊരാളിങ്ങനെ ചെയ്യില്ല.

തെങ്ങിൻ തടിയാൽ കഴുക്കോലു തീർക്കുന്നു
ഭംഗിയിൽ വാതിലും വയ്ക്കുന്നു.
കട്ടിലുണ്ടാക്കുന്നു പെട്ടിയുണ്ടാക്കുന്നു
കട്ടിളച്ചട്ടങ്ങൾ തീർക്കുന്നു.

ആറ്റിലൊറ്റത്തടിപ്പാലമാകാൻ നമു-
ക്കക്കരെപ്പോയിടാൻ വന്നീടാൻ
പണ്ടേ കിടക്കുന്ന തെങ്ങിൻതടിക്കിന്നു
മുണ്ടേ കരുത്തെല്ലാം താങ്ങീടാൻ

തേങ്ങയരച്ചു കൂട്ടുമ്പോൾ കറിക്കുള്ള-
മേന്മയീ നാവിലൊതുക്കാമോ
തേങ്ങാപ്പാൽ ചേർത്ത പായസം നൽകുന്ന
തേനിൻ മധുരം മറക്കാമോ?

തേങ്ങാവെളിച്ചെണ്ണ നമ്മുടെയമ്പല-
ത്തേവർക്ക് വെട്ടം കൊളുത്തുന്നു
എണ്ണയില്ലെങ്കിൽ വരളുന്ന ജീവിത-
മെങ്ങനെ മുമ്പോട്ടുപോകുന്നു?

തൊണ്ടും ചകിരിയും ചീയിച്ചെടുത്തിട്ട്
വേണ്ടുവോളം കയറുണ്ടാക്കാം
പണ്ടുതൊട്ടേ കയറുൽപ്പന്നം കൊണ്ടുപേ-
രുണ്ടു നമുക്കയൽ നാടെങ്ങും.

എന്നും നമ്മുടെ മുറ്റത്തു നിൽക്കുന്ന
തെങ്ങൊരു മാതൃകയാകുന്നു.
തെങ്ങിൻതൈ നട്ടുനനച്ചുവളർത്തുമ്പോൾ
നമ്മളും മാതൃകയാകുന്നു.

കഥ

# ഉണ്ണിയപ്പക്കണ്ണൻ

ചന്ദ്രമതി

ദ്യുതിമോൾ എന്നും സ്കൂളിൽനിന്നു വരുന്നത് ഒരുകെട്ട് വിശേഷങ്ങളുമായാണ്. എൽ കെ ജിയിലാണെങ്കിലും അവളുടെ കൊച്ചുവാർത്തകൾക്ക് അന്താരാഷ്ട്രപ്രാധാന്യം കേൾക്കുന്നവർ കൊടുക്കണമെന്ന് ദ്യുതിക്കു നിർബന്ധമാണ്. അന്ന് ഒരു പരാതിവാർത്തയായിരുന്നു അവൾക്കു പറയാനുണ്ടായിരുന്നത്.

''ഇന്ന് ചോറിന്റെ കൂടെ അമ്മ കാരറ്റ് കഷണങ്ങൾ വച്ചു തന്നില്ലേ? അത് രാജേഷ് കെ ആർ എടുത്തു തിന്നുകളഞ്ഞു.''

''അയ്യോ മോൾക്ക് ഒന്നും കിട്ടിയില്ലേ?'' 'അമ്മൂ' എന്ന് അവൾ വിളിക്കുന്ന അമ്മൂമ്മ ചോദിച്ചു.

''ഒരു കഷണമേ കിട്ടിയുള്ളൂ.''

''ആ കുട്ടി നേരേ വന്ന് എടുത്തുകൊണ്ടുപോയോ?''

''അല്ല. ആ കുട്ടി കാരറ്റ് എനിക്കുംകൂടി തരുമോ എന്നു ചോദിച്ചു. ഞാൻ തരൂല്ലെന്നു പറഞ്ഞു. അപ്പം ആ കുട്ടി എന്റെ ലഞ്ച് ബോക്സീന്ന് വാരി എടുത്തു തിന്നു. എനിക്ക് ഒരു കഷണമേ കിട്ടിയുള്ളൂ.''

''അവൻ ചോദിച്ചപ്പോൾ കൊടുത്തിരുന്നെങ്കിൽ അങ്ങനെ ചെയ്യില്ലായിരുന്നു.''

''അതെങ്ങനെ കൊടുക്കും അമ്മൂ? കാരറ്റ് എന്റെയല്ലേ?''

''മോൾടേതാണെങ്കിലും ആരെങ്കിലും



വര: സുധീർ പി വൈ

ചോദിച്ചാൽ കൊടുക്കണം. ഷെയർ ചെയ്യുന്നതിനെക്കുറിച്ച് ബിന്ദുടീച്ചർ ഇന്നാളിൽ പറഞ്ഞുതന്നില്ലേ? നല്ല കുട്ടികളൊക്കെ അങ്ങനെയാണ്. പ്രത്യേകിച്ചും ആരെങ്കിലും ആഹാരം ചോദിച്ചാൽ ഷെയർ ചെയ്യണം.''

''രാജേഷ് കെ ആർ കാരറ്റ് എടുത്തൂന്ന് ഞാൻ ബിന്ദുമാമിനോടു പറഞ്ഞു കൊടുത്തു. ബിന്ദുമാം രാജേഷ് കെ ആറിനെ വഴക്കു പറഞ്ഞു. ഇനി അങ്ങനെ ചെയ്യരുതെന്നു പറഞ്ഞു.''

''പാവം രാജേഷിനു വഴക്കു വാങ്ങിച്ചുകൊടുത്തു അല്ലേ?''

''ആ കുട്ടി പാവമൊന്നുമല്ല. എന്റെ കാരറ്റെടുത്തു തിന്ന കുട്ടി എങ്ങനെ പാവമാകും?''

''ശരി'' അമ്മു പറഞ്ഞു.

''മോൾ ഡ്രസ്സുമാറി ചായ കുടിച്ചുവന്നിട്ട് അമ്മു ഒരു കഥ പറഞ്ഞുതരാം. അമ്പാടിയിൽ ഉണ്ണിയപ്പമുണ്ടാക്കിയിട്ട് ഷെയർ ചെയ്യാത്ത ഒരാളോട് കൃഷ്ണൻ എന്താ ചെയ്തതെന്ന കഥ.''

ശ്രീകൃഷ്ണന്റെ ബാല്യകാലകഥകൾ അമ്മു പറയുന്നതു കേൾക്കാൻ ദ്യുതിക്കു വലിയ ഇഷ്ടമാണ്. അവൾ വേഗം ചായയും ഇലയടയും കഴിച്ചുതീർത്തു.

''പറയൂ അമ്മൂ. ഉണ്ണിയപ്പത്തിന്റെ കഥ പറയൂ.''

അമ്മൂ പറഞ്ഞുതുടങ്ങി

''ഒരുദിവസം പതിവുപോലെ കൃഷ്ണനും കൂട്ടുകാരും അമ്പാടിയിൽ തകർത്ത കളികളിലായിരുന്നു. പശുക്കുട്ടികൾക്കു പുറകെ ഓടുക, ഒളിച്ചുകളിക്കുക, മരത്തിൽക്കയറുക, കിളിക്കൂടുകൾ പരിശോധിക്കുക അങ്ങനെ ഒരുപാടു കളികൾ. കൃഷ്ണൻ പൂതനയെ കൊന്നതും ശകടാസുരനെ കൊന്നതും തൃണാവർത്തനെ കൊന്നതുമൊക്കെ അഭിനയിച്ചു കളിക്കുന്നതും ഇടയ്ക്കുണ്ട്. കളിക്കിടയിലെ വിശ്രമവേളയിൽ മരച്ചുവട്ടിൽ വട്ടത്തിലിരുന്ന് കഥകൾ പറയുമ്പോഴാണ് സുദേവന് ഒരു മണം കിട്ടിയത്.

''ഹായ്! ഉണ്ണിയപ്പത്തിന്റെ മണം വരുന്നുണ്ട്!''

കൃഷ്ണനും മറ്റു കൂട്ടുകാരും വായു വലിച്ചെടുത്തു ശ്വസിച്ചു. അവർക്കും കിട്ടി ഉണ്ണിയപ്പത്തിന്റെ മണം.

''ശരിയാണ് ഏതോ വീട്ടിൽ ഉണ്ണിയപ്പം ഉണ്ടാക്കുന്നുണ്ട്.''

തെല്ലു പരുങ്ങലോടെ പ്രകാശൻ പറഞ്ഞു.

കുട്ടികളെല്ലാം പ്രകാശന്റെ വീട്ടുമുറ്റത്തെത്തി. മുറ്റത്തെ ചെടികളിലും പൂക്കളിലും വരെ ഉണ്ണിയപ്പത്തിന്റെ മണം പരന്നിരുന്നു. കൃഷ്ണൻ പ്രകാശനോടു പറഞ്ഞു.

''ഞങ്ങൾ ഇവിടെ നിൽക്കാം. നീ പോയി മോഹിനിയമ്മയോടു ഞങ്ങൾ വന്നിട്ടുണ്ട്, ഉണ്ണിയപ്പം തരാൻ പറയൂ.''

പേടിച്ചുപേടിച്ച് പ്രകാശൻ അടുക്കളയിലേക്കു ചെന്നു. നെയ്യിന്റെ മണം, മൂക്കുന്ന അരിമാവിന്റെ, ശർക്കരയുടെ, തേങ്ങയുടെ മണം. നിലത്തിരുന്ന് അമ്മ ഉണ്ണിയപ്പം ഇളക്കിയിടുകയാണ്. അടുപ്പിനരികിൽ നൂർത്തു വച്ച വാഴയില നിറയെ ഉണ്ണിയപ്പങ്ങൾ.

**പേടിച്ചുപേടിച്ച് പ്രകാശൻ അടുക്കളയിലേക്കു ചെന്നു. നെയ്യിന്റെ മണം മൂക്കുന്ന അരിമാവിന്റെ, ശർക്കരയുടെ, തേങ്ങയുടെ മണം. നിലത്തിരുന്ന് അമ്മ ഉണ്ണിയപ്പം ഇളക്കിയിടുകയാണ്. അടുപ്പിനരികിൽ നൂർത്തു വച്ച വാഴയില നിറയെ ഉണ്ണിയപ്പങ്ങൾ.**

**ശബ്ദംകേട്ട് മോഹിനി തിരിഞ്ഞുനോക്കി.**

ശബ്ദംകേട്ട് മോഹിനി തിരിഞ്ഞുനോക്കി.

''ആ, മോൻ വന്നോ? കളിയൊക്കെ നേരത്തെ തീർന്നോ? ഉണ്ണിയപ്പം എടുത്തുകഴിക്ക്.''

''അമ്മേ... അത്...''

''എന്താ മോനേ?''

''എന്റെ കൂട്ടുകാരൊക്കെ പുറത്തുനിൽക്കുകയാ അമ്മേ. അവർക്കു ഉണ്ണിയപ്പം വേണമെന്ന്. കണ്ണനുമുണ്ട്.''

''നിന്നോടു പറഞ്ഞതല്ലേ അവരോടു പറയരുതെന്ന്?''

''ഞാൻ പറഞ്ഞതല്ല. അവർക്കു മണംകിട്ടി വന്നതാ.''

''ഉം ശരി. എത്ര പേരുണ്ട്?''

''ഞങ്ങൾ പതിനഞ്ചു പേരുണ്ട്.''

''എന്റെ വീട്ടിലാണ്.''

''എന്താടാ നേരത്തെ പറയാത്തത്?''

കുട്ടികൾ ദേഷ്യപ്പെട്ടു.

''നമുക്കു വേഗം പോകാം. മോഹിനിയമ്മ നമുക്കെല്ലാം ഉണ്ണിയപ്പം തരും.''

പ്രകാശൻ കുട്ടികളെ തടഞ്ഞിട്ട് കൃഷ്ണനോടു പറഞ്ഞു.

''വേണ്ട കണ്ണാ, അമ്മ അമ്മൂമ്മയ്ക്ക് കൊടുക്കാനാണ് ഉണ്ണിയപ്പം ഉണ്ടാക്കുന്നത്. കുറച്ചേ ഉണ്ടാക്കിയുള്ളൂ. നിങ്ങളോടു പറയരുതെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്.''

''അങ്ങനെ പറഞ്ഞോ?''

കൃഷ്ണൻ ചിരിച്ചു.

''എങ്കിലവിടെ പോയിട്ടു തന്നെ കാര്യം!''

''പതിനഞ്ചുപേരോ? അത്രയുംപേർക്കു കൊടുക്കാനുള്ള ഉണ്ണിയപ്പമൊന്നും ഇവിടെയില്ല. പോ. പോ. നിനക്കു വേണമെങ്കിൽ ഒന്നോ രണ്ടോ എടുത്തു കഴിക്ക്.''

'എനിക്കുവേണ്ട' എന്നു ദേഷ്യത്തിൽ പറഞ്ഞ് പ്രകാശൻ പുറത്തുകടന്നു.

''മോഹിനിയമ്മ അങ്ങനെ പറഞ്ഞോ?''

കൃഷ്ണൻ ചിരിച്ചു.

''നമുക്കു നോക്കാം.''

ഉണ്ണിയപ്പമെല്ലാം ഒരു കലത്തിൽ അടുക്കിവച്ച് വാഴയിലകൊണ്ട് കലത്തിന്റെ വായടച്ചുകെട്ടി മോഹിനി എഴുന്നേറ്റു. കൃഷ്ണന്റെ കുസൃതികളെയും കഴിവുകളെയും അറിയുന്നതുകൊണ്ട് അവർക്കു പേടിയുണ്ടായിരുന്നു. അവർ ഉണ്ണിയപ്പക്കലം ഉറിയിൽവച്ച് ഉയർത്തിക്കെട്ടി. കുട്ടികൾക്ക് എത്തുകയില്ലെന്ന് ഉറപ്പുവരുത്തി. പിന്നെ മുടി നിറച്ചെണ്ണതേയ്ച്ച് പയർപ്പൊടിയും ഇഞ്ചയും കൈയിലെടുത്ത് കുളിക്കാനായി നദിയിലേക്കുപോയി.

ആ തക്കത്തിന് കൃഷ്ണനും കൂട്ടുകാരും അടുക്കളയിൽ കടന്നു.

''കണ്ണാ, ഇതെന്തു പൊക്കത്തിലാണ് ഈ ഉറി! നമ്മളെങ്ങനെയെടുക്കും?''

കൃഷ്ണൻ പ്രകാശനോട് നിലത്ത് കൈകൾകുത്തി നിൽക്കാൻ പറഞ്ഞു. സന്ദീപനോട് പ്രകാശന്റെ മുകളിൽക്കയറി അങ്ങനെ നിൽക്കാൻ പറഞ്ഞു. അതിനുമുകളിൽ സുദേവൻ. പിന്നെ സുതീക്ഷണൻ. അങ്ങനെ കുട്ടികൾ ഒന്നിനുമുകളിലൊന്നായി മനുഷ്യ-ഏണിതീർത്തു. ഏറ്റവും മുകളിലെത്തിയ കുട്ടി ഉണ്ണിയപ്പക്കലം പൊക്കിയെടുത്തു.

അവിടെത്തന്നെ വട്ടമിട്ടിരുന്ന് കുട്ടികൾ സ്വാദുള്ള ഉണ്ണിയപ്പം തിന്നുതീർത്തു. ഒഴിഞ്ഞ കലത്തെ എല്ലാവരും സംതൃപ്തരായി നോക്കി.

**കൃഷ്ണൻ കുട്ടികളെ പശുത്തൊഴുത്തിലേക്കു നയിച്ചു. കലവും ചുമന്ന് പ്രകാശൻ കൂടെയുണ്ടായിരുന്നു. അവിടെ പശുക്കളിട്ട ചൂടുള്ള ചാണകം അവർ ഉണ്ണിയപ്പത്തിന്റെ ആകൃതിയിൽ ഉരുട്ടിയെടുത്തു. കലം നിറയെ 'ഉണ്ണിയപ്പം' ആയപ്പോൾ വാഴയിലക്കീറുകൊണ്ട് വായ് മൂടിക്കെട്ടി ഉറിയിൽ വച്ച് പഴയപടി അവർ കെട്ടിയുയർത്തി.**

''നീ എന്താ പ്രകാശാ കരയാൻ പോകുന്നത്?''

കൃഷ്ണൻ ചോദിച്ചു.

''നിങ്ങൾക്കൊക്കെ അങ്ങുപോകാം.''

പ്രകാശൻ വിതുമ്പി.

''തല്ലുകൊള്ളുന്നതു ഞാനല്ലേ?''

കൃഷ്ണൻ വീണ്ടും ചിരിച്ചു.

''അതിനു നമുക്കൊരു വഴിയുണ്ടാക്കാം.''

കൃഷ്ണൻ കുട്ടികളെ പശുത്തൊഴുത്തിലേക്കു നയിച്ചു. കലവും ചുമന്ന് പ്രകാശൻ കൂടെയുണ്ടായിരുന്നു. അവിടെ പശുക്കളിട്ട ചൂടുള്ള ചാണകം അവർ ഉണ്ണിയപ്പത്തിന്റെ ആകൃതിയിൽ ഉരുട്ടിയെടുത്തു. കലം നിറയെ 'ഉണ്ണിയപ്പം' ആയപ്പോൾ വാഴയിലക്കീറുകൊണ്ട് വായ് മൂടിക്കെട്ടി ഉറിയിൽ വച്ച് പഴയപടി അവർ കെട്ടിയുയർത്തി.

പിന്നെയവർ കളിക്കാൻ പോയി.

'ഉണ്ണിയപ്പക്കണ്ണൻ! ഉണ്ണിയപ്പക്കണ്ണൻ' എന്നവർ ആർത്തുവിളിക്കുന്നുണ്ടായിരുന്നു.

കുളികഴിഞ്ഞെത്തിയ മോഹിനി ആദ്യം നോക്കിയത് കലം അവിടെയുണ്ടോ എന്നായിരുന്നു. ഉണ്ടെന്നു കണ്ടപ്പോൾ 'ഈ മോഹിനിയോടു കളിക്കാൻ ഒരു കൃഷ്ണനും വളർന്നിട്ടില്ല.' എന്നുപറഞ്ഞു ചിരിച്ചുകൊണ്ട് അവർ ഉടുത്തൊരുങ്ങി.

നാലു ഗോശാലകൾക്കപ്പുറത്താണ് മോഹിനിയുടെ അമ്മ താമസിക്കുന്നത്. പ്രായംചെന്ന അവർക്ക് കണ്ണു നേരെ കാണില്ല. എങ്കിലും കാലൊച്ച കേട്ടപ്പോൾ അവർ ചോദിച്ചു.

''ആരാ അത്? മോഹിനിയാണോ?''

''അതെ അമ്മേ. ഞാൻ തന്നെ.''

''എത്രനാളായി നിന്നെക്കണ്ടിട്ട്! വാ ഇങ്ങടുത്തുവാ.''

മോഹിനി കലം അമ്മയുടെ കൈയിൽ കൊടുത്തു.

''കുറച്ച് ഉണ്ണിയപ്പമാ അമ്മേ.''

പിന്നെ അവർ അമ്മയുടെ പാദം തൊട്ടു വന്ദിച്ചു.

''ഹായ് ഉണ്ണിയപ്പം!''

അവർ പല്ലില്ലാത്ത മോണ കാട്ടിച്ചിരിച്ചു.

''ഉണ്ണിയപ്പം തിന്നാൻ കൊതിച്ചിരിക്കുകയായിരുന്നു.''

കലത്തിന്റെ വായ്ക്കെട്ട് അഴിച്ചുമാറ്റാൻ മോഹിനി സഹായിച്ചു. അപ്പോൾ മോഹിനിയുടെ സഹോദരന്റെ മക്കളും കൊതിയോടെ അടുത്തുകൂടി.

അമ്മ ആർത്തിയോടെ കലത്തിനുള്ളിലേക്ക് കൈയിട്ടു.

''ശരിക്കു വെന്തില്ലേ മോഹിനി?''

അവർ ചോദിച്ചു.

''കൊഴകൊഴാന്ന് കൈയിലൊക്കെ ഒട്ടുന്നു.''

കഥ ഇതുവരെയായപ്പോഴേക്കും ദ്യുതിമോൾക്ക് ചിരിപൊട്ടാൻ തുടങ്ങി. ചാണകത്തിൽ കൈകൊണ്ടിടുന്ന





പാവം മുത്തശ്ശി!

''തണുത്തുപോയതുകൊണ്ടാവും അമ്മേ. അമ്മ കഴിച്ചുനോക്ക് നല്ല സ്വാദാ.''

വൃദ്ധയായ അമ്മ ആർത്തിയോടെ ഒരു ചാണക ഉരുള എടുത്ത് വായിൽവച്ചു.

''ഭൂ!'' ശക്തിയായവർ പുറത്തേക്കു തുപ്പി. പിന്നെ ഛർദ്ദിക്കുവാൻ തുടങ്ങി.

ദ്യുതി ഉരുണ്ടു ചിരിക്കാൻ തുടങ്ങി. ''ഹഹഹഹ'' അമ്മൂ, അതെങ്ങനെയെന്നു കാണിച്ചുതരൂ. പ്ലീസ്.''

ദ്യുതിക്കു കഥപറഞ്ഞു കൊടുക്കുമ്പോൾ ചിലപ്പോൾ അമ്മുവിന് അഭിനേയിക്കേണ്ടിവരും. അമ്മു പല്ലില്ലാ മുത്തശ്ശിയായി ചാണകം വായിലിട്ട ഭാഗം അഭിനയിച്ചു കാണിച്ചു. ''ഭൂ...പ്ർർർ...ഗ്വാ...''

ദ്യുതി ചിരിച്ചുകുഴഞ്ഞ് വയറ്റിൽ കൈവച്ചു.

''മതി, മതിയമ്മൂ. എനിക്ക് ശ്വാസം മുട്ടുന്നു.''

അവൾ ചിരിച്ചുകൊണ്ടേയിരുന്നു.

''കഥ മതിയോ?''

''കഥ വേണം.''

അവൾ ചിരി നിർത്തി.

''ഷെയർ ചെയ്യുന്നിടമൊന്നും പറഞ്ഞില്ലല്ലോ അമ്മൂ.''

''മോഹിനി ഉണ്ണിയപ്പം കുട്ടികളുമായി ഷെയർ ചെയ്തില്ലല്ലോ...''

'' അതിനു പാവം മുത്തശ്ശിയല്ലേ ചാണകം തിന്നത്?'' മോഹിനിയല്ലല്ലോ...''

''അതെ. എന്നാലേ മോഹിനിക്കു ശിക്ഷ കിട്ടൂ. ബാക്കി കേട്ടോളൂ...''

ദ്യുതിമോൾ നിവർന്നിരുന്നു.

''മോഹിനീ, കണ്ണില്ലാത്ത പാവം വയസ്സിത്തള്ളയെ എന്തിനു പറ്റിക്കുന്നു നീ?''

വൃദ്ധ ദേഷ്യപ്പെട്ടു.

''അയ്യോ, അമ്മേ മാപ്പു തരണേ. ഞാനറിഞ്ഞുകൊണ്ടല്ല.''

മോഹിനി കരയാൻ തുടങ്ങി. മോഹിനിയുടെ സഹോദരനും ഭാര്യയുമൊക്കെ അവരെ വഴക്കുപറഞ്ഞു. കുട്ടികൾ വെറുപ്പോടെ നോക്കി.

''പോ എന്റെ മുമ്പീന്നു പോ.''

ഊന്നി നടക്കുന്ന കമ്പു കൊണ്ട് വൃദ്ധ മോഹിനിയെ തലങ്ങും വിലങ്ങും അടിച്ചു. കരഞ്ഞുകൊണ്ട് മോഹിനി നടന്നുപോയി.

വീട്ടിൽ ചെന്നപ്പോൾ തല്ലു പ്രതീക്ഷിച്ചുകൊണ്ട് പേടിയോടെ പ്രകാശൻ പരുങ്ങിനിൽക്കുന്നുണ്ടായിരുന്നു.

''തൃപ്തിയായല്ലോ നിനക്കും നിന്റെ കൃഷ്ണനും?''

മോഹിനി ചോദിച്ചു.

''എനിക്കറിയാം അവനാണിതിന്റെ പിന്നിലെന്ന്. എനിക്കു കിട്ടിയ തല്ലും ശകാരവും എത്രയാണെന്നു നിനക്കറിയുമോ?''

മോഹിനി നിലത്തിരുന്ന് മുട്ടിൽ തലതാഴ്ത്തി കരയാൻ തുടങ്ങി. പ്രകാശൻ വിഷമിച്ചുനിന്നു.

തന്റെ തലയിൽ ആരോ മൃദുവായി തലോടുന്നത് മോഹിനി അറിഞ്ഞു.

**കൃഷ്ണൻ കലത്തിന്റെ വായ്ക്കെട്ട് അഴിച്ച് ഒരുണ്ണിയപ്പം എടുത്ത് വായിലിട്ടു. ഒന്ന് പ്രകാശനും കൊടുത്തു. കലം തുറന്നപ്പോൾ തന്നെ രുചിയുള്ള നറുമണം അന്തരീക്ഷത്തിൽ പരന്നു. ഈ ലോകത്തൊന്നും ഇത്ര സ്വാദുള്ള ഉണ്ണിയപ്പമുണ്ടാവില്ലെന്ന് അതു കഴിച്ചപ്പോൾ മോഹിനിക്കു തോന്നി.**

സുഖവും ആശ്വാസവും പകരുന്ന സ്പർശം. അവൾ മുഖമുയർത്തി നോക്കിയപ്പോൾ മുന്നിൽ കുസൃതിച്ചിരിയുമായി സുന്ദരനായ കൃഷ്ണൻ! ഹൃദയത്തിൽ നിറയെ സ്നേഹവും കുളിർമയും നിറയുന്നത് മോഹിനിയറിഞ്ഞു.

ദ്യുതിമോളുടെ മുഖത്തും ഒരു നല്ല ഭാവവും മനോഹരമായ ചിരിയും നിറഞ്ഞു.

''കണ്ണാ...''

മോഹിനി എഴുന്നേറ്റു

''അമ്മേ,''

കൃഷണൻ വിളിച്ചു.

''എന്റെ യശോദയമ്മ ഇതാ ഒരു കലം നിറയെ ചൂടുള്ള ഉണ്ണിയപ്പം ഉണ്ടാക്കി തന്നയച്ചിട്ടുണ്ട്. ഇതു മുത്തശ്ശിക്കു കൊണ്ടുകൊടുത്തോളൂ.''

മോഹിനി ഒന്നു സംശയിച്ചുനിന്നു. ഇനി ഇതിനുള്ളിലെന്താവുമോ?

''അമ്മയ്ക്കെന്നെ വിശ്വാസമില്ല, അല്ലേ?''

കൃഷ്ണൻ കലത്തിന്റെ വായ്ക്കെട്ട് അഴിച്ച് ഒരുണ്ണിയപ്പം എടുത്ത് വായിലിട്ടു. ഒന്ന് പ്രകാശനും കൊടുത്തു. കലം തുറന്നപ്പോൾ തന്നെ രുചിയുള്ള നറുമണം അന്തരീക്ഷത്തിൽ പരന്നു.

''അമ്മയും ഒന്ന് കഴിച്ചു നോക്കൂ.''

കൃഷ്ണൻ ഉണ്ണിയപ്പം മോഹിനിക്കു നൽകി. ഈ ലോകത്തൊന്നും ഇത്ര സ്വാദുള്ള ഉണ്ണിയപ്പമുണ്ടാവില്ലെന്ന് അതു കഴിച്ചപ്പോൾ മോഹിനിക്കു തോന്നി.

''എന്റെ അച്ഛന്റെ വില്ലുവണ്ടി പുറത്തുണ്ട്.''

കൃഷ്ണൻ പറഞ്ഞു.

''അമ്മ അതിൽക്കയറി പോയിട്ടുവരൂ. വെയിലത്തു നടക്കണ്ട. പ്രകാശനും കൂടെ വരും.''

പ്രകാശൻ ഉണ്ണിയപ്പക്കലം കൈയിലെടുത്തു. അപ്പോൾ കൃഷ്ണൻ പറഞ്ഞു.

''ഞങ്ങൾ കുട്ടികളല്ലേ അമ്മേ? ഞങ്ങൾക്ക് അമ്മയുടെ ഉണ്ണിയപ്പം അത്ര ഇഷ്ടമായതുകൊണ്ടല്ലേ വന്നു ചോദിച്ചത്? അമ്മമാർ ഞങ്ങൾക്ക് അന്നം തന്നില്ലെങ്കിൽ പിന്നെ ആരാണു തരിക?''

മോഹിനിയുടെ കണ്ണുകൾ നിറഞ്ഞു.

''ഇനി എന്തുണ്ടാക്കിയാലും മക്കളേ, നിങ്ങൾക്കു തന്നിട്ടേ ഈ അമ്മ എടുക്കൂ...''

മോഹിനിയും പ്രകാശനും കയറിയ വില്ലുവണ്ടി പാഞ്ഞുപോയി. നോക്കിനിന്ന കൃഷ്ണന്റെ മുഖത്ത് ഒരു കള്ളച്ചിരിയുണ്ടായിരുന്നു. അവൻ കള്ളക്കണ്ണനല്ലേ!

അമ്മു കഥ പറഞ്ഞു തീർത്തു.

''കള്ളക്കണ്ണൻ! ഉണ്ണിയപ്പക്കണ്ണൻ!''

ദ്യുതി ചിരിച്ചു. പിന്നെ അവൾ പറഞ്ഞു.

''അമ്മയോടു പറയണം നാളെ കാരറ്റ് കഷ്ണങ്ങൾ കൂടുതൽ വയ്ക്കാൻ. അപ്പോൾ ചോദിക്കുന്നവർക്ക് കൊടുക്കാമല്ലോ.''

''നല്ല കുട്ടി.''

അമ്മുവും ദ്യുതിയും ഒരു സ്നേഹക്കെട്ടിപ്പിടുത്തത്തിനുള്ളിലായി.

# ഫോണോണം

പി വി കൃഷ്ണൻ



# ഓണക്കോടിയും കണക്കിലെ കോടിയും

**പള്ളിയറ ശ്രീധരൻ**



മറ്റുള്ളവരുടെ ഓണത്തിന് വ്യത്യസ്തമായി എനിക്ക് ഓണത്തിന് ഒരു പ്രത്യേകതയുണ്ട്. എന്റെ അച്ഛന്റെ ജന്മദിനം ചിങ്ങമാസത്തെ തിരുവോണമാണ്. അതിനാൽ എനിക്ക് ഓണാഘോഷം അച്ഛന്റെ ജന്മദിനാഘോഷം കൂടിയാണ്. ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ എനിക്കീ വർഷം അച്ഛന്റെ ജന്മശതവാർഷികം ആഘോഷിക്കാമായിരുന്നു.

അക്കാലത്ത് റെഡി മെയ്ഡ് വസ്ത്രങ്ങൾ പ്രചാരത്തിലുണ്ടായിരുന്നില്ല. അതുകൊണ്ട് കുറെ ദിവസങ്ങൾക്കുമുമ്പുതന്നെ എനിക്ക് ഓണക്കോടിയെടുക്കും. അത് അച്ഛന്റെ സുഹൃത്തായ ടൈലർ അനന്തേട്ടന് തയ്ക്കാൻ കൊടുക്കും. എന്തായാലും ഓണത്തിനു ധരിക്കാൻ ഓണക്കോടി തയ്യാറായിരിക്കും. ടൈലർമാർ അക്കാലത്ത് ഭയങ്കര തിരക്കിലായിരിക്കുമെങ്കിലും ഓണത്തിന് എനിക്ക് കോടി ഉറപ്പിച്ചിരിക്കും. തിരക്കുകാരണം കോടി തയ്ച്ചു കിട്ടാത്തവർക്കുള്ള വിഷമം പലരും അനുഭവിച്ചിരുന്നു. ചിലർക്ക് ഓണംകഴിഞ്ഞ് രണ്ടാഴ്ചയൊക്കെ കഴിഞ്ഞേ ഓണക്കോടി ധരിക്കാനുള്ള ഭാഗ്യം ലഭിക്കാറുണ്ടായിരുന്നുള്ളൂ.

അത്തം പത്തോണം എന്നാണല്ലോ ചൊല്ല്. ഇത് ഓണവും ഗണിതവും തമ്മിലുള്ള ഒരു ബന്ധം വ്യക്തമാക്കുന്നു. ഓണക്കോടിപോലെ കണക്കിലും ഉണ്ട് ഒരു കോടി. ഏഴു പൂജ്യങ്ങളുള്ള ഒരു സംഖ്യയാണല്ലോ കോടി. പല ലോട്ടറികളുടെയും സമ്മാനത്തുക ഒരു കോടിയും അതിലേറെയുമുണ്ട്. ഒരു ലോട്ടറിയിൽ ഒരുകോടി രൂപ സമ്മാനം ലഭിച്ചുവെന്നിരിക്കട്ടെ. വെറും ഭാവനയാണ് എന്ന് വെച്ചോളൂ. ഈ തുക ഒറ്റ രൂപയുടെ നോട്ടുകളായിട്ടാണ് കിട്ടുന്നത് എന്നും വിചാരിക്കുക. ഈ നോട്ടുകൾ ഒന്നിനുമുകളിൽ ഒന്നായി ഒരു തൂണായി വയ്ക്കുന്നു എന്നു കരുതുക. വെറും ഭാവനയായതിനാൽ മറിഞ്ഞുവീഴുന്ന പ്രശ്നമില്ല. ഏകദേശം എത്ര ഉയരമുണ്ടായിരിക്കും?




എ കെ ഗോപീദാസ്

കവിത

# ഓണത്തുമ്പിയെത്തേടി

ഗിരീഷ് പുലിയൂർ



ഓണത്തുമ്പീ നിന്നെക്കാണാൻ
കാണുമിടങ്ങളിലൊക്കെയലഞ്ഞു
ഓടുന്നവണ്ടിയിൽ കണ്ടില്ലാ, മട*
വീഴുന്ന റോട്ടിലും കണ്ടില്ല
ഓടിക്കിതച്ചു നടക്കുന്നോരുടെ
ഓർമയിൽപ്പോലും കണ്ടില്ല
പുതിയൊരു ചിങ്ങക്കാളവലിക്കും
തേരിന്റെ തണ്ടിലും കണ്ടില്ല.

വട്ടിനിറയ്ക്കാൻ പൂവുകൾ തെണ്ടി
നടക്കും കുട്ടികൾ കണ്ടില്ല
'പുത്തരിയൂണി'നു കറികളൊരുക്കും
ആലവാലങ്ങളിൽ കണ്ടില്ല.
പുത്തൻചന്തയിൽ വസ്ത്രം വിൽക്കും
കച്ചവടക്കാർ കണ്ടില്ല
കണ്ണീരിന്റെ കയത്തിൽ വീണു
കഴുത്തൊടിഞ്ഞോരും കണ്ടില്ല
വെണ്ണീറാക്കും വേദന നൊട്ടി
നുണഞ്ഞിറക്കുന്നോരും കണ്ടില്ല
ഓണം കൂടാൻ 'കാണം' വിൽക്കും
കൂട്ടരും തുമ്പിയെക്കണ്ടില്ല
ഓണത്തുമ്പിയെ കണ്ടില്ലാ പൊ-
ന്നോമനത്തുമ്പിയെ കണ്ടില്ല.

വര: ബാബുരാജൻ

*വെള്ളച്ചാൽ



നമുക്ക് ഒരു രൂപ നോട്ടിന്റെ കാര്യമെടുക്കാം. 100 നോട്ടുകൾ ഒന്നിച്ചുവച്ചാൽ ഏകദേശം ഒരു സെന്റീമീറ്റർ ഉണ്ടെന്നു കണക്കാക്കാം. അപ്പോൾ ഒരു കോടിയെ 100 കൊണ്ടു ഹരിച്ചാലുള്ള സംഖ്യ അത്രയും സെന്റീമീറ്റർ. അതായത് 100000 സെന്റീമീറ്റർ. ഇതിന്റെ 100 കൊണ്ട് ഹരിച്ചാൽ അത്ര മീറ്റർ അതായത് 1000 മീറ്റർ. ഇത് ഒരു കിലോമീറ്റർ. ഇനി ഇവ നാണയമാണെങ്കിലോ?

ഒരു നാണയത്തിന് പത്ത് നോട്ടിന്റെ കനം (thickness) ഉണ്ടെന്ന് കരുതിയാൽ ഉയരം 10 കിലോമീറ്ററായിരിക്കും.

ഒരു കോടി ഒറ്റ രൂപ നോട്ടുകൾ ഓരോന്നായി എണ്ണിത്തീരാൻ എത്ര സമയം വേണമെന്ന് നിങ്ങൾ ആലോചിക്കുക. കുറെ മുന്നോട്ട് പോകുമ്പോൾ കൂടുതൽ സമയം വേണ്ടിവരുമെന്ന കാര്യം മറക്കരുത്. ഒമ്പത് ലക്ഷത്തി എൺപത്തിനാലായിരത്തി അറുന്നൂറ്റി പതിനാറ്... എന്നിങ്ങനെയാണ് മുന്നോട്ടുള്ള സംഖ്യകൾ! ഒരുവർഷമോ അതിലേറെയോ സമയം വേണ്ടിവരും. ഒരു ദിവസത്തിന് 24 മണിക്കൂർ ഉണ്ടെങ്കിലും അത്രയും സമയം തുടർച്ചയായി ഒരാൾക്ക് എണ്ണാൻ സാധിക്കില്ലല്ലോ.

palliyarasreedharan@gmail.com

# ഗോപുവിന്റെ ഓണവാശി

സിപ്പി പള്ളിപ്പുറം

കേട്ടാലും കേട്ടാലും കൊതിതീരാത്ത ഓണപ്പാട്ടുകളുടെയും കണ്ടാലും കണ്ടാലും മതിവരാത്ത ഓണവിനോദങ്ങളുടെയും ഒരു വസന്തകാലമായിരുന്നു ഞങ്ങളുടെ കുഞ്ഞുനാളിലെ പൊന്നാവണിക്കാലം!

അത്തംനാൾ മുതൽ കുട്ടികളെല്ലാം വളരെ നേരത്തെ ഉണർന്നെണീക്കും. ആദ്യം ഉണരുന്ന ആൾ ഉച്ചത്തിൽ ആർപ്പുവിളിക്കും.

''ആർപ്പേയ്, ഹിർറോ! ഹിർറോ!ഹിർറോ!''

ഇത് വെറും ആർപ്പുവിളിയല്ല. പൂനുള്ളാൻ പോകാൻ സമയമായെന്ന് ഉറങ്ങിക്കിടക്കുന്ന കൂട്ടുകാരെ അറിയിക്കാനുള്ള ഓണപ്പൂവിളിയാണ്.

ഈ വിളികേട്ടാൽ ഉറങ്ങിക്കിടക്കുന്ന കുട്ടികളെല്ലാം ചാടിയെണീറ്റ് പൂവിളി കേട്ട ദിക്കിലെത്തും. ഓരോരുത്തരുടെയും കൈത്തണ്ടയിൽ ഇലകൊണ്ടും ഈർക്കിലി കൊണ്ടും തുന്നിയുണ്ടാക്കിയ ഓരോ പൂക്കൂടകൾ ഞാത്തിയിട്ടിട്ടുണ്ടാകും. ഓണപ്പൂക്കൾ നുള്ളിയിടാനുള്ള പാത്രമാണിത്.

പൂക്കൂടയും തൂക്കി, പൂപ്പാട്ടുകളും പാടി കുട്ടിക്കൂട്ടങ്ങൾ പാടവരമ്പുകളും തോടിറമ്പുകളും കുന്നിൻപുറങ്ങളും കയറിയിറങ്ങി മുന്നോട്ടു നീങ്ങും.

*''കറ്റക്കറ്റക്കയറിട്ടു*
*കയറാലഞ്ചുമടക്കിട്ടു*
*നെറ്റിപ്പട്ടം പൊട്ടിട്ടു*
*കൂടേ ഞാനും പൂവിട്ടു!''*



വര: ജഗേഷ് എടക്കാട്

എന്നുള്ള പൂപ്പാട്ടും പാടിയായിരുന്നു ഞങ്ങളുടെ യാത്ര. പൂവായപൂവെല്ലാം നുള്ളിയെടുത്ത് ഞങ്ങൾ പൂക്കൂടയിൽ നിറയ്ക്കും. ഓണക്കാലത്തു മാത്രം വിരിയുന്ന അനേകം പുഷ്പങ്ങൾ അക്കാലത്തുണ്ടായിരുന്നു. പാടത്തും പറമ്പിലും കുന്നിൻ ചെരിവുകളിലും വേലിപ്പടർപ്പുകളിലും അവ പൂത്തുലഞ്ഞു നിൽക്കുന്നതു കാണാൻ എന്തൊരു ഭംഗിയായിരുന്നു.

കാക്കപ്പൂ, കണ്ണാന്തളിപ്പൂ, അത്തിപ്പൂ, ഇത്തിപ്പൂ, ചെത്തിപ്പൂ, അല്ലിപ്പൂ, മല്ലിപ്പൂ, തുമ്പപ്പൂ, ആമ്പൽപ്പൂ, ചെമ്പനിനീർപ്പൂ, ചെട്ടിച്ചിപ്പൂ, ചിറ്റാടപ്പൂ, കദളിപ്പൂ, താഴംപൂ, തിരുതാളിപ്പൂ, മുക്കുറ്റിപ്പൂ, മുല്ലപ്പൂ, ജമന്തിപ്പൂ, നന്ത്യാർവട്ടം, ഇലഞ്ഞിപ്പൂ, ചെങ്ങളനീർപ്പൂ എന്നിങ്ങനെ എത്രയെത്ര പൂക്കൾ!

പൂക്കളും പൂക്കളങ്ങളും മാത്രമല്ല; ധാരാളം പൂപ്പാട്ടുകളും അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. ഇതാ, ഒരു പൂപ്പാട്ടുകൂടി ശ്രദ്ധിക്കൂ..,

*"അപ്പന്റെ മുറ്റത്തൊരു*
*തുമ്പമുളച്ചൂ*
*തുമ്പകൊണ്ടമ്പതു*
*തോണിയും കുത്തീ*
*തോണിക്കിളംതല*
*ചുക്കാനും വച്ചൂ*
*ചുക്കാനെടുത്തൊരു വാഴ*
*മേൽ ചാരി*
*വാഴകുലച്ചങ്ങു തെക്കോട്ടു*
*വീണൂ*
*തെക്കേലെ തമ്പുരാൻ*
*കുലയും കൊണ്ടോടി!*
*പൂവേപൊലി! പൂവേ*
*പൊലി! പൂങ്കാവിലമ്മേ!*
*പൂവേപൊലി! പൂവേ*
*പൊലി! പൂങ്കാവിലമ്മേ!"*

അക്കാലത്തെ ജന്മി-കുടിയാൻ ബന്ധത്തെ സൂചിപ്പിക്കുന്ന വളരെ ഗൗരവമുള്ള ഒരു പൂപ്പാട്ടാണിത്.

ഓണത്തോടനുബന്ധിച്ച് ശ്രദ്ധേയമായ നിരവധി നാടൻവിനോദങ്ങളും അന്ന് എവിടെയും കാണാമായിരുന്നു. കുറെ കളികൾ ഇപ്പോഴും എന്റെ ഓർമയിൽ വരുന്നുണ്ട്.

നാടൻപന്ത്, കിളിത്തട്ട്, കുട്ടീംകോലും, ഉപ്പിനു പോകാവഴിയേത്? പകിടകളി, കുമ്മികളി, കുമ്മാട്ടിക്കളി, പുലികളി, അമ്മാനാട്ടം, മുടിയാട്ടം, ഊഞ്ഞാലാട്ടം, ഓണത്തല്ല്, ഓണവില്ല്, ഓണത്തായമ്പക, ഓണപ്പൊട്ടൻ, തുമ്പിതുള്ളൽ എന്നിങ്ങനെ ഒത്തിരി ഒത്തിരി ഓണക്കളികളും ഓണവിനോദങ്ങളും അന്ന് പ്രചാരത്തിലുണ്ടായിരുന്നു.

ഇക്കൂട്ടത്തിൽ മിക്ക വിനോദങ്ങൾക്കും അകമ്പടിയായി ഓരോ പാട്ടും ഉണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു തുമ്പിതുള്ളൽപ്പാട്ട്. അക്കാലത്ത് ഞങ്ങളുടെ നാട്ടിൽ എവിടെയും തുമ്പിതുള്ളൽ കാണാമായിരുന്നു. തുമ്പിതുള്ളലുമായി ബന്ധപ്പെട്ട് ഒരു പാട്ടു ശ്രദ്ധിക്കൂ..

*"ഒന്നാം കുന്നിന്മേൽ-*
*ഓരിലക്കുന്നിന്മേൽ*
*ഒന്നല്ലൊ മങ്കമാർ - പാല*
*നട്ടു.*
*പാലയ്ക്കിലവന്നു- പൂവ*
*ന്നു- കായ്‌വന്നു*
*പാലയ്ക്ക് നീർകൊട്-*
*വാർകുഴലീ*
*ഞാനല്ല പൈങ്കിളി- താമ*
*രപ്പൈങ്കിളി*
*താന്നിരുന്നാടുന്ന -*
*പൊന്നോല*
*ചുണ്ടുകറുപ്പനും-തൂ*
*വൽചുകപ്പനും*
*മഞ്ഞച്ചിറക്കിളി- കൂട*
*ണഞ്ഞൂ.*
*ഒന്നാം തുമ്പിയുമവൾ*
*പെറ്റമക്കളും*
*പോക തലപ്പള്ളീൽ*
*തുമ്പിതുള്ളാൻ.*
*പന്തലിൽ പൂക്കുല*
*പോരാഞ്ഞിട്ടോ*
*എന്തെന്റെ തുമ്പീ*
*തുള്ളാത്തൂ?"*

'തുമ്പിതുള്ളൽ' തുടങ്ങും മുമ്പായി സ്ത്രീകൾ വട്ടമിട്ടിരിക്കും. വട്ടത്തിന്റെ നടുവിലായി ഒരു പെൺകുട്ടിയെ ഇരുത്തും. അവളുടെ കൈയിൽ ഒരു പൂക്കുലയുണ്ടായിരിക്കും. അതാണ് തുമ്പി!

തുമ്പിയെ തുള്ളിക്കാൻ വേണ്ടി വട്ടമിട്ടിരിക്കുന്ന സ്ത്രീകൾ ഉച്ചത്തിൽ തുമ്പിതുള്ളൽപാട്ടുകൾ പാടും. തുമ്പി ഉറഞ്ഞുതുള്ളുന്നതുവരെ രണ്ടാംകുന്നിന്മേൽ, മൂന്നാം കുന്നിന്മേൽ എന്നിങ്ങനെ ആവർത്തിച്ചു പാടിക്കൊണ്ടിരിക്കും. പാട്ടിന്റെ താളത്തിലലിഞ്ഞ് ഒടുവിൽ തുമ്പി ഉറഞ്ഞുതുള്ളും.

അന്നത്തെ ഓണക്കാല വിനോദങ്ങളിൽ ഏറ്റവും രസകരമായ ഒന്നായിരുന്നു 'ഓണപ്പൊന്നൂഞ്ഞാൽ'.

ഒരിക്കൽ ഞങ്ങൾ കുറേ കൂട്ടുകാർ ചേർന്ന് അയൽപ്പക്കത്തെ നാട്ടുമാവിൻ കൊമ്പിൽ ഒരു 'ഓണപ്പൊന്നൂഞ്ഞാൽ' കെട്ടി. പൂക്കൾ

**തുമ്പിയെ തുള്ളിക്കാൻ വേണ്ടി വട്ടമിട്ടിരിക്കുന്ന സ്ത്രീകൾ ഉച്ചത്തിൽ തുമ്പിതുള്ളൽപാട്ടുകൾ പാടും. തുമ്പി ഉറഞ്ഞുതുള്ളുന്നതുവരെ രണ്ടാംകുന്നിന്മേൽ, മൂന്നാം കുന്നിന്മേൽ എന്നിങ്ങനെ ആവർത്തിച്ചു പാടിക്കൊണ്ടിരിക്കും. പാട്ടിന്റെ താളത്തിലലിഞ്ഞ് ഒടുവിൽ തുമ്പി ഉറഞ്ഞുതുള്ളും.**

കൊണ്ട് അലങ്കരിച്ച പൊന്നൂഞ്ഞാലിലിരുത്തി ഓണദിവസം ആട്ടാനായി 'ഗോപിക' എന്നു പേരുള്ള തീരെ ചെറിയ ഒരു കുട്ടിയെയും ഞങ്ങൾ ഏർപ്പാടു ചെയ്തു. അപ്പോഴാണ് അവളുടെ ചേട്ടൻ ഗോപു ഓടിക്കേറി വന്നത്. കുട്ടിയാണെങ്കിലും ഒരു കുട്ടിഭീമനായിരുന്നു അവൻ. ഏതുകാര്യത്തിലും വാശിപിടിക്കുന്ന സ്വഭാവമായിരുന്നു അവന്റേത്.



"ഈ പൊന്നൂഞ്ഞാലിൽ ഞാനാണ് ആദ്യം ആടാൻ പോകുന്നത്."

ഗോപു പറഞ്ഞു.

"അയ്യോ! ആദ്യം നീയാടേണ്ട. നിന്റെ അനുജത്തിയെ കേറ്റിയിരുത്തി ആട്ടാം. അതുകഴിഞ്ഞ് നമ്മൾക്ക് ഓരോരുത്തർക്കായി ആടാം. എന്താ? അതുപോരേ?"

പക്ഷേ ഗോപു അതനുസരിച്ചില്ല.

"അതുപറ്റില്ല. എനിക്കു തന്നെ ആദ്യം ആടണം."

പറഞ്ഞുതീരുംമുമ്പേ ഗോപു ചാടിക്കയറി ഊഞ്ഞാലിലിരുന്നു. അതോടെ എല്ലാവരും ഊഞ്ഞാൽപ്പാട്ടു പാടാൻ തുടങ്ങി.

*"ഊഞ്ഞാലോ - ചക്കിയമ്മ*
*ചക്കിയമ്മ - മുട്ടയിട്ടേ*
*മുട്ടതോണ്ടി - തോട്ടിലിട്ടേ*
*തോടുവെട്ടി - കൈതനട്ടേ!"*

എന്നു തുടങ്ങുന്ന ഊഞ്ഞാൽപ്പാട്ട് മൂർധന്യത്തിലെത്തിയപ്പോൾ ആട്ടം മുറുകി. പെട്ടെന്ന് പൊന്നൂഞ്ഞാൽ പൊട്ടിത്തകർന്ന് ഗോപു അതാ കിടക്കുന്നു മാഞ്ചുവട്ടിൽ! അവൻ ഉച്ചത്തിൽ കരഞ്ഞു. എല്ലാവരും ചേർന്ന് അവനെ താങ്ങിയെഴുന്നേൽപ്പിച്ചു. എന്തു ചെയ്യാം? വലിയ ആപത്തൊന്നും സംഭവിച്ചില്ലെങ്കിലും ഗോപുവിന്റെ വലതു കൈക്ക് ഒടിവുപറ്റിയിരുന്നു. താമസിയാതെ ആശുപത്രിയിലെത്തി പ്ലാസ്റ്ററിട്ടു. അത്തവണത്തെ ഓണസദ്യ കൈകൊണ്ടുണ്ണാൻ അവനു കഴിഞ്ഞില്ല. തിരുവോണദിവസം അമ്മയാണ് അവന് ചോറും കറികളും വാരിക്കൊടുത്തത്. അപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൻ പറഞ്ഞു.

"അമ്മേ എന്റെ ഓണവാശിയാണ് ഇതിനെല്ലാം കാരണം. മേലിൽ ഞാൻ ഒരു കാര്യത്തിലും വാശിപിടിക്കില്ല."

ഊഞ്ഞാൽപ്പാട്ട് മൂർധന്യത്തിലെത്തിയപ്പോൾ ആട്ടം മുറുകി. പെട്ടെന്ന് പൊന്നൂഞ്ഞാൽ പൊട്ടിത്തകർന്ന് ഗോപു അതാ കിടക്കുന്നു മാഞ്ചുവട്ടിൽ! അവൻ ഉച്ചത്തിൽ കരഞ്ഞു. എല്ലാവരും ചേർന്ന് അവനെ താങ്ങിയെഴുന്നേൽപ്പിച്ചു. എന്തു ചെയ്യാം? വലിയ ആപത്തൊന്നും സംഭവിച്ചില്ലെങ്കിലും ഗോപുവിന്റെ വലതു കൈക്ക് ഒടിവുപറ്റിയിരുന്നു.

# ചെറുപൈതങ്ങൾക്കായ്

സുമേഷ് കൃഷ്ണൻ



കുഞ്ഞുങ്ങളേ നിങ്ങളെന്നുമുള്ളിൽ
കുഞ്ഞുമഞ്ഞക്കിളിക്കൗതുകങ്ങൾ
കൊഞ്ചുന്ന നിങ്ങൾതൻ നെഞ്ചിനുള്ളിൽ
തഞ്ചുന്നു മൊഞ്ചുള്ള പൂങ്കിനാക്കൾ
ചന്ദനക്കാട്ടിലെയാൺമയിലോ
ചന്തത്തിലാടാൻ പറഞ്ഞുതന്നൂ
ഏലേലക്കാട്ടിലെപ്പൂങ്കുയിലോ
ലോലസംഗീതത്തുടർച്ച തന്നൂ
നിങ്ങളെപ്പറ്റിയിന്നോർത്തിടുമ്പോൾ
വിങ്ങുന്നിതെന്നുള്ളമെന്നുമെന്നും
നിങ്ങൾക്കിന്നുണ്ണുവാനന്നമില്ല
നിങ്ങൾക്കായിന്നിറ്റു വെള്ളമില്ല
ചാടിത്തിമർക്കാൻ തൊടികളില്ല
നീന്തിത്തുടിക്കാൻ കുളങ്ങളില്ല
മാന്തിയെടുത്തൊക്കെ യന്ത്രജന്തു
പൂങ്കുലയെല്ലാമൊടിച്ചെറിഞ്ഞൂ
മാങ്കുലയാകെയരിഞ്ഞെറിഞ്ഞൂ
പാടുംകിളികളെ ചുട്ടുതിന്നൂ
പാട്ടുകളൊക്കെ മറിച്ചു വിറ്റൂ
നിങ്ങൾക്കായിന്നവർ തീർത്തുവയ്ച്ചൂ
ചങ്ങലക്കെട്ടും ചതിക്കുഴിയും
നിങ്ങളിൽ നിന്നൂറ്റിമോന്തിടുന്നൂ
തെങ്ങിളനീരൊത്ത നല്ല ബാല്യം
ഒക്കെയറിഞ്ഞേ നടന്നിടാവൂ
ചക്കയും മാങ്ങയും കാത്തുകൊള്ളും
ആടിയുമാവണിയാതിരയും
വാടിവീഴാതെ കൈത്താങ്ങു നൽകും
പാടുവാൻ പുത്തനാം പാട്ടു നൽകും
പാടങ്ങളൊക്കെ തിരിച്ചു നൽകും
ഈ കനൽക്കാലമെരിഞ്ഞൊടുങ്ങും
ഈറനുടുത്തുണ്മവീണ്ടുമെത്തും
അന്നൊത്തു നിന്നുപാടീടുവാനായ്
ഇന്നീപ്പഴമ്പാട്ടെടുത്തുകൊള്ളൂ.



വര: ആശ ആർ

കഥ

# മുത്തശ്ശൻ

**മുണ്ടൂർ സേതുമാധവൻ**


പ്രഭാതത്തിന്റെ മഞ്ഞിൻകുളിരിൽ കൺതുറന്ന പതിനായിരം പൂക്കൾ. പൂക്കളുടെ ഭാരം താങ്ങാനാവാതെ തലകുനിക്കുന്ന പൂച്ചെടികൾ. വൃക്ഷശാഖികളിലെ പച്ചപ്പിലൂടെ ഊർന്നിറങ്ങിയ സൂര്യവെളിച്ചം. വൃക്ഷങ്ങളിൽ കിളിച്ചിലപ്പുകൾ. നിലത്ത് മന്ത്രം ചൊല്ലിക്കൊണ്ട് ഒഴുകിപ്പോകുന്ന നീർച്ചോല.

സുന്ദരമായ പൂന്തോട്ടത്തിനു നടുവിൽനിന്ന് മുത്തശ്ശൻ കുട്ടിയെ വിളിച്ചു:

''നന്ദാ.''

''മുത്തശ്ശാ.''

മുത്തശ്ശൻ അവന്റെ ശിരസ്സിൽ തലോടി.



എ കെ ഗോപീദാസ്

''നിനക്കു കളിക്കുവാനും പഠിക്കുവാനും കവിത മൂളുവാനും പറ്റിയ സ്ഥലം. നീ ഇവിടെ നിൽക്കുക. എനിക്ക് പോകാൻ സമയമായി.''

''മുത്തശ്ശൻ എങ്ങോട്ടാ എന്നെ തനിച്ചാക്കിയിട്ട്?''

''പോണം.''

മുത്തശ്ശൻ പറഞ്ഞു.

''ഈ കർമകാണ്ഡത്തിലെ അനിവാര്യമായ യാത്ര.''

മുത്തശ്ശൻ തോളിലെ തോർത്തെടുത്ത് നന്ദന്റെ മുഖം തുടച്ചു.

''നന്ദാ, ഇവിടെ നീ തനിച്ചല്ലല്ലോ. കൂട്ടുകാർ വരും. കിളികൾ വരും. കാട്ടുപാറയിൽ പൊട്ടിത്തരിക്കുന്ന നീരൊഴുക്കു വരും. ഇതു നിന്റെ ലോകമാണ്. നിത്യവും നിന്നെ കാണാൻ പുത്തൻ പുത്തൻ പൂക്കൾ വരും. പരിശുദ്ധസുഗന്ധം വന്ന് നിന്നെ പൊതിയും.''

''വേണ്ട.''

നന്ദൻ പറഞ്ഞു.

''എനിക്കിതൊന്നും വേണ്ട. കഥ പറഞ്ഞുതരുന്ന എന്റെ മുത്തശ്ശൻ മാത്രം മതി.''

''നന്ദാ അങ്ങനെ പറയരുത്.''

മുത്തശ്ശൻ നന്ദനെ ചേർത്തുപിടിച്ചു.

''ഇനി നീ കഴിയേണ്ടത് നിന്റെ കൂട്ടുകാരോടൊപ്പമാണ്. എന്റെ ശരീരം ചുക്കിച്ചുളിഞ്ഞു. ജരാനരകൾ വന്നു. ഈ വനത്തിനപ്പുറത്തെ മലഞ്ചെരുവിൽനിന്ന് ഞാൻ വിളി കേൾക്കുന്നു.''

നന്ദൻ ഒന്നും പറഞ്ഞില്ല. കയ്യിലെ ചെറുകല്ലുകൾ കൊണ്ട് വെറുതേ അമ്മാനമാടി അവൻ മുത്തശ്ശനെത്തന്നെ നോക്കി.

''ചുറുചുറുക്കുള്ള കൂട്ടുകാർ ഇനി വരും.''

മുത്തശ്ശൻ പറഞ്ഞു.

''ഓരോ ചങ്ങാതിയും ഓരോ കഥ പറയും. ഓരോ പൂവും ഓരോ പാട്ടു പാടും. നീർച്ചോലകൾ താളം മീട്ടും. അപ്പോൾ കാറ്റിനെപ്പോലെ നീയും കൂടെ പാടും. ആ പാട്ടിലെ സങ്കടങ്ങളിലൂടെ എന്റെ നന്ദാ നീ വളർന്ന് വലിയ കുട്ടിയാവും.''

പെട്ടെന്ന് അലൗകികമായ ഒരു രാഗത്തിന്റെ നേർത്ത ആലാപനം കേട്ട് നന്ദൻ അങ്ങോട്ടു നോക്കി. അപ്പോൾ വിരിഞ്ഞ ഒരു പൂവായിരുന്നു അത് മൂളിയിരുന്നത്. പൂന്തോട്ടത്തിലെ ചെറുമരങ്ങളിൽ ഒളിച്ചുകളിച്ചിരുന്ന കാറ്റ് ആ രാഗത്തിന് ശ്രുതി മീട്ടി.

സംഗീതത്തിന്റെ നിർവൃതിദായകമായ ആ നിമിഷങ്ങൾക്കുശേഷം തിരിച്ചെത്തിയപ്പോൾ മുത്തശ്ശനെ കാണുന്നില്ല.

മുത്തശ്ശനെ മറന്നു. കൂട്ടുകാരെല്ലാം നല്ലവരും സമർഥരുമായിരുന്നു. അവർ നീരൊഴുക്കിൽ നീന്തിമഥിച്ചു. ഒഴിഞ്ഞ സ്ഥലങ്ങളിൽ തലപ്പന്തും ആട്ടക്കളവും കളിച്ചു. പൂച്ചെടികൾ നനച്ചു. ഒഴിഞ്ഞുകിടക്കുന്ന നിലം കിളച്ചുമറിച്ച് വിത്തുവിതച്ചു. സന്ധ്യയ്ക്ക് നിലവിളക്കെരിയുന്ന പൂന്തോട്ടത്തിലെ കുടിലിൽ കയറി. അവർ പ്രാർഥിക്കുകയും പഠിക്കുകയും ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്തു. രാത്രി പുലരുവോളം അവർ തങ്ങളേറ്റവുമധികം സ്നേഹിക്കുന്ന പൂന്തോട്ടത്തെ സ്വപ്നം കണ്ടു.

ഒരു വേനൽ പൂന്തോട്ടത്തെ തളർത്തിക്കളഞ്ഞു. നീരൊഴുക്ക് വറ്റിവരണ്ടു. ചെടികൾ കരിഞ്ഞു. പക്ഷി

**കുട്ടികൾ പക്ഷേ തളർന്നില്ല. മുകളിലെ തടയണയിലെ വെള്ളം ഗതി തിരിച്ചുവിട്ട് പൂന്തോട്ടത്തിൽ വെള്ളമെത്തിച്ചു. ജലസ്പർശമേറ്റപ്പോൾ മണ്ണു തരിച്ചു. ചെടികൾ തരിച്ചു. ഊഷരമായ മണ്ണിലൂടെ ജലം ഇഴഞ്ഞു പരന്നപ്പോൾ വിത്തുകൾ പൊട്ടിമുളച്ചു.**

''മുത്തശ്ശാ. മുത്തശ്ശാ.''

മുത്തശ്ശൻ അപ്പോഴേക്കും പോയ്ക്കഴിഞ്ഞിരുന്നു.

നേരത്തെ കേട്ട സംഗീതത്തിന്റെ മാധുര്യവും മുത്തശ്ശൻ പോയതിന്റെ കയ്പും അവന്റെയുള്ളിൽ കൂടിക്കലർന്നു. അവന് ചിരിയും കരച്ചിലും വന്നു. അപ്പോഴേക്കും പൂന്തോട്ടത്തിൽ ഒരു പറ്റം കിളികൾ പറന്നിറങ്ങി. പട്ടുകോണകവും വേഷ്ടിമുണ്ടും ഉടുത്ത കുട്ടികൾ ഓടിയെത്തി. പൂക്കളിൽ നിന്ന് സംഘഗാനം പെയ്തിറങ്ങി.

''നന്ദാ.''

കുട്ടികൾ വിളിച്ചു.

''നമുക്ക് കളിക്കണ്ടേ?''

അങ്ങനെ പതുക്കെ നന്ദൻ

കൾ നീർത്തടങ്ങൾ തേടി പറന്നകന്നു. കുട്ടികൾ ഭയന്നു വിറച്ചു. ചുട്ടുപൊള്ളുന്ന ഭൂമിക്കും മഴയെ ഒളിപ്പിക്കുന്ന മാനത്തിനുമിടയിൽ അവർ ദാഹിച്ചുവരണ്ടു.

അവർ സങ്കടത്തോടെ കൈകൂപ്പി ഉറക്കെ വിളിച്ചു.

''മുത്തശ്ശാ...''

കുട്ടികൾ പക്ഷേ തളർന്നില്ല. മുകളിലെ തടയണയിലെ വെള്ളം ഗതി തിരിച്ചുവിട്ട് പൂന്തോട്ടത്തിൽ വെള്ളമെത്തിച്ചു. ജലസ്പർശമേറ്റപ്പോൾ മണ്ണു തരിച്ചു. ചെടികൾ തരിച്ചു. ഊഷരമായ മണ്ണിലൂടെ ജലം ഒലിച്ചുപരന്നപ്പോൾ വിത്തുകൾ പൊട്ടിമുളച്ചു.

പറന്നുപോയ പക്ഷികൾ

മണ്ണിന്റെ പുതുഗന്ധം നുകർന്ന് പതിവിലും വേഗത്തിൽ തിരിച്ചുപറന്നു. പൊള്ളുന്ന ആകാശക്കീറിനു താഴെ വിത്തു മുളച്ചുവരുന്നതിന്റെ പ്രഹർഷത്തിൽ പുതുമണ്ണ് ഒരു കീർത്തനം മൂളി.

പിന്നീട് മഴയും വേനലും വന്നു. ചിങ്ങത്തിന്റെ പൂക്കാലവും വൃശ്ചികത്തിന്റെ സങ്കീർത്തനങ്ങളും വന്നു. മകരത്തിന്റെ മഞ്ഞലകൾ ഇറങ്ങിയെത്തി. മീനത്തിൽ പഴുത്ത ദോശക്കല്ലുപോലെ പൂന്തോട്ടം കിടന്നു.

കാലങ്ങളുടെ ആഹ്ലാദ ഭാവങ്ങൾക്കിടയിൽ മുന്നോട്ടു നടക്കുന്ന തിരക്കിനിടയിൽ കാലുകൾ തളർന്ന് ശക്തി ക്ഷയിക്കുന്നതും ജരാനരാകൾ പടരുന്നതും നന്ദൻ അറിഞ്ഞു. ഒരു പ്രഭാതത്തിൽ അപൂർവമായി ലഭിച്ച ഇത്തിരി ഏകാന്തതയിൽ നന്ദൻ തിരിഞ്ഞുനോക്കി.



ദൂരെ, കല്ലടിക്കോടന്നപ്പുറത്ത് കാർമേഘങ്ങൾ കൊമ്പുകുത്തുന്ന ഏതോ ദേശത്ത് ചിരിയും സങ്കടവും കലർന്ന ഭാവത്തോടെ ഒരാൾ–

മുത്തശ്ശൻ.

ഇത്രനാളും തിരിഞ്ഞുനോക്കാനാവാത്തതിൽ നന്ദന്റെ തൊണ്ടയിൽ ഖേദം നിറഞ്ഞു.

മറ്റൊരു സായാഹ്നത്തിൽ കളിച്ചുതിമർക്കുന്ന കൂട്ടുകാരെ നന്ദൻ അടുത്തുവിളിച്ചു. അവരുടെ ഓരോരുത്തരുടെയും ശിരസ്സിൽ തടവി. കഠിനമായ സങ്കടം തിക്കുമുട്ടുന്ന തൊണ്ടയെ മെരുക്കിയെടുത്തുകൊണ്ട് നന്ദൻ അവരോടായി പറഞ്ഞു.

''കൂട്ടുകാരേ, ഈ പൂന്തോട്ടം ഇനി നിങ്ങളുടേതാണ്. അതിനെ സംരക്ഷിക്കേണ്ടതും നിങ്ങളാണ്. എനിക്ക് പോകാൻ സമയമായി.''



കൂട്ടുകാർ ഒരേ ശബ്ദത്തിൽ ഉച്ചത്തിൽ ചോദിച്ചു:

''എങ്ങോട്ട്?''

നന്ദൻ വാക്കുകൾ നിലത്തിറക്കി. നോട്ടങ്ങൾ നിലത്തിറക്കി. എല്ലാ ഭാരങ്ങളും ഒതുക്കിയശേഷം നന്ദൻ തിരിഞ്ഞുനടന്നു.

കുട്ടികൾ ഒരേ ശ്രുതിയിൽ ഒന്നിച്ചുവിളിച്ചു:

''മുത്തശ്ശാ...''

# സാഹസം

വിനോദ് വൈശാഖി

പച്ചവിരിച്ചൊരു നെൽപ്പാടത്തിൻ
മുകളിൽ തുമ്പികൾ പാറുംപോൽ
അറ്റം കാണാതാകാശത്തിൽ
പക്ഷിച്ചിറകുകൾ വീശുംപോൽ

സ്വപ്നത്തിന്റെ വിമാനം കയറി
മനസ്സിൻ വേഗമളക്കും നാം
മഴവില്ലിന്റെ വലിപ്പം കാണാൻ
മാനത്തിൻ വഴി തുഴയും നാം

ഇടറാതൊച്ചയുമറിയാതങ്ങനെ
ഒറ്റക്കയറിൽ കളിയാട്ടം
ഒച്ചുവരച്ചൊരു നൂലൊന്നിൻമേൽ
കൂനനുറുമ്പുകൾ വരിയാട്ടം
നീലക്കടലിന്നാഴം കണ്ടെൻ
മീനുകളുള്ളിൽ തുള്ളുമ്പോൾ
കാടുകൾ ലഹരിപ്പാട്ടിൻ കൊമ്പി-
ലിരുന്നൊരു പച്ച വിരിക്കുന്നു.

മണലിൻ തീരത്തുയരാൻ വെമ്പും
കുഞ്ഞുമനസ്സൊരു പട്ടംപോൽ
മഴവില്ലിന്റെ കുടക്കയ്യിൻമേൽ
തൂങ്ങി വിടർന്നൂ ബാല്യങ്ങൾ.

സൂര്യൻ വെള്ളിപ്പൊട്ടായ് പൊങ്ങി
മലയുടെ ഉയരം കയറുമ്പോൾ
അതിരില്ലാതെ പിടയ്ക്കും ഹൃദയ-
ച്ചിറകിലിരുന്നൂ ശലഭങ്ങൾ.



വര: സുനിൽ അശോകപുരം



# പത്മനാഭന്റെ പൂച്ച

**പയ്യന്നൂർ കുഞ്ഞിരാമൻ**



ഈയിടെയായി എന്റെ വീട്ടിലും പൂച്ചകളുടെ സാന്നിധ്യമുണ്ടാവുന്നു. ഒരു വെളുത്ത പൂച്ച എന്നെ വിടാതെ പിന്തുടരുന്നു. സുന്ദരിപ്പൂച്ചയാണ്. കാലത്ത് പശുവിനെ കറക്കാൻ ആലയിൽ ചെല്ലുമ്പോൾ പൂച്ചയും വരും. തെല്ലകലത്തായിരുന്ന് കറവ ശ്രദ്ധിക്കും. ഇടയ്ക്കിടെ ശബ്ദമുണ്ടാക്കി താനിവിടെയുണ്ടേ എന്ന് ഓർമിപ്പിക്കും. ചിലപ്പോഴത് പാൽപ്പാത്രത്തിനടുത്ത് വന്ന് മണപ്പിക്കും. അപ്പോൾ ഭാര്യ കൈവീശി അകറ്റും.

ഭാര്യയ്ക്കും ഈയിടെയായി പൂച്ചയെ ഇഷ്ടമായിത്തുടങ്ങി. കിടന്നിടത്തെല്ലാം രോമമുണ്ടാകുമെന്ന് പറഞ്ഞ് ഭാര്യ പൂച്ചയെ ദൂരെ മാറ്റി നിർത്തിയിരുന്നു.

പാല് കറന്നുകഴിഞ്ഞാൽ അല്പം പൂച്ചയ്ക്ക് ഒഴിച്ചുകൊടുക്കും. അത് വേഗം വേഗം നക്കിക്കുടിക്കും.

വഴിയിലിറങ്ങുമ്പോഴെല്ലാം പൂച്ചയും കൂടെവരും. നായയെപോലെ എന്ന് അയൽക്കാർ പറയും. പത്മനാഭനിൽനിന്ന് പകർന്നതാണ് എന്ന് സുഹൃത്ത് ശങ്കരൻ ചൂണ്ടിക്കാട്ടും.

ഒരിക്കൽ പൂച്ചയുടെ നഖം ചെറുതായി വിരലിൽ കൊണ്ടിരുന്നു. ചോര പൊടിഞ്ഞെന്നു മാത്രം. എങ്കിലും പലരും ഭയപ്പെടുത്തി. പൂച്ചയ്ക്കും വിഷമുണ്ടാകും. കുത്തിവെയ്ക്കണം. കച്ചവടക്കാരൻ നാരായണഷേണായിയുടെ കാര്യം ഓർമയില്ലേ? വളർത്തുന്ന നായയായിരുന്നല്ലോ? എന്നിട്ടും...

ഭാര്യയും മക്കളും നിർബന്ധിച്ചപ്പോൾ ആസ്പത്രിയിൽ പോയി. പഴയതുപോലെ പൊക്കിളിലല്ല കുത്തിവെയ്ക്കുക. കൈക്കാണ്. പത്തു ദിവസം പൂച്ചയെ നിരീക്ഷിക്കണമെന്നും പറഞ്ഞു. പത്തു ദിവസമല്ല, പത്തുമാസം തന്നെ പിന്നിട്ടു. സുന്ദരിപ്പൂച്ചയ്ക്ക് യാതൊരു കുഴപ്പവുമില്ലായിരുന്നു.

കഴിഞ്ഞ ദിവസം പത്മനാഭന്റെ വീട്ടിൽ ചെന്നു. വീടെന്നു പറഞ്ഞാൽ വലിയ ബംഗ്ലാവൊന്നുമല്ല. പഴയ കോൺക്രീറ്റ് വീട്. ഒറ്റ നിലയുള്ളത്. മുറികളും ചെറുത്. ഭാര്യയ്ക്കും ഭർത്താവിനും കഴിയാൻ ഇതു തന്നെ ധാരാളം എന്ന് അദ്ദേഹം പറയും. പത്മനാഭന് മക്കളില്ലായിരുന്നു. മക്കളില്ലാത്തതിന്റെ സങ്കടം തീർക്കുന്നത് പൂച്ചകളും നായ്ക്കളുമാണ്.

ബസ്സിറങ്ങി രാജേന്ദ്രനഗർ ഹൗസിംഗ് കോളനിയിലേക്ക് നടക്കുമ്പോൾ ഒരു പൂച്ച കുറുകെ ചാടി. എന്റെ കൂടെ സുഹൃത്ത് ശങ്കരനുമുണ്ടായിരുന്നു.

''നല്ല ലക്ഷണമല്ലല്ലോ..'' ശങ്കരൻ പറഞ്ഞു.

''പൂച്ച കുറുകെ ചാടിയതാണോ?''

''അതെ. പൂച്ച കുറുകെ ചാടുന്നത് അശുലഭലക്ഷണമാണ്.''

''പൂച്ചകളുടെ കൂട്ടുകാരനെ കാണാനല്ലേ നമ്മൾ പോകുന്നത്? അപ്പോൾ പൂച്ച കുറുകെവരുന്നത് നല്ല ലക്ഷണമാണ്.''

''എന്തോ? മാഷ്ടെ വിശ്വാസം മാഷെ രക്ഷിക്കട്ടെ.''

ഇടുങ്ങിയ റോഡിലൂടെ ഞങ്ങൾ നടന്നു. ഇരുവശത്തും വീടുകൾ. ഗേറ്റും പൂച്ചെടികളും പിന്നെ കൂട്ടിലെ നായയും.

വഴിയിൽ ഏതാനും നായ്ക്കൾ നില്പുണ്ടായിരുന്നു.



വര: സുമേഷ് കമ്പല്ലൂർ

ഞങ്ങളെ കണ്ട് അവ കൗതുകത്തോടെ നോക്കി. ഇവരെങ്ങോട്ടേക്കാ പോകുന്നത് എന്ന ഭാവമാണവർക്ക്.

കോളനിയുടെ ഏതാണ്ട് അറ്റത്താണ് പത്മനാഭന്റെ വീട്. ഒരു പാറപ്രദേശമാണ്. ജോലിയിൽനിന്നും വിരമിച്ച ശേഷമാണ് ഇവിടേക്ക് താമസം മാറ്റിയത്.

ഞങ്ങൾ പഴകിയ ഇരുമ്പുഗേറ്റിനരികിലെത്തി. ഗേറ്റിന്റെ അഴികൾ പഴകി തുരുമ്പിച്ചിരുന്നു. പൊട്ടിപ്പൊളിഞ്ഞ മുറ്റം. വരാന്തയും നരച്ചതുതന്നെ. വരാന്തയിൽ നായ്ക്കൾ കിടപ്പുണ്ടായിരുന്നു. ഞങ്ങളെ അവ കൗതുകത്തോടെ നോക്കി. പിന്നെ എഴുന്നേറ്റ് മാറിപ്പോയി.

അകത്തുനിന്ന് പത്മനാഭന്റെ ചുമ കേട്ടു. ചെരിപ്പ് പുറത്തൂരി വച്ച് ഞങ്ങള കത്തുകടന്നു.

മുറി നിറയെ പുസ്തകങ്ങളാണ്. പ്ലാസ്റ്റിക് കസേര നീക്കിയിട്ട് ഞങ്ങളോടിരിക്കാൻ പറഞ്ഞു. ഞങ്ങൾ ഭവ്യതയോടെ ഒതുങ്ങിയിരുന്നു.

''എന്തുണ്ട് മാഷെ വിശേഷം?''

പത്മനാഭൻ ചോദിച്ചു.

''വലിയ വിശേഷമില്ല. ഇയാൾ പപ്പേട്ടനെ കാണാൻ വന്നതാ...''

''എന്നെ കാണാനോ?''

''അതെ...''

''എന്താ കാര്യം? കണ്ടില്ലേ.. ശരി. ഇനി പോവാം.''

''അയ്യോ അങ്ങനല്ല. ഇയാളുടെ നാട്ടിൽ ഒരു പരിപാടിക്ക് ക്ഷണിക്കാനാ വന്നത്.''

''എന്താ പരിപാടി?''

''വായനശാലയുടെ അമ്പതാം വാർഷികം.''

''അമ്പതുവർഷമായി എന്നുറപ്പുണ്ടെങ്കിൽ വരാം..''

''ഉറപ്പ് തന്നെ..''

സംസാരിക്കുന്നതിനിടയിൽ 'കുട്ടാ' എന്നദ്ദേഹം വിളിച്ചു. വിളി കേൾക്കേണ്ട താമസം എവിടെ നിന്നോ കുട്ടൻപൂച്ച ഓടിവന്നു. രണ്ട് അപരിചിതരെ കണ്ട് അവൻ ശങ്കിച്ചുനിന്നു.

''പേടിക്കേണ്ട... ഇവർ സ്വന്തക്കാരാ...''

അദ്ദേഹം പറഞ്ഞു.

പിന്നെ സംശയിച്ചില്ല. കുട്ടൻപൂച്ച ആദ്യം മേശപ്പു



റത്തേക്ക് തുള്ളിക്കയറി. പിന്നെ നടന്നുനടന്ന് സോഫയിലെത്തി. സോഫ നിറയെ പുസ്തകങ്ങളാണ്. എവിടെ ഇരിക്കും എന്നാലോചിച്ച് പൂച്ച അങ്ങുമിങ്ങും നടന്നു. പുസ്തകങ്ങളുടെ പുറംചട്ട പൂച്ച ശ്രദ്ധിക്കുന്നുണ്ടോ എന്നു തോന്നി. പുസ്തകങ്ങളെല്ലാം പത്മനാഭന്റേതായിരുന്നു. എല്ലാത്തിനും അദ്ദേഹത്തിന്റെ അർധകായചിത്രം. ഞങ്ങൾ അത്ഭുതം കൂറുകയായിരുന്നു.

സോഫയുടെ അറ്റത്തുള്ള പത്മനാഭന്റെ ഒരു പുസ്തകത്തിന്മേൽ പൂച്ച കയറിയിരുന്നു. പത്മനാഭൻ ഗൂഢമായ ചിരിയോടെ പൂച്ചയെ നോക്കി.

ഇതിനിടയിൽ രാമചന്ദ്രൻ കടന്നുവന്നു. അയാളുടെ കയ്യിൽ മീനുമുണ്ടായിരുന്നു. അതുകണ്ട് എനിക്കമ്പരപ്പുണ്ടായി. പത്മനാഭൻ ഒന്നാന്തരം സസ്യഭുക്കാണ്. പിന്നെന്തിന് മീൻ?

''സംശയിച്ചുപോകും. ആരായാലും.''

പത്മനാഭൻ തുടർന്നു.

''മീൻ എനിക്കല്ല. ഇവന്നു വേണ്ടിയാ...''

മീൻമണം കിട്ടിയതോടെ കുട്ടൻപൂച്ച ചാടിയിറങ്ങി.

രാമചന്ദ്രന്റെ പിന്നാലെ അവൻ അടുക്കള ഭാഗത്തേക്കു പോയി.

സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞുവളർത്തിയ പൂച്ചകളാണ്. അവയ്ക്ക് വീട്ടിൽ മക്കളുടെ സ്ഥാനമാണ്. പത്മനാഭന്റെ മക്കൾ.

തന്റെ പുതുതായിറങ്ങിയ കഥാസമാഹാരങ്ങൾ കയ്യൊപ്പിട്ട് പത്മനാഭൻ എനിക്ക് തന്നു. കവറിൽ അദ്ദേഹത്തിന്റെ തെളിഞ്ഞ പടമായിരുന്നു.

ഞങ്ങൾ തിരികെ നടക്കുമ്പോൾ സുഹൃത്ത് എന്തെല്ലാമോ പറയുന്നുണ്ടായിരുന്നു. ഒന്നിലും ശ്രദ്ധ തങ്ങിനിന്നില്ല. കുട്ടൻപൂച്ചയുടെ സ്വഭാവം മനസ്സിൽനിന്നും മായുന്നില്ല. നായ്ക്കൾക്ക് ബുദ്ധിശക്തിയുണ്ടെന്ന് കേട്ടിരുന്നു.. എന്നാൽ..



**ഞങ്ങൾ തിരികെ നടക്കുമ്പോൾ സുഹൃത്ത് എന്തെല്ലാമോ പറയുന്നുണ്ടായിരുന്നു. ഒന്നിലും ശ്രദ്ധ തങ്ങിനിന്നില്ല. കുട്ടൻപൂച്ചയുടെ സ്വഭാവം മനസ്സിൽ നിന്നും മായുന്നില്ല. നായ്ക്കൾക്ക് ബുദ്ധിശക്തിയുണ്ടെന്ന് കേട്ടിരുന്നു.. എന്നാൽ...**

വീട്ടിനടുത്തെ പാടവരമ്പത്തെത്തിയപ്പോഴേക്കും സുന്ദരിപ്പൂച്ച പാഞ്ഞുവന്നു. കരഞ്ഞുകൊണ്ട് അടുത്തുകൂടി. കാലിനോട് പറ്റിച്ചേർന്ന് വീട്ടിലേക്കു വന്നു. ഞാൻ അകത്തേക്ക് കയറുന്നതിന് മുമ്പേ പൂച്ച തുള്ളിക്കയറി.

ഭാര്യ വന്ന് ആട്ടിപ്പുറത്താക്കാൻ നോക്കി. പൂച്ച അങ്ങുമിങ്ങും ഒളിച്ചുകളിച്ച് സ്റ്റൂളിൻമേൽ കയറിയിരുന്നു. എന്നിട്ട് പതുക്കെ ഒന്നു നോക്കി. എന്താ ഭാവം എന്ന് ഞാൻ ചോദിച്ചു. ഉത്തരമായി ഒന്ന് കരഞ്ഞു. പിന്നെ തലയുയർത്തി മേശപ്പുറത്ത് അങ്ങുമിങ്ങും നടന്നു. എവിടെ ഇരിക്കണം എന്ന ചിന്ത. ഓരോ പുസ്തകവും മണത്തു നോക്കിയ ശേഷം 'പത്മനാഭന്റെ തെരഞ്ഞെടുത്ത കഥ'യുടെ അടുത്തെത്തി. പെട്ടെന്ന് വലതുകാൽ പുസ്തകത്തിന്റെ മുകളിൽവയ്ക്കാൻ നോക്കി. പിന്നെ പതുക്കെ കാൽ പിൻവലിച്ചു. എന്നിട്ട് പുറംചട്ടയിൽത്തന്നെ സൂക്ഷിച്ചു നോക്കി. പെട്ടെന്ന് ഫോൺ ശബ്ദിച്ചു. രാമചന്ദ്രനാണ്. എന്താ രാമചന്ദ്രാ എന്ന ചോദ്യത്തിന് മറുപടി പപ്പേട്ടന്റെ ശബ്ദമായിരുന്നു.

''ആ പൂച്ചക്കുട്ടിയെ കൂടി എനിക്കു തന്നേക്കൂ. കുട്ടന് ഒരു കൂട്ടാവട്ടെ.''

# 4,00,0000 ത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ വിജ്ഞാനകോശം ഗ്രന്ഥങ്ങൾ

കേരള സംസ്ഥാന

## സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

ജി. പി. ഒ. ലെയിൻ, തിരുവനന്തപുരം – 695 001



സർക്കാർ/അർധസർക്കാർ ജീവനക്കാർ, അധ്യാപകർ
പൊതുമേഖലാ ഉദ്യോഗസ്ഥർ (ബാങ്ക്, സഹകരണസംഘം എന്നിവ ഉൾപ്പെടെ)

ക്രെഡിറ്റ് പദ്ധതിപ്രകാരം

**18,650 രൂപ വിലയുള്ള**
**30 വിജ്ഞാനകോശംവാല്യങ്ങൾ**
**300 രൂപയ്ക്ക് ***

*വ്യവസ്ഥകൾ ബാധകം

- സർവവിജ്ഞാനകോശം (1-16)
- വിശ്വസാഹിത്യവിജ്ഞാനകോശം (1-10)
- പരിസ്ഥിതി വിജ്ഞാനകോശം
- ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം
- പരിണാമ വിജ്ഞാനകോശം
- സാംസ്കാരികം

നിരവധി ദേശീയ– സംസ്ഥാന
പുരസ്കാരങ്ങൾനേടിയ മലയാളത്തിലെ
ഏറ്റവും വലിയ ഗ്രന്ഥപരമ്പര



siep art 9/2016

Tel: Dir. 0471 2475301, Admn: 2474877, Sales: 2475303 E-mail: sarvavijnanakosam@yahoo.com,
Website: www.sarvavijnanakosam.gov.in www.sarva.gov.in



കേരള സർക്കാർ
മഹാഭാഗ്യത്തിന്റെ
മെഗാസമ്മാനങ്ങൾ !
ഒന്നാം സമ്മാനം
₹10 കോടി
സുവർണ ജൂബിലി
തിരുവോണം
ബമ്പർ 2017
രണ്ടാം സമ്മാനം ₹5 കോടി [ 50 ലക്ഷം വീതം 10 പേർക്ക് ]
മൂന്നാം സമ്മാനം ₹2 കോടി [ 10 ലക്ഷം വീതം 20 പേർക്ക് ]
നാലാം സമ്മാനം ₹ 1 കോടി [ 5 ലക്ഷം വീതം 20 പേർക്ക് ]
അഞ്ചാം സമ്മാനം ₹1,00,000 അവസാന അഞ്ചക്കത്തിന്
കൂടാതെ 5000,3000,2000,1000,500
രൂപയുടെ അനേകായിരം സമ്മാനങ്ങൾ
ടിക്കറ്റ് വില
₹250
1967 - 2017
50
ഭാഗ്യവർഷങ്ങൾ
നറുക്കെടുപ്പ്
2017 സെപ്റ്റംബർ
20 ന്
കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം.. സുതാര്യം.. ജനകീയം..

# വെണ്ടപ്പൂവ്

വി എം ഗിരിജ



'വെണ്ടപ്പൂവ് വരയ്ക്കേണം' ടീച്ചറെന്തൊരു ശല്യമാം!
വരയാം ഞാൻ വരക്ലാസ്സിൽ വരയ്ക്കാതെ നടക്കുമോ?
വെണ്ടക്കായ നുറുക്കുമ്പോൾ പിഞ്ചു തിന്നുവതോർത്തു ഞാൻ;
കഷ്ണത്തിൽക്കൈച്ചിത്രവേല നോക്കി നിന്നിട്ടുമുണ്ട് ഞാൻ.

എന്നാൽ വെണ്ടപ്പൂവ് കണ്ടതോർപ്പീലാ, കുലയാകുമോ?
തെച്ചിപ്പൂവിൻ കുടം പോലെ മുറ്റിനിൽക്കുന്നതാകുമോ?
റോസാപ്പൂപോൽ ഇതൾത്തട്ട് നിറയെ വെച്ചതാകുമോ?
തുമ്പപ്പൂപോൽ ശ്രീഭഗോതീപാദം പോലെയിരിക്കുമോ
നിറമെന്താണ് ചോന്നിട്ടോ വയ്ലറ്റോ കടുനീലയോ
വെള്ളയോ തെല്ലുമോർപ്പീലാ മുൻപ് കാണാത്ത കാരണം.
ചെമ്പരത്തിപ്പൂവു പോലെ ചുണ്ടു ചോന്നു ചിരിക്കുമോ?
വാഴപ്പൂവിന്റെ തേൻ പോലെ വെണ്ടയും മധുരിക്കുമോ?

ഒരു പൂ ടീച്ചർ കൊണ്ടോന്നതുറങ്ങിത്തൂങ്ങി നാശമായ്
വിളർത്ത മഞ്ഞമൊട്ടെന്നു തോന്നുന്നുണ്ടത് സത്യമോ?
വെണ്ടക്കർഷകരുണ്ടെങ്കിൽ വീട്ടിൽ പോയെത്തി നോക്കിടാം,
അവരോടിച്ചു വിട്ടാലും ഒരു പൂവ് പറിച്ചിടാം.
റബ്ബർ നെല്ലും വാഴയല്ലാതുണ്ടാമോ വെണ്ട മാത്രമായ്
നട്ടു പാലിച്ചു പോരുന്ന വെണ്ടക്കർഷകർ അത്ഭുതം!
വെണ്ടയെന്താ മുരിങ്ങത്തൈ പോലെ മേലോട്ട് പൊന്തുമോ?
മുളകിൻചെടി പോലെന്റെ അരയോളമതെത്തുമോ?
എത്രയോ പൂവുകൾ, പച്ചക്കറികൾ, തേൻപഴങ്ങളും
സൂപ്പർമാർക്കറ്റിലുണ്ടെന്നാൽ, ടീച്ചർക്കീ വെണ്ട താൻ പ്രിയം.

വെണ്ടപ്പൂവ് വരയ്ക്കേണം ടീച്ചർക്ക് സുഖമല്ലയോ!
വെറുതേ കസേരയിൽച്ചാഞ്ഞു പുഞ്ചിരിച്ചങ്ങിരിക്കുക.
കണ്ടിട്ടില്ലാത്ത പൂ ഞങ്ങൾ വരയ്ക്കേണം, വരച്ചു ഞാൻ
വെളുപ്പിൻ നടുവിൽച്ചോപ്പും നീലയും ചേർത്ത് ഭംഗിയിൽ.

മൃദുവായ് പ്പീതമായ് തെല്ലു പരന്നൊരിതളഞ്ചുമായ്,
നടുവിൽ ചെറുവയലറ്റിൽ തവിട്ടു കലരുന്നതായ്
അതിന്റെ ഉള്ളിൽ കുഞ്ഞിക്കൈവിരൽ പോൽ ചെറു കേസരം
തിളങ്ങി, നിൽപ്പൂ വെണ്ടപ്പൂ, ഇത് കാണാതെ സ്വസ്ഥമായ്.

വര: ഗോപു പട്ടിത്തറ



# സൂറിച്ചിൽ ഒരു തണുത്ത വെളുപ്പാൻകാലത്ത്

ഫോട്ടോ: Roland zh

സെബാസ്റ്റ്യൻ പള്ളിത്തോട്



**ലോകത്തെ ഏറ്റവും സമ്പന്നമായ രാജ്യങ്ങളിലൊന്നാണ് ഇന്ന് സ്വിറ്റ്സർലൻഡ്. ആൽപ്സ് പർവതനിരകളിലാണ് ഈ രാജ്യം സ്ഥിതിചെയ്യുന്നത്. സ്വിറ്റ്സർലൻഡിലെ ഏറ്റവും വലിയ നഗരമാണ് സൂറിച്ച്. യൂറോപ്പിലെ അതിപ്രധാനമായ സാമ്പത്തിക-വ്യാവസായിക കേന്ദ്രമായ സൂറിച്ച്, വിനോദസഞ്ചാര കേന്ദ്രം എന്ന നിലയിലും ഇന്ന് വളരെയേറെ ശ്രദ്ധേയമായ നഗരമാണ്. ആകർഷകങ്ങളായ മ്യൂസിയങ്ങളും ഒട്ടനവധി തുരങ്കങ്ങളും മധ്യകാല-നവോത്ഥാന കാലഘട്ടത്തിൽ പണികഴിപ്പിച്ച മനോഹരങ്ങളായ കെട്ടിടങ്ങളും സൂറിച്ചിന്റെ ആകർഷണ ഘടകങ്ങളാണ്. വിനോദസഞ്ചാരികൾക്ക് കാൽനടയായി കണ്ട് ആസ്വദിക്കാവുന്ന സൂറിച്ച് നഗരത്തിലേക്ക് ഇതാ ഒരു യാത്ര.**

ഇൻസ്ബെർഗിൽനിന്നും സ്വിറ്റ്സർലൻഡിലെ സൂറിച്ചിലേക്കു പോകുന്ന പാത മുഴുവനും ടണലുകൾകൊണ്ട് അലങ്കരിച്ചിരിക്കുകയാണെന്നു തോന്നി. ഓരോ രണ്ടോ മൂന്നോ കിലോമീറ്ററുകൾക്കിടയിലും ഓരോ ടണൽ വീതം. മല തുരന്നുണ്ടാക്കിയ ദീർഘങ്ങളായ തുരങ്കങ്ങൾ. ചിലപ്പോൾ രണ്ടുവരിപ്പാത. അല്ലെങ്കിൽ മൂന്നുവീതം. ഓരോ തുരങ്കത്തിനുള്ളിലും ചിലയിടങ്ങളിൽ ഒരേ ദിശയിൽത്തന്നെ ഇടതും വലതുമായി തോളോടുതോൾ ചേർന്നുപോകുന്ന ഈരണ്ടു ടണലുകൾ വീതം. അവർ വെറുതെ തുരങ്കങ്ങൾ നിർമിച്ചിരിക്കുകയല്ല; മലതുരന്നുപോകുമ്പോഴും പാരിസ്ഥിതികമായ അതിന്റെ ചുറ്റുപാടുകൾക്ക് പരിക്കേൽപ്പിക്കാതിരിക്കാൻ അവർ പരമാവധി ശ്രമിച്ചുപോന്നിട്ടുണ്ട്. പ്രത്യക്ഷത്തിൽ ഒരു ഗുഹാമുഖം മാത്രമാണു നമുക്കു മുന്നിൽ വെളിവാക്കപ്പെടുന്നത്. അതിനപ്പുറമുള്ളതെല്ലാം പ്രകൃതിക്കു ചേർന്ന അതിന്റെ തനിമയോടെ തന്നെ! സ്വന്തം ഭൂശരീരത്തിന്റെ അറുപതുശതമാനത്തോളം വരുന്ന ഭാഗമത്രയും ആൽപ്സ് പർവതങ്ങൾ വിഴുങ്ങിക്കളഞ്ഞൊരു ജനസമൂഹത്തിന് ഇതിനപ്പുറം എന്തു നീതിയാണ് തങ്ങളുടെ

മണ്ണിനോടു പുലർത്താൻ കഴിയുക!

സഞ്ചാരികളുടെ സ്വർഗ മെന്നു പേരുകേട്ട സ്വിറ്റ്സർ ലൻഡിന് പാരിസ്ഥിതിക മായ പ്രത്യേകതകൾകൊണ്ട് പുലർത്തിപ്പോരുന്ന നിഷ്പ ക്ഷതയ്ക്കു പലപ്പോഴും നിസ്സംഗതയുടെ ഒരു പരിവേ ഷമുണ്ട്. അതിന്റെ ചരിത്ര ത്തിലുടനീളം ഏതെങ്കിലും ശാക്തികചേരികളുമായി പങ്കുചേരുകയോ മഹായുദ്ധ ങ്ങളിലൊന്നിൽപ്പോലും പങ്കെടുക്കുകയോ, ഇന്നേ വരെ മറ്റൊരു സാമ്രാജ്യത്വ ശക്തിക്കും അടിമപ്പെടുകയോ ചെയ്തിട്ടില്ല എന്നതാണവ രുടെ പെരുമ. യൂറോപ്യൻ യൂണിയനിൽ അംഗമായിട്ടി ല്ലെങ്കിലും അവർ മുന്നോട്ടു വയ്ക്കുന്ന എല്ലാ വികസന പദ്ധതികൾക്കും സ്വാഗതം നൽകിയിട്ടുള്ള രാജ്യം. സ്വിസ്സ് ഫ്രാങ്കാണ് ഇപ്പോഴും അവ രുടെ കറൻസിയെങ്കിലും കൈമാറ്റങ്ങൾക്ക് യൂറൊ തട സ്സമാകുന്നില്ല. ഷെങ്കൻ വിസ കൊണ്ട് മറ്റേതൊരു യൂറോ പ്യൻരാജ്യത്തുമെന്നതുപോലെ സ്വിറ്റസർലൻഡിലും സ്വൈര മായി സഞ്ചരിക്കാം.


സൂറിച്ചിന്റെ മുഖമുദ്രയായ തുരങ്കത്തിന്റെ ഒരു മനോഹരദൃശ്യം

ഒരു പകൽയാത്രയുടെ ക്ഷീണം മുഴുവനും സഞ്ചാ രികൾക്കുള്ളിലുണ്ട്. മഞ്ഞും മലയും മരനിരകളും ഒന്നി ച്ചോമനിക്കുന്ന ഒരു ഭൂഭാഗ ത്തിന്റെ അതിരുകളിലൂടെ യുള്ള യാത്ര, ത്രസിപ്പിക്കു കയും പ്രകമ്പനംകൊള്ളിക്കു കയും അതേസമയം വിസ്മ യിപ്പിക്കുകയും ചെയ്ത ഒന്നായിരുന്നു.

## പ്രജാപതിയുടെ പ്രാതൽ

സൂറിച്ചിലേക്കു പോകുന്ന പാതയിലെ പ്രസിദ്ധമായ റൂപ്പർ ടണൽ മൂന്നു കിലോ മീറ്റർ നീളത്തിൽ അതിന്റെ വിസ്മയവുമായി മുന്നിൽ വന്നുനിന്നു. ആൽപ്സിന്റെ കരൾ പിളർന്നു പോവുക യാണു റൂപ്പർടണൽ. ഒരാളും സഞ്ചരിക്കാനില്ലെങ്കിലും അതിനുള്ളിലും നടപ്പാത കൾ. അകത്തെ വായുവും കാർബൺമോണോക്സൈഡും പുറന്തള്ളാനുള്ള ബഹിർ ഗമനികൾ. എസ് ഒ എസ് ബൂത്തുകൾ. ഫോൺചെയ്യാ നുള്ള സൗകര്യങ്ങൾ.

ഒരു ശ്വാസമെടുത്തു തീരുന്നതിനു മുമ്പേതന്നെ ഭൂതം അതിന്റെ ഗഹ്വര ത്തിൽനിന്നും ഞങ്ങളെ പുറ ന്തള്ളിക്കഴിഞ്ഞിരുന്നു.

സെന്റ് ആന്റണിയുടെ പേരിലും അതിനിടയിൽ ഒരു


സൂറിച്ചിലെ മനോഹരമായ മറ്റൊരു ടണൽ



ഫോട്ടോ: Roland zh

മഞ്ഞു മൂടിയ റോഡുകൾ



**മഞ്ഞുവീഴ്ചയിൽ നിന്നും മലവീഴ്ചയിൽ നിന്നും അടിവാരങ്ങളിൽ ജീവിക്കുന്ന മനുഷ്യരെയും ഹൈവേയിലൂടെ കടന്നുപോകുന്ന വാഹനങ്ങളെയും സംരക്ഷിക്കാൻവേണ്ടി ഉരുക്കിന്റെ തട്ടുകൾ സ്ഥാപിച്ച് മഞ്ഞിനെയും മലയെയും തടഞ്ഞുനിർത്തിയിരിക്കുന്നു. ഉരുക്കിന്റെ വേലികൾക്കു മീതേ, മാലാഖമാർ വിരിച്ചിട്ട വെൺപട്ടുടയാടകൾപോലെ വലുതും ചെറുതുമായ പാളികളായി തൂങ്ങിക്കിടക്കുന്ന മഞ്ഞ്.**

തുരങ്കം ഞങ്ങളെ വിഴുങ്ങി ക്കടന്നുപോയി.

വഴിയുടെ ഓരങ്ങളിലെ മ്പാടും തടിമില്ലുകളാണ്. ആൽപ്സിന്റെ അടിവാരങ്ങളിൽ അതിസമൃദ്ധമായി വളരുന്ന കോണിഫറസ് മരങ്ങൾ വെട്ടിവീഴ്ത്തി അവയുടെ തൊലി ചീന്തിക്കളഞ്ഞ് മൂന്നുമീറ്റർ നീളത്തിൽ മുറിച്ച് അട്ടിയിട്ടുവച്ചിരിക്കുന്ന കാഴ്ചയാണ് എവിടെയും. (ഓസ്ട്രിയയുടെ പ്രധാന കയറ്റുമതിച്ചരക്കും കോണിഫറസ് തടികളാണല്ലോ.)

ആരോ ഒരു കോടി ഡബിൾ മുണ്ടുകൾ നീലം മുക്കി ഉണക്കാൻ വിരിച്ചിരിക്കുന്നതുപോലെ മലമുടികൾ മഞ്ഞുമൂടിക്കിടക്കുന്നു. അതിന്റെ ചെങ്കുത്തായ പാർശ്വങ്ങളിൽ സാഹസികരായ യുവാക്കൾ സ്കേറ്റിങ്ങും നടത്തുന്നു.

മഞ്ഞുവീഴ്ചയിൽ നിന്നും മലവീഴ്ചയിൽനിന്നും അടിവാരങ്ങളിൽ ജീവിക്കുന്ന മനുഷ്യരെയും ഹൈവേയിലൂടെ കടന്നുപോകുന്ന വാഹനങ്ങളെയും സംരക്ഷിക്കാൻവേണ്ടി ഉരുക്കിന്റെ തട്ടുകൾ സ്ഥാപിച്ച് മഞ്ഞിനെയും മലയെയും തടഞ്ഞുനിർത്തിയിരിക്കുന്നു. ഉരുക്കിന്റെ വേലികൾക്കു മീതെ, മാലാഖമാർ വിരിച്ചിട്ട വെൺപട്ടുടയാടകൾപോലെ വലുതും ചെറുതുമായ പാളികളായി തൂങ്ങിക്കിടക്കുന്ന മഞ്ഞ്. സാൽവോദാർദാലിയുടെ പെർസിസ്റ്റൻസ് ഓഫ് മെമ്മറി എന്ന പെയിന്റിങ്ങിലെ വൃക്ഷശിഖരത്തിൽനിന്നും ആരോ ഉണക്കാനിട്ട തോൽപ്പാളി പോലെ തൂങ്ങിക്കിടക്കുന്ന ഘടികാരത്തിന്റെ ചിത്രം ഓർമയിൽ വന്നു.

ഇൻസ്ബെർഗുമുതൽ വെൻബോൺവരെയുള്ള ഇരുന്നൂറു കിലോമീറ്റർ ദൂരം കടന്നുപോന്നത് എത്രവേഗത്തിലാണെന്നു ഓർമിക്കാൻ പോലും നേരമനുവദിക്കാത്ത കാഴ്ചകളുടെ നൈരന്തര്യം!

ഓസ്ട്രിയയുടെ ഹരിതതാഴ്വാരങ്ങളോട് വിടപറയാൻ ഇനിയും നൂറിലേറെ കിലോമീറ്ററുകൾ കൂടെ പിന്നിടേണ്ടതുണ്ടെന്ന് അറിയിപ്പുഫലകങ്ങളിൽ നിന്നും വായിച്ചെടുക്കാം. ഡീപോൾസ്വാവിൽ അവസാനിക്കുന്ന ഓസ്ട്രിയൻ അതിർത്തിയിൽനിന്ന് ബോർഡെൻസൊ തടാകത്തിന്റെ കരയിലൂടെ കടലുകളില്ലാത്തൊരു സ്വർഗത്തിലേക്കു നിങ്ങൾ പ്രവേശിക്കുകയായി.

സൂറിച്ച് നഗരം അതിന്റെ പൂപ്പാലിക നിറയെ ഇളംപിങ്ക് നിറത്തിലുള്ള ചെറിപ്പൂക്കളുമായി സഞ്ചാരികൾക്കു സ്വാഗതം ആശംസിച്ചുകൊണ്ട് പൂമുഖവാതിൽക്കൽ കാത്തുനിൽക്കുന്ന പോലെ,

## കന്യകമാരും ടുലിപ്പ് പുഷ്പങ്ങളും

''റിസെപ്ഷനിൽ നിന്നുള്ള 'വേക്കപ്പ്കാളി'ന് ഉണർന്നാൽ മതി, കേട്ടോ. അതിനുമുമ്പേ ഫോൺ ചെയ്യാൻ വേണ്ടി ഉണരുന്ന നിങ്ങൾ എന്റെ ഉറക്കം നഷ്ടപ്പെടുത്തരുത്....'' അത്താഴം കഴിഞ്ഞ് ഉറങ്ങാൻ പോകുമ്പോൾ സുഹൃത്ത് ഓർമപ്പെടുത്തി.

അതിരാവിലെതന്നെ ഞങ്ങൾ നടക്കാനിറങ്ങി. ഋതുമതികളെപ്പോലെ മഞ്ഞിൽക്കുളിച്ച് പൂത്തുലഞ്ഞു നിൽക്കുന്ന ടുലിപ്പ് പുഷ്പങ്ങൾ. വേഡ്സ്വർത്തിന്റെ പ്രഖ്യാതമായ ആ കവിതയിൽനിന്നും അപ്പോൾ ഇറങ്ങിവന്നതുപോലെ.

വെൽക്കം ഹോട്ടലിനു മുന്നിലെ നാൽക്കവല ശൂന്യമായിരുന്നു. സിഗ്നലുകൾ പോലും ഉണരാനുള്ള നേരമായിട്ടില്ല. മുന്നിൽ ആദ്യം കണ്ട വഴിയിലൂടെ ഞങ്ങൾ മുന്നോട്ടു നടന്നു. കാഴ്ചയിൽ ബഹുനിലക്കെട്ടിടങ്ങളെ അനുസ്മരിപ്പിക്കുമെങ്കിലും ഒറ്റനിലക്കെട്ടിടങ്ങൾ നിറഞ്ഞ ഒരു പാർപ്പിടമേഖലയായിരുന്നു അത്. കാർ പോർച്ചുകളില്ലാത്ത വീടുകൾ. വാഹനങ്ങളെല്ലാം വീടിന്നരികു ചേർന്ന നിരത്തിൽ മഞ്ഞിൻപുതപ്പണിഞ്ഞു സുഖമായി കിടന്നുറങ്ങുന്നു. മതിലുകൾക്കു പകരം പൂച്ചെടികൾകൊണ്ട് വേലികൾ തീർത്ത് മനോഹരമാക്കിയ പരിസരങ്ങൾ, നമ്മുടെ പഴയ നാട്ടിൻപുറങ്ങളെ ഓർമിപ്പിക്കുന്നു. അതിരുവേലിക്കും നടപ്പാതയ്ക്കും ഇടയിലുള്ള സ്ഥലം പുല്ലുപിടിപ്പിച്ച് മനോഹരമാക്കിയിട്ടുണ്ട്- നായ്ക്കളെ അവിടേക്കു പ്രവേശിപ്പിക്കരുത് എന്നൊരറിയിപ്പോടെ... അങ്ങിങ്ങ് ചില യുവതികൾ മാത്രം പുലരിമഞ്ഞിനെക്കൂസാതെ നിരത്തിലൂടെ പഠിക്കാനോ പണിയെടുക്കാനോ വേണ്ടി തിരക്കിട്ടു നടന്നുപോകുന്നു. എതിരെ വരുന്ന അപരിചിതരായ കറുത്ത വിദേശികളെ കണ്ട ഭാവമേയില്ല. ഇവന്മാർ ആരെന്ന പകച്ചുനോട്ടമില്ല. അവർക്ക് അവരുടെ വഴി!

കുത്തനെയുള്ള ഇറക്കങ്ങളും അത്രയുംതന്നെ കയറ്റങ്ങളും പിന്നിട്ടുകഴിഞ്ഞപ്പോൾ ആ തണുപ്പിലും വിയർക്കാനും കിതയ്ക്കാനും തുടങ്ങി. അവിടെനിന്നും സൂറിച്ച് എയർപോർട്ടിലേക്കെത്താൻ പിന്നെ ദൂരം അധികമില്ലായിരുന്നു. വന്നിറങ്ങുകയും പറന്നുപൊങ്ങുകയും ചെയ്യുന്ന ആകാശനൗകകളുടെ സമീപദൃശ്യങ്ങൾ...

പിന്നിട്ടതിനേക്കാൾ ദൂരമുണ്ടായിരുന്നു തിരിച്ചുനടക്കുമ്പോൾ. മഞ്ഞിലൂടെ ഓടിയും നടന്നും തിരികെ ഹോട്ടലിൽ എത്തുമ്പോഴേക്കും ക്ലോഡിയൻ ഞങ്ങളുടെ ലഗേജുകൾ തന്റെ 'ട്രോട്ട'യിൽ കുത്തിനിറയ്ക്കുകയായിരുന്നു. ഒപ്പം സിഗററ്റ് വലിക്കുകയും മൊബൈൽഫോണിൽ ആരോടോ കലഹിക്കുകയും!



ഫോട്ടോ: Roland zh

സൂറിച്ചിലെ ഒരു കാഴ്ച

# പണ്ടുപണ്ടൊരു ദേശത്ത്...

**റോസ്മേരി**

"അത്തമാണത്തമാണീദിനത്തിൽ,
അത്തലിങ്ങാലയം വിട്ടുപോണം!
പത്തുനാളേവർക്കും ചിത്തതാരിൽ,
മുത്തണിയിക്കുന്നോരോണമെത്തി!''

മലയാളത്തിന്റെ പ്രിയ കവി കുഞ്ഞിരാമൻ നായരുടെ വരികൾ. ഓണത്തെക്കുറിച്ചും ചിങ്ങത്തിലെ തെളിഞ്ഞ പകലുകളെക്കുറിച്ചും രാവുതോറും പരന്നൊഴുകുന്ന ചിങ്ങനിലാവിനെക്കുറിച്ചുമൊക്കെ എത്രയെത്ര മനോജ്ഞചിത്രങ്ങളാണ് പി നമുക്കു സമ്മാനിച്ചത്.

ഓണം ഏതു മലയാളിയുടെയും മനസ്സിൽ ആഹ്ലാദത്തിന്റെ എണ്ണമറ്റ അനുഭൂതികൾ ഉണർത്തുന്നു. ആ ആഘോഷവേളയിൽ നമ്മുടെ വീടുകളിൽനിന്നും ദുഃഖവും വ്യസനവും ദുരിതങ്ങളുമൊക്കെ നീങ്ങിപ്പോകട്ടെ എന്നു കവി ആഗ്രഹിക്കുന്നു.

അനേകം വർഷങ്ങൾക്കു മുമ്പ് ഒരു ചെറിയ കുട്ടി ആയിരുന്ന കാലത്താണ് ഞാൻ ഓണത്തെ ഏറെ ആസ്വദിച്ചത്. കാഞ്ഞിരപ്പള്ളിയിലെ പാറത്തോട് എന്ന ഗ്രാമം. അവിടെ ഇടക്കുന്നം എന്ന ദിക്കിലാണ് ഞാൻ ജനിച്ചുവളർന്നത്.

ചുറ്റും മലകളാൽ ചുറ്റപ്പെട്ട ഒരു പ്രദേശം. അവിടവിടെയായി ചിതറിക്കിടക്കുന്ന പാറക്കൂട്ടങ്ങൾ. വെളിഞ്ഞിലുകളും മാനത്തുകണ്ണികളും നീന്തിക്കളിക്കുന്ന ചെറിയ പൊയ്കകൾ. വീടിനു താഴെയുള്ള ചെമ്മൺനിരത്തിലൂടെ ഇടയ്ക്കിടെ കുടമണി ശബ്ദത്തോടെ നീങ്ങുന്ന കാളവണ്ടികൾ... ചുറ്റോടുചുറ്റും റബർമരക്കാടുകൾ.

ഞാൻ താമസിച്ചിരുന്ന ആ ഉൾപ്രദേശത്ത് അത്ര വിപുലമായ ഓണാഘോഷമൊന്നും അന്നുണ്ടായിരുന്നില്ല. ചെത്തുകാരൻ ഗോപാലൻ കമ്പിളിനാരകത്തിന്റെ കൊമ്പിൽ കെട്ടിത്തരുന്ന ഒരൂഞ്ഞാൽ. തിരുവോണ



വര: ലിബേഷ് എൻ വി

ദിവസം വാഴയിലിൽ വിളമ്പി ഉണ്ണുന്ന ഒരു പച്ചക്കറിസദ്യ. പിന്നെ വലിയ ഓട്ടുരുളിയിൽ തയ്യാറാക്കപ്പെടുന്ന ശർക്കര പ്പായസം. കഴിഞ്ഞു. ഇത്രയൊ ക്കെയേ ഉണ്ടായിരുന്നുള്ളൂ ഞങ്ങളുടെ ഓണം കൊണ്ടാ ടൽ.

പക്ഷേ കുട്ടികളായ കുട്ടി കളൊക്കെയും ആവേശ ത്തോടെ കാത്തിരുന്ന ഒരു വേളയുണ്ട്. ഓണാവധിക്കാലം. വല്ലപാടും അവസാനത്തെ പരീക്ഷ എഴുതിത്തീർത്ത്, വീട്ടിൽ എത്തേണ്ട താമസം പുസ്തകക്കെട്ട് ഒരു മൂലയിൽ കൊണ്ടിടുന്നു. പിന്നെ രാപ കൽ കളിതന്നെ കളി. ഇനി കുറെ ദിവസത്തേക്ക് ഹോം വർക്കുകളില്ല. തണുതണുത്ത വെളുപ്പാൻകാലത്ത് പാതിമന സ്സോടെ കിടക്കവിട്ടെണീക്കേ ണ്ടതില്ല. എന്റെ എക്കാല ത്തെയും പേടിസ്വപ്നമായ കണക്കു പീര്യഡുകളില്ല....

ഞങ്ങളുടെ വീട്ടിൽ ആറു മക്കൾ. അയലത്തു പലപ്രായ ത്തിൽപ്പെട്ട ഏഴെട്ടു ചങ്ങാതി മാർ. എല്ലാവരുമൊത്ത് ആ കുന്നിൻപുറത്തെങ്ങും ചുറ്റി ത്തിരിയാം. കള്ളനും പോലീസും കളിക്കാം. കല്ലു വെട്ടാൻ കുഴിയിൽ നീന്തി ത്തുടിക്കാം. മീൻ പിടിക്കാം. ഹാ, എന്തെന്തെല്ലാം രസ ങ്ങൾ! കവി പാടിയതുപോലെ ഏവരുടെയും മനസ്സുകളെ മുത്തണിയിക്കുന്ന ഉല്ലാസ വേള തന്നെ!

ഇത്തരം അവധിക്കാലങ്ങ ളിലാണ്, അടുത്തും അകലെ യുമുള്ള ബന്ധുക്കളും മിത്ര ങ്ങളും നമ്മുടെ വീട്ടിലേക്കു വരിക. അന്നൊക്കെ ആളു കൾക്കു തിരക്കും ധൃതിയു മൊന്നും തീരെയില്ല. അതു കൊണ്ടുതന്നെ വീട്ടിലെത്തു ന്നവർ രണ്ടും മൂന്നും ദിവസ മൊക്കെ താമസിച്ചിട്ടു മടങ്ങു

**എന്താണപ്പാ, ആ കവറിനുള്ളിൽ? ഞങ്ങളുടെ അക്ഷമ കണ്ടു സഹികെട്ട് അമ്മ കൂടുപൊട്ടിച്ചു. എന്റെ ദൈവമേ, അതിനുള്ളിൽ നിറയെ ജിലേബികൾ! നല്ല ഓറഞ്ചിന്റെ നിറത്തിൽ. മിനുമിനാന്നങ്ങനെ...**
**അതിനുമുമ്പ് ജീവിതത്തിൽ ഒരിക്കൽമാത്രമാണ് ഞങ്ങൾ ജിലേബി കഴിച്ചിട്ടുള്ളത്.**

ന്നതായിരുന്നു അക്കാലത്തെ പതിവ്.

ടെലിവിഷനോ മറ്റു വിനോദോപാധികളോ ഇല്ലാ തിരുന്ന ആ നാളുകളിൽ വീട്ടിലെത്തുന്ന ഈ അതിഥി കളായിരുന്നു ഞങ്ങളുടെ ദിവസങ്ങളെ കുറെയേറെ സംഭവബഹുലമാക്കിയിരു ന്നത്. കടന്നുവരുന്ന ഓരോ വ്യക്തിയും ഓരോ പുതിയ ലോകവും കൊണ്ടാണ് എത്തിച്ചേരുന്നത്. ഓരോരു ത്തരും പറയുന്ന വിശേഷ ങ്ങൾ, പങ്കുവയ്ക്കുന്ന ചിന്ത കൾ, സംഭാഷണത്തിന്റെ ശൈലി, ജീവിതത്തോടുള്ള സമീപനം. ഒക്കെയും എത്രയോ വ്യത്യസ്തം അല്ലേ?

ഏതാണ്ട് രണ്ടുമാസം കൂടുമ്പോഴെങ്കിലും വീട്ടിലെ ത്താറുള്ള പ്രിയങ്കരനായ ഒരു വ്യക്തിയുണ്ട്. അമ്മയുടെ ഏറ്റവും മൂത്ത സഹോദരൻ! പേര് വർക്കി വള്ളിക്കാപ്പൻ. ഞങ്ങൾ വർക്കിച്ചനച്ചൻ എന്നു വിളിക്കും (അമ്മാച്ചൻ എന്നതു ലോപിച്ച് അച്ചൻ എന്നായി) ഞങ്ങൾ അത്യു ത്സാഹത്തോടെ കാത്തിരി ക്കുന്ന അതിഥി. ഒപ്പം ഭാര്യ റോസമ്മയമ്മായിയും കാണും. തീക്കോയിക്ക് അടുത്തുള്ള മാർമല എന്ന ചെങ്കുത്തായ മലയുടെ നിറുകയിലാണ് അവരുടെ വസതി.

വർക്കിച്ചനച്ചൻ ആൾ പരമരസികനാണ്. എപ്പോഴും തമാശകൾ പറഞ്ഞുകൊണ്ടി രിക്കും. സൈഗളിന്റെയും പങ്കജ് മല്ലിക്കിന്റെയുമൊക്കെ

പാട്ടുകൾ ശ്രുതിമധുരമായി ആലപിക്കും. വായിച്ച പുസ് തകങ്ങളെക്കുറിച്ചും ഏറ്റവും പുതിയ ഇംഗ്ലീഷ് സിനിമക ളെക്കുറിച്ചും വിവരിക്കും. അച്ചൻ വീട്ടിലുള്ളപ്പോൾ രാത്രി മൂന്നുമണിവരെ യൊക്കെ സദസ്സങ്ങനെ നീണ്ടുപോകും. കളിചിരി കളും പാട്ടും തമാശയുമായ്. ഉറക്കം എങ്ങോട്ടോ പറന്നു പോകും.

അച്ചന്, കുട്ടികളോട് ഒരു പ്രത്യേക വാത്സല്യമുണ്ടായി രുന്നു. അടുത്തു വിളിച്ചി രുത്തി വിശേഷങ്ങൾ ചോദി ക്കും. ഓമനിക്കും. വരുമ്പോ ഴൊക്കെ ഞങ്ങൾക്കായി എന്തെങ്കിലും പലഹാരങ്ങൾ കരുതും. കുട്ടികളെ അത്ര കാര്യമായൊന്നും ആരും പരിഗണിക്കാത്ത കാലം. അതുകൊണ്ടുതന്നെ അച്ചൻ തരുന്ന പ്രാധാന്യം ഞങ്ങളെ ശരിക്കും സന്തോഷിപ്പിച്ചി രുന്നു.

ഞാൻ, നാലാംക്ലാസ്സിൽ പഠിക്കുമ്പോഴത്തെ ഒരോണ ക്കാലം. അന്ന് ഓണത്തിന്റെ തലേന്നാണ് അച്ചനും അമ്മാ യിയും എത്തിച്ചേർന്നത്. പതിവുപോലെ, ഞങ്ങൾ ക്കുള്ള സമ്മാനപ്പൊതിയു മുണ്ട്.

''ഇത്തവണ പിള്ളേർക്ക് ഒരു രസ്യൻ സംഗതിയാ കൊണ്ടുവന്നേക്കുന്നേ. കോട്ട യത്തെ റൊസാരിയോയുടെ ബേക്കറീന്നാ...''

തവിട്ടുനിറമുള്ള പാക്കറ്റ്. മേശമേൽവെച്ചുംകൊണ്ട്

അമ്മായി പറയുന്നു.

എന്താണപ്പാ, ആ കവറിനുള്ളിൽ? ഞങ്ങളുടെ അക്ഷമ കണ്ടു സഹികെട്ട് അമ്മ കൂടു പൊട്ടിച്ചു. എന്റെ ദൈവമേ, അതിനുള്ളിൽ നിറയെ ജിലേബികൾ! നല്ല ഓറഞ്ചിന്റെ നിറത്തിൽ. മിനുമിനാന്നങ്ങനെ...

അതിനുമുമ്പ് ജീവിതത്തിൽ ഒരിക്കൽ മാത്രമാണ് ഞങ്ങൾ ജിലേബി കഴിച്ചത്. മാളീക്കലെ വത്സമ്മചേച്ചിയുടെ മനസ്സമ്മതവിരുന്നിന്. അതിന്റെ ആകർഷകമായ നിറവും ചാരുതയാർന്ന ഡിസൈനും ഉള്ളിൽനിന്നു കിനിഞ്ഞിറങ്ങുന്ന തേൻകിനിയും മധുരസവുമൊക്കെ അന്നെന്നെ ഏതാണ്ടൊരു സ്വർഗീയാനന്ദത്തിലേക്ക് എത്തിച്ചു എന്നുതന്നെ പറയാം.

പറഞ്ഞപോലെ, വൈകുന്നേരം എളേമ്മയും പിള്ളേരും വന്നുചേർന്നു. അവർക്കായി അമ്മ ജിലേബി തിരയുമ്പോഴുണ്ട്, അലമാരിപ്പുറം, ശുദ്ധശൂന്യം! റൊസാരിയോ ബേക്കറിയുടെ പേരെഴുതിയ കടലാസുകൂടുപോലും എങ്ങുമേ കാണ്മാനില്ല. ഇതെന്തു മറിമായം? അമ്മയ്ക്കു സങ്കടവും ദേഷ്യവും ഒരുപോലെ വരുന്നു.

എന്റെ ചങ്ങാതിമാരേ, നിങ്ങൾക്കിതു കേട്ടുചിരി വരുന്നുണ്ടാവും... ഒരു ജിലേബിയിൽ ഇത്രയ്ക്കെന്തുണ്ട്. എന്നൊരു പരിഹാസച്ചിരി. ആ വിദൂരഭൂതകാലത്ത്, അച്ചപ്പം, കുഴലപ്പം, അവലോസുണ്ട ഇവ മാത്രമായിരുന്നു ഞങ്ങളുടെ ദേശത്തെ പലഹാരങ്ങൾ. ഏതു വീട്ടിൽച്ചെന്നാലും ഇതുമാത്രം. ജിലേബിയും ലഡുവും മൈസൂർപാവുമൊക്കെ വിരളമായ് മാത്രം കരഗതമാവുന്ന അപൂർവ വിസ്മയങ്ങൾ.

''മധുരമൊക്കെ ഇനി ഊണുകഴിഞ്ഞ്.''

അമ്മ പ്രഖ്യാപിച്ചു. പക്ഷേ ഞങ്ങൾ അക്ഷമ കൊണ്ടു പൊറുതിമുട്ടി. ഒടുക്കം ആളാംവീതം ഓരോന്നു വിതരണം ചെയ്തു. ബാക്കിയുള്ള ഏഴെട്ടെണ്ണം ഭദ്രമേ പൊതിഞ്ഞ് അലമാരപ്പുറത്ത് പ്രതിഷ്ഠിച്ചുംകൊണ്ട് മുറിവിട്ടു പോകും മുമ്പായ് അമ്മയുടെ താക്കീത്.

''ഇനിയുള്ളത് ആരും തൊട്ടേക്കരുത്. വൈകിട്ട് നമ്മുടെ കുഞ്ഞുമേരി വരും. അവൾടെ പിള്ളേർക്കു കൊടുക്കാനാ!''

കുഞ്ഞുമേരി എളേമ്മയ്ക്കു മഹാവികൃതിക്കണ്ടപ്പന്മാരായ മൂന്ന് ആമ്പിള്ളേരാണ്. ഹോ. ഇനിയുള്ള ജിലേബിയത്രയും ആ തലതിരിഞ്ഞ ചെറുക്കന്മാർക്കു കൊടുക്കാൻ പോണു....

ഞങ്ങൾക്കതു തീരെ പിടിച്ചില്ല. പക്ഷേ, അമ്മ മഹാ കർക്കശക്കാരിയാണ്. അനുസരിച്ചില്ലെങ്കിൽ അടി ഉറപ്പ്. അതുകൊണ്ട് പ്രതിഷേധമൊന്നും പുറത്തുകാട്ടാതെ ജിലേബിയുടെ ഇതളുകൾ ഓരോന്നായ് അടർത്തിയെടുത്ത് ഏവരും അതാസ്വദിച്ചുകൊണ്ടിരുന്നു.

പറഞ്ഞപോലെ, വൈകുന്നേരം എളേമ്മയും പിള്ളേരും വന്നുചേർന്നു. അവർക്കായി അമ്മ ജിലേബി തിരയുമ്പോഴുണ്ട്, അലമാരിപ്പുറം, ശുദ്ധശൂന്യം! റൊസാരിയോ ബേക്കറിയുടെ പേരെഴുതിയ കടലാസുകൂടുപോലും എങ്ങുമേ കാണ്മാനില്ല.

ഇതെന്തു മറിമായം? അമ്മയ്ക്കു സങ്കടവും ദേഷ്യവും ഒരുപോലെ വരുന്നു.

''പിള്ളേരുള്ള വീടല്ലേ, അതൊന്നും അത്ര കാര്യമാക്കേണ്ട!''

റോസമ്മായി, അമ്മയെ അനുനയിപ്പിക്കാൻ ശ്രമിച്ചു. എന്നിട്ടും അമ്മയുടെ ഉള്ളിലെ അലോസരം മാറിയില്ല. കുട്ടികൾ കള്ളം പറയുന്നത് അമ്മയ്ക്കു സഹിക്കവയ്യ. ആരുമില്ലാത്ത നേരത്ത് ആൾ ഞങ്ങളെ ചോദ്യംചെയ്യൽ ആരംഭിച്ചു. ജിലേബിയെക്കുറിച്ചു യാതൊരു മനസ്സറിവുമില്ലെന്ന് ഞങ്ങൾ അഞ്ചുപേരും തറപ്പിച്ചു പറഞ്ഞു. അടുത്തത് കൊച്ചുതൊമ്മന്റെ ഊഴമാണ്. അവനെന്താണു പറയുന്നതെന്നു കേൾക്കാൻ എനിക്കാകാംക്ഷയായി.

ജിലേബിയുടെ തിരോധാനത്തിനു പിന്നിൽ തൊമ്മനാണെന്ന് എനിക്കു ബലമായ സംശയം. അമ്മ കലവറയിൽ ഒളിച്ചുവയ്ക്കാറുള്ള ശർക്കര, തേൻ, കൽക്കണ്ടം ഇവയൊക്കെ പാത്തുപതുങ്ങിവന്ന് അവൻ ശാപ്പിടുന്നത് ഞാൻ പലതവണ എന്റെ കണ്ണാലെ കണ്ടിട്ടുണ്ട്.

സംഗതി പുറത്തു പറയാതിരിക്കാൻ എനിക്ക് വളരെ ചെറിയയൊരു പങ്ക് വച്ചുനീട്ടും. പക്ഷേ യാതൊരു പ്രകോപനവുമില്ലാതെ ഇടയ്ക്കിടെ തൊമ്മൻ എന്നോടു പിണങ്ങും. എന്നിട്ട് തികച്ചും ഹൃദയശൂന്യനായ് എന്നെ ഒറ്റിക്കൊടുക്കും. ശർക്കരഭരണി കാലിയാക്കിയത് ഞാനാണെന്നൊക്കെ അമ്മയോടു തട്ടിവിടും. നിരപരാധിത്തം തെളിയിക്കാനാവാതെ ശകാരമത്രയും ഞാൻ ഒറ്റയ്ക്ക് ഏറ്റുവാങ്ങേണ്ടിവരും.

തൊമ്മൻ, വീട്ടിലെ ഇളയ സന്താനമാണ്. അതിബുദ്ധി



പിടിച്ച ഒരു നാലു വയസ്സുകാരൻ. ഇരുണ്ടനിറവും സദാ ജിജ്ഞാസയാൽ തിളങ്ങുന്ന ഉണ്ടക്കണ്ണുകളും ഉരുണ്ടു കൊഴുത്ത രൂപവും ആരെയും മയക്കുന്ന സംസാരവും ഒക്കെക്കൂടി തൊമ്മന് ഒരു പരമനിഷ്കളങ്കന്റെ മട്ടും ഭാവവുമായിരുന്നു.

യാതൊരു ചാഞ്ചല്യവുമില്ലാതെ, തൊമ്മനും കുറ്റം നിഷേധിച്ചു. വൈകുന്നേരം വരെ അക്കരേലെ ദാനവന്റെ ഒപ്പം താൻ മീൻപിടിക്കയായിരുന്നുവെന്ന് അവൻ ആണയിട്ടു പറഞ്ഞു. തെളിവിനായി ഒരു ചിരട്ടയിലെ വെള്ളത്തിൽ നീന്തുന്ന ഏതാനും മീൻകുഞ്ഞുങ്ങളെയും ഹാജരാക്കി.

പിറ്റേന്ന് ഓണമെത്തി. ചേച്ചിമാർ കളം വരച്ച് മുറ്റത്ത് അക്കു കളിക്കുകയാണ്. നോക്കുമ്പോഴുണ്ട് ചുവരിലൂടെ ഉറുമ്പുകളുടെ ഒരു വമ്പൻ ജാഥ. നൂറുകണക്കിനു കറുത്ത ഉറുമ്പുകൾ വരിവരിയായങ്ങനെ മുന്നേറുന്നു...

എങ്ങോട്ടാണോ ഈ നെടുങ്കൻ ഘോഷയാത്ര? ഞാനവരുടെ പാത പിന്തുടർന്നു. പഴയ വസ്തുക്കൾ സൂക്ഷിക്കുന്ന മുറിയിൽ തൊമ്മന്റെ വക ഒരു ചെറിയ തകരപ്പെട്ടിയുണ്ട്. ആളിന്റെ ഇഹലോകസമ്പത്തുകളത്രയും അതിനുള്ളിലാണു സൂക്ഷിക്കുന്നത്. കാലപ്പഴക്കത്തിൽ അതിന്റെ വായ ലേശം തുറന്നാണിരിപ്പ്. ആ പെട്ടിക്കുള്ളിലേക്കാണ് ഇക്കണ്ട ഉറുമ്പുകളത്രയും തിരക്കിട്ടു നൂണു കടക്കുന്നത്.

അടപ്പു തുറന്നപ്പോൾ അതാ ജിലേബിയുടെ കൂട് അതിനുള്ളിൽ! തൊമ്മൻ അതിവിദഗ്ധമായ്, ആരുടെയും കണ്ണിൽപ്പെടാതെ, സംഗതി പെട്ടിക്കുള്ളിൽ നിക്ഷേപിച്ചു. പിന്നീട് അക്കാര്യം മറന്നുംപോയി!

എനിക്കു സന്തോഷമായി. കുറെക്കാലമായി തൊമ്മന്റെ അഹമ്മതികൾ ഞാൻ നിശ്ശബ്ദം സഹിച്ചുപോരുകയാണ്. എന്നെക്കാൾ അഞ്ചു വയസ്സിന് ഇളയതാണെങ്കിലും തൊമ്മന് അങ്ങനെയൊരു ചിന്തയേ ഇല്ല. തരം കിട്ടുമ്പോഴൊക്കെ എന്നെ തല്ലുകയും ഞോണ്ടുകയും ഉപദ്രവിക്കുകയും... ആ ചിരകാല ശത്രുവിനോടു പകരം വീട്ടാൻ ഇതുതന്നെ അവസരം.


അത്യുത്സാഹത്തോടെ വിളിച്ചുകൂവിക്കൊണ്ട് ഞാൻ അമ്മയുടെ അടുത്തേക്കു പാഞ്ഞു. ബഹളം കേട്ട് തൊമ്മനും സ്ഥലത്തെത്തി. പെട്ടിക്കുള്ളിലെ കാഴ്ചകണ്ട് ആൾ അന്തംവിട്ടു. പലഹാരക്കൂടിനെ പൊതിഞ്ഞ് പതിനായിരക്കണക്കിന് ഉറുമ്പുകൾ. ജിലേബി ഒറ്റ ഒരെണ്ണം പോലും ഇനി ബാക്കിയില്ല. അവശേഷിച്ചത് ഓറഞ്ചുനിറത്തിലുള്ള ഏതാനും പൊട്ടും പൊടിയും മാത്രം!

ഹാ, തന്റെ പുന്നാര ജിലേബികൾ ഇവ്വിധം അപ്രത്യക്ഷമായല്ലോ! സങ്കടം താങ്ങാനാവാതെ തൊമ്മൻ വാവിട്ടു നിലവിളിച്ചു. മണ്ണിൽ കിടന്ന് ഉരുണ്ടു പിരണ്ടു. അതിനുപുറമേ നല്ല ഒന്നാന്തരം പേരക്കമ്പുകൊണ്ട് അമ്മയുടെ വക പ്രഹരവും! 'പലനാൾ കള്ളൻ, ഒരുനാൾ പിടിക്കപ്പെടും' എന്നല്ലോ ആപ്തവാക്യം!



KSFE
പൊന്നോണ ചിട്ടികൾ 2017
G.O. (Rt) No. 482/2017/TD dt. 19/06/2017
ഈ ഓണം സമ്മാനപ്പൊന്നോണം*
1-ാം സമ്മാനം
മാരുതി ciaz zeta 1.4 AT കാർ
50 പവൻ സ്വർണ്ണം അഥവാ 12 ലക്ഷം രൂപ അഥവാ
2-ാം സമ്മാനം
റോയൽ എൻഫീൽഡ് ബുള്ളറ്റ് Classic 350
1.5 ലക്ഷം രൂപ അഥവാ
20 എണ്ണം
3-ാം സമ്മാനം
സ്മാർട്ട് ഫോൺ
75 എണ്ണം
ചിട്ടിയിൽ ചേരുന്ന എല്ലാവർക്കും
കെ എസ് എഫ് ഇ യുടെ
സ്നേഹോപഹാരമായി
ഒരു കുടത്തണൽ
• അത്യാഹിത പരിരക്ഷ • പ്രത്യേക ചിട്ടി വായ്പാ സൗകര്യം
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്
പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232
Email: mail@ksfe.com Website: www.ksfe.com
വളരുന്ന കേരളത്തിന്റെ വിരലടയാളം
*നിബന്ധനകൾക്ക് വിധേയം

# കോർണെറ്റ് ബുക്സ് പ്രസിദ്ധീകരണങ്ങൾ




CORNET BOOKS

# കോർണെറ്റ് ബുക്സ്


ആദം ടവർ, എം.സി. റോഡ്, കോട്ടയം 686001
ഫോൺ: 9447051734. e-mail: printsolutionsktm@gmail.com

# കുട്ടിമുത്തശ്ശി

തനൂജ ഭട്ടതിരി

പാത്രങ്ങളൊക്കെ കലപില വീഴുന്ന ശബ്ദംകേട്ട് കുട്ടിമുത്തശ്ശി ഓടി അടുക്കളയിലെത്തി. സ്കൂളില്ലാത്ത ദിവസം ഉച്ചയ്ക്കൽപ്പനേരം കിടക്കാൻ കൂടി പറ്റില്ല.

''എന്താ കുട്ടികളെ നിങ്ങളിവിടെ കുസൃതി കാണിക്കുന്നത്?''

അപ്പുവും അമ്മുവും ഒന്നു മറിയാത്തപോലെ കണ്‍മിഴിച്ചു നോക്കി.

''കുട്ടിമുത്തശ്ശി പോയി കിടന്നോളൂ. ഞങ്ങൾ വെള്ളം കുടിക്കാൻ വന്നതാ.''

''വെള്ളം കുടിക്കാനോ? അതവിടെ പാത്രത്തിലുണ്ടല്ലോ? അയ്യയ്യ... എന്താ കൈയില് പുറകിലാക്കി വച്ചിരിക്കണെ. കാണിക്കെന്റെ അപ്പുവേ...''

അപ്പു മടിച്ചുമടിച്ച് കൈ മുന്നോട്ടാക്കി. ലേസിന്റെ പാക്കറ്റ്... മുത്തശ്ശിക്ക് ദേഷ്യം വന്നു.

''ഇതൊന്നും കഴിക്കാൻ പാടില്ലാന്ന് നിന്റെ അച്ഛൻ എപ്പോഴും പറയണതല്ലേ?''

വയറു കേടാക്കണ ഓരോ സാധനങ്ങള്... എന്തിനാ വെറുതെ അച്ഛനേം അമ്മേം കൊണ്ട് ചീത്ത പറയിക്കണേ... മഹാചീത്ത സാധനങ്ങളാ ഇതൊക്കെ.''

അപ്പുവും അമ്മുവും അനുനയസ്വരത്തിൽ പറഞ്ഞു.

''ഞങ്ങടെ പുന്നാര കുട്ടിമുത്തശ്ശിയല്ലേ?''

പൊക്കം കുറഞ്ഞ് മെലിഞ്ഞ ആ മുത്തശ്ശിയെ കുട്ടിമുത്തശ്ശിയെന്നാണെല്ലാരും വിളിക്കുക. ഇപ്പോ മക്കളോടെന്ന മട്ടിൽ മകനും കുട്ടിമുത്തശ്ശി എന്നുതന്നെ പറയും. മുത്തശ്ശിക്കത് ഇഷ്ടവുമാണ്. കുട്ടിത്തം നല്ലതല്ലേ? അത് നഷ്ടപ്പെടാതിരുന്നാൽ മതി.

''അതേയ് അച്ഛൻ പറഞ്ഞിട്ടുണ്ട്. വല്ലപ്പോഴും ഒക്കെ ഇതൊക്കെ കഴിക്കാംന്ന്. എപ്പഴും പാടില്ലാന്നേയുള്ളൂ. അല്ലെങ്കിൽ അച്ഛൻ ഇതു വാങ്ങി ഒളിച്ചു വയ്ക്കില്ലല്ലോ ഇവിടെ...''

കുട്ടിമുത്തശ്ശി ചിരിച്ചു.

''ഇതാ ഇപ്പ കഥ. ഇനി നിന്റെ അച്ഛൻ വരുമ്പോൾ ഒളിച്ചു വച്ചിരുന്ന സാധനം പുറത്തു വന്നതിനു വഴക്കു പറയില്ലേ? ഇവിടെ തരൂ അത്. പിന്നെ കഴിക്കാം.ഇപ്പ വേണ്ട.''

അപ്പു ഓടിക്കളഞ്ഞു. അമ്മു അപ്പൂന്റെ പിറകേ ഓടി.

''എനിക്കല്പം കൂടി തരൂ അപ്പോട്ടാ, എനിക്ക് ഒട്ടും കിട്ടിയില്ല.''

അപ്പൂന് ദേഷ്യം വന്നു.

''പാക്കറ്റിലാകെ കുറച്ചേയുള്ളൂ. നീ അതൊക്കെ നേരത്തേ എടുത്തു തിന്നു കാണും. എന്നിട്ടിനീം വേണംന്ന്. തരില്ല ഞാൻ''

അമ്മു കരയാൻ തുടങ്ങി.

''ഞാനെടുത്തില്ല സത്യായിട്ടും...''

അപ്പൂന് ദേഷ്യം അടങ്ങിയില്ല.

''കള്ളി കള്ളി ... അല്ലെങ്കിൽ ഈ കൂടെങ്ങനെ പകുതിയായി?''

അമ്മൂന് വല്ലാതെ ദേഷ്യം വന്നു. കള്ളിയാണത്രെ. വേണ്ട, ലേസും വേണ്ട ഒന്നും വേണ്ട. അമ്മയോടു പറയാം, തന്നെ കടയിൽ കൊണ്ടു പോകാൻ.

അമ്മു അപ്പോൾ തന്നെ അമ്മയെ വിളിച്ചു.

''അമ്മ നേരത്തെ വരണം. എനിക്കു കടയിൽ പോകണം.''

അമ്മു അങ്ങനെ ഒന്നും ആവശ്യപ്പെടാത്ത കുട്ടിയാണ്. അവൾ എന്തെങ്കിലും പറഞ്ഞാൽ അതുകൊണ്ട് സാധിച്ചുകൊടുക്കുകതന്നെ വേണം. അമ്മ അന്നു നേരത്തേ എത്തി. മകൾ റെഡിയായി കാത്തുനിന്നു. കടയിൽനിന്നു മറ്റൊന്നും അവൾക്കു വാങ്ങാനുണ്ടായിരുന്നില്ല. രണ്ടു പാക്കറ്റ് ലേസ്. അമ്മ ചിരിച്ചു.

''അതേമ്മാ.... എനിക്ക് കൊതി വന്നു. അപ്പുവേട്ടൻ എനിക്ക് തന്നില്ല.''

അമ്മ അവളുടെ വിരലുകളിൽ മുറുകെ പിടിച്ചു.

''നിനക്കൊരു പാക്കറ്റ് പോരേ? എന്തിനാ പിന്നെ രണ്ടു പാക്കറ്റ്?''

അവൾ തലയുയർത്തി അമ്മയെ നോക്കി.

''ഒരു പാക്കറ്റ് അപ്പുവേട്ടനാ... എനിക്കു തന്നില്ലേല്ലും ഞാൻ അപ്പുവേട്ടനു കൊടുക്കും.''

അമ്മ അവളെ ചേർത്തു നിർത്തി നെറ്റിയിലുമ്മ വച്ചു.

''കുട്ടീ, ഇതത്ര നല്ല സാധനമൊന്നുമല്ല. വല്ല അസുഖമൊക്കെ വരും. കുട്ടിമുത്തശ്ശി കൊഴുക്കട്ടയും വട്ടയപ്പവും ഒക്കെ ഉണ്ടാക്കിത്തരുന്നുണ്ടല്ലോ? പിന്നെയെന്തിനായിതൊക്കെ?''

"ഇതിനു നല്ല സ്വാദാ അമ്മേ"

അമ്മ കണ്ണു മിഴിച്ചു.

"കുന്തം. ഒരു സ്വാദുമില്ല. നമ്മുടെ വീട്ടിലുണ്ടാക്കുന്ന ഉപ്പേരിയൊക്കെയല്ലേ നല്ലത്! കുട്ടിമുത്തശ്ശി അമ്മയെയാ വഴക്കുപറയുക ഇതൊക്കെ വാങ്ങിത്തരുന്നതിന്."

അമ്മൂന് വലിയ സന്തോഷമായിരുന്നു ലേസ്പാക്കറ്റ് അപ്പൂനു കൊടുക്കുമ്പോൾ. അപ്പൂനാണേൽ ഒരു ചമ്മലും.

"സത്യായിട്ടും അമ്മൂ, ലേസ് മുഴുവൻ ഞാനല്ല കഴിച്ചത്. ആ പാക്കറ്റിൽ ഇത്തിരിയേ ഉണ്ടായിരുന്നുള്ളൂ."

"വീണ്ടും വഴക്കു തുടങ്ങണ്ട."

അമ്മ താക്കീതു ചെയ്തയുടനെ കുട്ടിമുത്തശ്ശി പറഞ്ഞു.

"എല്ലാ നല്ല സ്വാദും ശരീരത്തിന് നല്ലതാവണമെന്നില്ല. നല്ലത് എന്നൊന്ന് അല്പസമയത്തേക്കുള്ളതുമുണ്ട്. മുഴുവൻ സമയത്തേക്കുള്ളതുമുണ്ട്. അല്പസമയത്തേക്കുള്ളത് ആസ്വദിക്കാം. പക്ഷേ അതുമുഴുവൻ സമയത്തെ നശിപ്പിക്കരുത്..."

അമ്മയും കുട്ടികളും കുട്ടിമുത്തശ്ശിയുടെ ഫിലോസഫിയിൽ അന്തംവിട്ടുനിന്നു.

"ഈ കുട്ടിമുത്തശ്ശിയെക്കൊണ്ട് തോറ്റു. അച്ഛനുമമ്മയ്ക്കും ലേസ് വാങ്ങിച്ചുതരുന്നതിന് ഒരു കുഴപ്പവുമില്ല. കുട്ടിമുത്തശ്ശിക്കാണ് പ്രശ്നം മുഴുവൻ. വാങ്ങേണ്ട, വാങ്ങേണ്ടാന്ന് ഇങ്ങനെ പറഞ്ഞോണ്ടിരിക്കും."

അപ്പു പിണക്കത്തോടെ സംസാരിച്ചു.

"ലേസ് പാക്കറ്റ് രണ്ടും പൊട്ടിക്കാതെ അടുക്കളയിൽ കൊണ്ടു വയ്ക്കൂ. പിന്നെ എപ്പോളെങ്കിലും കഴിച്ചാൽ മതി... അതേ ചപ്പാത്തി കഴിച്ചിട്ടു കഴിക്കാം. രണ്ട് കഷണം... അകത്തുവച്ചോളൂ.."

"ശരി അമ്മാ, എന്റെ പാക്കറ്റ് ഞാനൊളിച്ച് വച്ചോളാം. അമ്മു കാണണ്ട"

അപ്പു പറഞ്ഞു.

"പിന്നെ എനിക്ക് അപ്പുവേട്ടന്റെ ലേസ് വേണ്ട. എനിക്കൊണ്ടല്ലോ?"

രണ്ടുപേരും അവരവരുടെ പാക്കറ്റുകൾ ആരും കാണാതെ ഒളിച്ചുവയ്ക്കാൻ പോയി. അമ്മു അടുക്കളയിലോട്ടും അപ്പു കിടപ്പുമുറിയിലേക്കും. ആരുടെ പിറകെ പോകണം എന്ന് കുട്ടിമുത്തശ്ശിക്ക് ആകെ സംശയമായി.

അത്താഴം കഴിഞ്ഞ് അപ്പു പറഞ്ഞു.

"അമ്മൂ നിന്റെ ലേസ് പാക്കറ്റ് പൊട്ടിക്ക്... എന്റേത് പിന്നെ പൊട്ടിക്കാം."

അമ്മു പാവം. പാക്കറ്റെടുത്തപ്പോൾ അതിൽ ആകെ രണ്ടു കഷണം ലേസ്.

"അപ്പുവേട്ടൻ പിന്നേം പറ്റിച്ചു."

അവൾ കരഞ്ഞു.

"സത്യായിട്ടും ഞാനെടുത്തില്ല"

അപ്പു ഉറപ്പിച്ചുപറഞ്ഞു. കുട്ടിമുത്തശ്ശി കൂട്ടിച്ചേർത്തു.

"ലേസ് ചീത്തയാ. തിന്നാത്തതാ നല്ലത്."

അല്പം കഴിഞ്ഞ് അപ്പുവും അമ്മുവും തർക്കിക്കുമ്പോൾ അപ്പുവിന്റെ കിടപ്പുമുറിയിൽ നിന്ന് ഒരു കറുമുറാ ശബ്ദം... ലേസ് പല്ലുകൾക്കിടയിൽ ഞെരിഞ്ഞമരുന്നു. കുട്ടികൾ പതുങ്ങിപ്പതുങ്ങി വന്ന് ആളെ പിടിച്ചു... പതുങ്ങിയിരുന്ന് ലേസ് കഴിക്കുന്ന കുട്ടിമുത്തശ്ശി.

"ആരോഗ്യത്തിനിതത്ര നല്ലതൊന്നുമല്ലെന്റെ കുട്ടികളേ..."

കൊച്ചുമുത്തശ്ശിയും കുട്ടികളും കെട്ടിപ്പിടിച്ച് കട്ടിലിൽ കിടന്നുരുണ്ട് ചിരിച്ചുമറിഞ്ഞു.



വര: സന്ദീപ് കെ ലൂയിസ്



കഥ

# അമ്മേങ്കുഞ്ഞുണ്ണീം പിന്നെ പാച്ചുവും

പ്രിയ എ എസ്

## 1. കവിത

കുഞ്ഞുണ്ണി ഏഴാം ക്ളാസിലെ പാഠപുസ്തകത്തിലെ കവിത കാണാതെ ചൊല്ലാൻ ശ്രമിക്കുകയും ഇടയ്ക്കൊക്കെ തപ്പിത്തടയുകയും അമ്മ അതിഭീകരമായി കുഞ്ഞുണ്ണിയെ നോക്കി കണ്ണുരുട്ടുകയും ചെയ്യുകയായിരുന്നു. അതിനിടെ താഴെ നിന്ന് അമ്മൂമ്മ, എന്തിനോ 'കുഞ്ഞുണ്ണീ...' എന്നുവിളിച്ചു.





വര: സിമി മുഹമ്മ

ഈ കുഞ്ഞുണ്ണിക്ക് നാളെയാണ് ഹിന്ദിപ്പരീക്ഷ, ഇപ്പോഴും കവിത പഠിച്ചിട്ടില്ല എന്ന് അമ്മ മുകളിൽനിന്ന് അമ്മൂമ്മയോട് ഉറക്കെ വിളിച്ചുപറഞ്ഞു .

പാച്ചുവിന് ഇതൊക്കെ നന്നായി രസിച്ചു. അവൻ തുരുതുരാ കളിയാക്കിച്ചിരിക്കാൻ തുടങ്ങി. കുഞ്ഞുണ്ണി അവനെ തറപ്പിച്ചുനോക്കി.

പാച്ചു ആ തറപ്പിച്ചു നോട്ടം കണ്ടതായി ഭാവിക്കാതെ അമ്മയോടൊട്ടിയിരുന്ന് അവന്റെ കിളുന്നു ശബ്ദത്തിൽ പറഞ്ഞു.

''പാച്ചൂനറിയാം അമ്മേ കുഞ്ഞുണ്ണിച്ചേട്ടന്റെ ഹിന്ദി ക്കവിത.''

എന്നിട്ടവൻ കൊഞ്ചിച്ചൊല്ലി, 'യെ ലേഹരേം ഭീ ഗാതീ ഹെ...'

അമ്മ അവനെ കണ്ണു വിടർത്തി നോക്കി ഒരിരിപ്പിരുന്നു.

'അമ്മേ, അവനെ ഒന്നു കെട്ടിപ്പിടിച്ച്, 'ആഹാ നീ കുഞ്ഞുണ്ണിച്ചേട്ടനെ കടത്തിവെട്ടിയല്ലോ' എന്ന് ഒന്ന് പ്രശംസിച്ചേക്ക്' എന്ന് കുഞ്ഞുണ്ണി കുനിഞ്ഞ് അമ്മേടെ ചെവീല് രഹസ്യം പറഞ്ഞു. അമ്മ അതനുസരിച്ച് പാച്ചൂനെ എടുത്ത് മടിയിലിരുത്തി 'മിടുക്കൻ' എന്നു പറഞ്ഞു.

കുഞ്ഞുണ്ണീം ഒരു പിശുക്കും കാണിക്കാതെ, 'നീ ആള് കൊള്ളാമല്ലോ, കെങ്കേമനാണല്ലോ' എന്ന് അവനെ പുകഴ്ത്തി .

അപ്പോ പാച്ചു മുഖം വീർപ്പിച്ച്, 'ഞാൻ ആളല്ല, കരടിക്കുട്ടനാണ്, കുഞ്ഞുണ്ണിച്ചേട്ടന്റെ റ്റെഡിബെയർക്കുട്ടപ്പനാണ്' എന്നു പറഞ്ഞു .

പിന്നെ അവന്റെ ഇത്തിരി നീളക്കൈകൊണ്ട് അമ്മയെ ഇറുക്കെമുറുക്കെ കെട്ടിപ്പിടിച്ച്, 'കുഞ്ഞുണ്ണിച്ചേട്ടൻ മടിയൻ, പാച്ചുക്കുട്ടൻ മിടുമിടുക്കൻ എന്നു പറയമ്മേ' എന്ന് നിർബന്ധം പിടിച്ചു .

അതു കേട്ടപ്പോൾ കുഞ്ഞുണ്ണിക്ക് ദേഷ്യം വന്നു.

'എന്താടാ പറഞ്ഞേ?' എന്ന് കുഞ്ഞുണ്ണി ഒച്ചയു

യർത്തിച്ചോദിച്ചു. പാച്ചു, കുഞ്ഞുണ്ണിയെ തല്ലാൻ ഭാവിച്ചു. കുഞ്ഞുണ്ണി പാച്ചൂന്റെ ചെവി പിടിച്ചു തിരിക്കാൻ നോക്കി.

അമ്മ, 'മതി മതി വഴക്കും ബഹളോം'ന്നു പറഞ്ഞ് പാച്ചൂനെ എടുത്ത് തോളിൽ ക്കിടത്തി.

അമ്മയ്ക്ക് പാച്ചൂനോടാ ണിഷ്ടം ഈയിടെയായി എന്ന് കുഞ്ഞുണ്ണി പിണങ്ങി .

അപ്പോഴമ്മ ഒരു കൈ കൊണ്ട് കുഞ്ഞുണ്ണിയെ കെട്ടി പ്പിടിച്ചു. 'ചേട്ടൻകുട്ടീം അനിയൻകുട്ടീം തമ്മിൽ കുഞ്ഞുവഴക്കൊക്കെയാവാം, പക്ഷേ കൈയാങ്കളിയാവരുത്' എന്നു പറഞ്ഞു.

പാച്ചു, കരഞ്ഞോണ്ട് ഉറങ്ങിപ്പോയി. അവന്റെ സങ്കടക്കിടപ്പുകണ്ടപ്പോൾ സങ്കടം തോന്നി കുഞ്ഞു ണ്ണിക്ക്. കുഞ്ഞുണ്ണി അവനെ അമ്മയുടെ തോളിൽനിന്ന് വാങ്ങി കിടക്കയിൽ കിടത്തി പുതപ്പിച്ചു, ഉരുണ്ടുവീഴാതിരി ക്കാൻ വക്കത്ത് കുഷനും വച്ചു.

എന്നിട്ട് കുഞ്ഞുണ്ണീം അമ്മേം പാച്ചൂന്റെ ഓരോ കവിളിലും ഓരോ ഉമ്മ കൊടുത്തു. കുഞ്ഞുണ്ണി പറഞ്ഞു.

''അമ്മേ  ഈ പാച്ചുനു വേണ്ടി ശബ്ദം നേർപ്പിച്ച് സംസാരിച്ചു സംസാരിച്ച് എന്റെ തൊണ്ട പോക്കായി.''

അങ്ങനെ പറയുന്നതിനി ടെത്തന്നെ കുഞ്ഞുണ്ണിക്ക് ചുമ വന്നു. 'പോയി ചെറു ചൂടുവെള്ളം കുടിക്ക്' എന്നു ചിരിച്ചുകൊണ്ട് കുഞ്ഞു ണ്ണീടെ തലമുടിയിൽ തലോടി നിന്ന് അമ്മ പറഞ്ഞു .

കോണിപ്പടിയിറങ്ങി അടു ക്കളയിലേക്ക് പോകുംമുമ്പ് കുഞ്ഞുണ്ണി അമ്മയെ ഒന്നു തിരിഞ്ഞുനോക്കി ചിരിച്ചു കൊണ്ട് പറഞ്ഞു.

''എന്നാലും നമ്മടെ പാച്ചൂന്റെ ഓരോ കാര്യ ങ്ങളേ...''

ഒന്നുനിർത്തി കുഞ്ഞുണ്ണി തുടർന്നു.

''ഞാൻ ശബ്ദം കൊടുക്കു ന്നതല്ല അവൻ തന്നെ സംസാ രിക്കുന്നതാണ് എന്ന് എനി ക്കുപോലും തോന്നിപ്പോകും ചിലപ്പോ..''

അപ്പോൾ അമ്മ ചോദിച്ചു.

''കളിപ്പാട്ടങ്ങളെ കുട്ടികൾ ശരിക്ക് സ്നേഹിക്കുമ്പോൾ, അവർക്ക് ശരിക്കും ജീവൻ വയ്ക്കും എന്ന് നമ്മള് വായിച്ച കഥകളിലൊക്കെ യില്ലേ?''

''ഒരു ദിവസം പാച്ചുവും പാച്ചുവിന്റെതന്നെ ടെഡിക്കു ട്ടൻ ശബ്ദത്തില് വർത്തമാനം പറയുവായിരിക്കും അല്ലേ അമ്മേ?''

എന്ന് ചോദിച്ച് കോണി പ്പടിയിൽ പാതിവഴിയേ നിന്നു കുഞ്ഞുണ്ണി.

'ഉവ്വായിരിക്കും' എന്നു പറഞ്ഞ് അമ്മ പാച്ചൂവിനെ വാത്സല്യത്തോടെ നോക്കി. കുഞ്ഞുണ്ണി താഴേക്ക് പോകാതെ തിരിച്ചുവന്നു. എന്നിട്ട് പാച്ചുവിന്റെ നെറ്റി യിൽ അരുമയായി തലോടി.

''ഞാൻ വലുതായി പ്ളസ്ടു ഒക്കെ കഴിയുമ്പോ ദൂരെ ദൂരെ പഠിക്കാനൊക്കെ പോയെന്നുവരും. അപ്പോ പ്പിന്നെ എനിക്ക് ഇപ്പഴത്തെ പ്പോലെ നിന്റെ ശബ്ദമാകാ നൊന്നും പറ്റില്ലല്ലോ. അപ്പ ഴേക്കും നീ നിന്റെ ശബ്ദ ത്തില് സംസാരിക്കാൻ പഠിക്കണം. നീ അല്ലാതെ വേറെ ആരാ അമ്മയോട് സംസാരിക്കാൻ അപ്പോഴീ വീട്ടിലുണ്ടാവുക?''

അമ്മ, കുഞ്ഞുണ്ണിയെയും പാച്ചുവിനെയും മാറിമാറി നോക്കി. പാച്ചു ഉറക്കത്തിൽ, 'യെ ലൈഹരേം ഭീ ഗാതീ ഹെ' എന്ന് പാടിയതായി അമ്മയ്ക്കും കുഞ്ഞുണ്ണിക്കും ഒരേ സമയം തോന്നി.

'അവന് ജീവൻ വച്ചു തുട ങ്ങുന്നുണ്ടെന്നാ തോന്നു ന്നത്' എന്ന് കുഞ്ഞുണ്ണി അമ്മയോട് ചേർന്നുനിന്നു കൊണ്ട് പറഞ്ഞു.

'അതെ, നമ്മളവനെ അത്രയ്ക്കും സ്നേഹിക്കു ന്നുണ്ടല്ലോ' എന്നു പറഞ്ഞു അപ്പോഴമ്മ.

**"കളിപ്പാട്ടങ്ങളെ കുട്ടികൾ ശരിക്ക് സ്നേഹിക്കുമ്പോൾ, അവർക്ക് ശരിക്കും ജീവൻ വയ്ക്കും എന്ന് നമ്മള് വായിച്ച കഥകളിലൊക്കെയില്ലേ?"**
**"ഒരു ദിവസം പാച്ചുവും പാച്ചുവിന്റെതന്നെ ടെഡിക്കുട്ടൻ ശബ്ദത്തില് വർത്തമാനം പറയുവായിരിക്കും അല്ലേ അമ്മേ?"**

## 2.മെട്രോ

അമ്മേം കുഞ്ഞുണ്ണീം മെട്രോയില് കേറീട്ട് വന്ന് അമ്മൂമ്മയോട് മെട്രോ വിശേഷം പറയുകയായി രുന്നു. പെട്ടെന്ന് കുഞ്ഞുണ്ണി എന്തോ ഓർത്തപോലെ ചുറ്റും നോക്കി. പിന്നെ അമ്മ യോട് ചുണ്ടത്ത് വിരൽവച്ച് , 'ശ്... ഒച്ച താഴ്ത്തി പറയ്. അവൻ കേട്ടാൽ കാര്യം കുഴ പ്പമാണേ' എന്നു പറഞ്ഞു .

അമ്മൂമ്മയ്ക്ക് കാര്യം മനസ്സിലായില്ല. അമ്മയ്ക്ക് മനസ്സിലായി കാര്യം.

മെട്രോവിശേഷം പാച്ചു എങ്ങാനും കേട്ടാൽ പിന്നെ മഹാപുകിലാവും.

മെട്രോ ഉദ്ഘാടനത്തിന്റെ ദിവസം, പാച്ചു വലിയ ബഹളം കൂട്ടി. പാച്ചൂന്

**കുഞ്ഞുണ്ണിയെപ്പോലെ തന്നെയാണ് പാച്ചു, അമ്മ എന്തെങ്കിലും രഹസ്യമായി ആരോടെങ്കിലും പറഞ്ഞാൽ അതൊക്കെ കൃത്യമായി കേൾക്കും . അങ്ങനെ മെട്രോ വിശേഷം നിർത്തി അമ്മേം കുഞ്ഞുണ്ണീം കൂടി പതുങ്ങി മുകളിൽച്ചെന്ന് പാച്ചു എന്താ ചെയ്യുന്നതെന്ന് രഹസ്യമായി നോക്കി. അപ്പോ കണ്ടതോ?**

‘മെത്രോയില് കേറണേ, ഇപ്പോത്തന്നെ കേറണേ’ എന്നു പറഞ്ഞ് അവനന്ന് ചിണുങ്ങിയതിനു കണക്കില്ല.

‘മെത്രോ അല്ല മെട്രോ ആണ്’ എന്ന് കുഞ്ഞുണ്ണി എത്ര പറഞ്ഞുകൊടുത്തിട്ടും കേട്ട ഭാവം നടിക്കാതെ ‘മെത്രോ, മെത്രോ’ എന്നു മന്ത്രം പോലെ അമ്മയെ കാണുമ്പോഴൊക്കെ അവൻ ഉരുവിട്ടുകൊണ്ടിരുന്നു .

കുഞ്ഞുണ്ണി അവനെ പറഞ്ഞുമനസ്സിലാക്കാൻ നോക്കി.

‘‘എന്തൊരു തെരക്കായിരിക്കും എന്നറിയാമോ ഇന്ന്. ഉന്തും തള്ളും ആയിരിക്കും അവിടെല്ലാം, ഇരിക്കാൻ സീറ്റൊന്നും കിട്ടുകയേയില്ല. അവസാനം നമ്മള് മൂന്നാളും ചിന്നിച്ചിതറി മൂന്നിടത്തായിപ്പോവും. അമ്മേ ഫോൺ വിളിക്കാൻ നെനക്ക് ഫോണൊണ്ടോ, അമ്മേടെ ഫോൺനമ്പർ അറിയാമോ?’’

എന്നൊക്കെ കുഞ്ഞുണ്ണി ചോദിച്ചപ്പോൾ ‘ഇല്ല, ഇല്ല’ എന്ന് ചുണ്ടുകൂർപ്പിച്ചു പാച്ചു.

‘‘മെട്രോയില് കേറാൻ പോയ അമ്മയേയും ഏഴാം ക്ളാസുകാരൻ മകനെയും തിരക്കിൽ പെട്ട് കാണാതായി എന്നു പിറ്റേന്ന് പത്രത്തില് വാർത്ത വരും.’’

അങ്ങനെയും പറഞ്ഞു കുഞ്ഞുണ്ണി.

‘അപ്പോ എന്നെ കാണാതെ പോയാ അത് വാർത്തയാവൂല്ല അല്ലേ? കളിപ്പാട്ടങ്ങൾക്ക് ഈ ലോകത്ത് ഒരു വെലേമില്ല അല്ലേ’ എന്ന് പാച്ചു അപ്പോ പിണക്കക്കാരനായി.

‘നീ എന്തിനാ പാച്ചൂ കഷ്ടപ്പെട്ട് ഓരോ കാര്യം കണ്ടുപിടിച്ച് വഴക്കുണ്ടാക്കുന്നത്’ എന്നവനെ വഴക്കു പറഞ്ഞു കുഞ്ഞുണ്ണി.

‘എനിക്ക് തോന്നീട്ടാ ഞാനിങ്ങനെയൊക്കെ പറയണത്’ എന്നായി അപ്പോ പാച്ചു.

‘എന്തിനാ പാച്ചൂ നെനക്കങ്ങനെയൊക്കെ ഓരോ തോന്നല് വരണത്?’ എന്നു കുഞ്ഞുണ്ണിക്ക് ശരിക്കും കലി കയറി.

അപ്പോ പാച്ചു പറഞ്ഞു.

‘‘ഓരോ തോന്നല് വരുമ്പഴാ എനിക്ക് ഓരോന്നു തോന്നുന്നെ. എനിക്കോരോന്നു തോന്നുന്നതിന് കുഞ്ഞുണ്ണിച്ചേട്ടനെന്തിനാ കൊഴപ്പം?’’


അന്ന് എങ്ങനെ തീർന്നു മെത്രോവഴക്ക് എന്ന് ഓർമയില്ല.


എന്തായാലും മെട്രോ വിശേഷം പറയുന്നത് വളരെ സൂക്ഷിച്ചുവേണം എന്ന് അമ്മയും കുഞ്ഞുണ്ണിയും തമ്മിൽ അന്ന് ധാരണയായി.

കുഞ്ഞുണ്ണിയെപ്പോലെ തന്നെയാണ് പാച്ചു. അമ്മ എന്തെങ്കിലും രഹസ്യമായി ആരോടെങ്കിലും പറഞ്ഞാൽ അതൊക്കെ കൃത്യമായി കേൾക്കും .

അങ്ങനെ മെട്രോവിശേഷം നിർത്തി അമ്മേം കുഞ്ഞുണ്ണീം കൂടി പതുങ്ങി മുകളിൽച്ചെന്ന് പാച്ചു എന്താ ചെയ്യുന്നതെന്ന് രഹസ്യമായി നോക്കി.

അപ്പോ കണ്ടതോ? പാച്ചു, കുഞ്ഞുണ്ണീടെ ചാരുകസേരയിൽ മലർന്നു കിടന്ന് ജനലിൽക്കൂടി കാഴ്ചകൾ കാണു





കയാണ് .

ഒരു കിളി ജനൽക്കമ്പിയിൽ കേറിയിരുന്നു, പിന്നെ അകത്തുവന്നു, പിന്നെ അവര് രണ്ടാളും കൂടി മെട്രോ കളിച്ചു എന്നൊക്കെ പാച്ചു അമ്മയോടും കുഞ്ഞുണ്ണിയോടും പറഞ്ഞു .

''പാച്ചു, മെട്രോ ശ്രീധരനായി. മെട്രോ ഉദ്ഘാടനം ചെയ്യാൻ വന്ന പ്രധാനമന്ത്രി മോദി ആയി കിളി. ജനൽക്കമ്പി മെത്രോ ആയി.''

അങ്ങനെയാണ് പാച്ചു പറഞ്ഞത്.

മെത്രോയുടെ മുകളിൽക്കയറിയിരുന്ന് ടിക്കറ്റില്ലാതെ യാത്ര ചെയ്തു രസിച്ചകാര്യം കിളി, പാച്ചുവിനോട് വിസ്തരിച്ചു എന്ന് പാച്ചു പറഞ്ഞു .

പിറ്റേന്നുരാവിലെ സ്കൂളിൽപ്പോകാൻ നേരം അമ്മ, കുഞ്ഞുണ്ണിയെ ഉമ്മ വച്ചുണർത്തി. രാത്രി മുഴുവൻ പാച്ചുവും കുഞ്ഞുറ്റെഡികിച്ചുവും കൂടി മെട്രോ കളിക്കുകയായിരുന്നു എന്ന് അമ്മ പാച്ചുവിശേഷം പറഞ്ഞു. അമ്മയുടെ ദേഹമായിരുന്നു അവർക്ക് രാത്രീല് മെട്രോ. അമ്മയുടെ ഉറക്കം പൊയ്പ്പോയത് മാത്രം മിച്ചം.

കുഞ്ഞുണ്ണി അമ്മയുടെ കിടക്കയിലേക്ക് നോക്കി. കളിച്ചുതളർന്ന് ഉറങ്ങുകയാണ് പാച്ചു. കളിനേരത്തിൽ പാച്ചു അവന്റെ പേരുമാറ്റി 'പാച്ചുധരൻ' എന്നാക്കി എന്ന് അമ്മ പറഞ്ഞു .

മോദിക്കിളി മലയാളത്തിൽ 'എന്റെ പ്രിയപ്പെട്ട കൊച്ചീവാസികളേ' എന്നു പറഞ്ഞോ ഇല്ലേ എന്നു ചോദിക്കണം പാച്ചു ഉണർന്നാലുടൻ എന്നു വിചാരിച്ചു കുഞ്ഞുണ്ണി കുളിക്കാൻ പോയി.

സ്കൂളിൽ പോകാതെ ചാരുകസേരയിൽ കാഴ്ച കണ്ട് കിടക്കാനും കിളിയുടെ ഒപ്പം കളിക്കാനും തോന്നുന്ന നേരത്തുറങ്ങി തോന്നുന്ന നേരത്തുണരാനും കഴിയുന്ന പാച്ചുവിനെ നോക്കി, 'കണ്ടില്ലേ കള്ളന്റെ കിടപ്പ്' എന്നു പറഞ്ഞ് അമ്മ കുഞ്ഞുണ്ണിക്ക് ദോശ ചുടാനും പോയി.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**എഡിറ്റർ, തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34**

കഥ

# ഹൃദയം

## എം കൃഷ്ണദാസ്

ക്രിക്കറ്റ് വരുന്നതിനു മുന്നെ സ്കൂളിലെ കളികൾക്കും സീസണുണ്ടായിരുന്നു. സ്ക്കൂളു തുറക്കുന്ന സമയം മഴയായതുകൊണ്ട് ഇടനേരത്തും ഉച്ചയ്ക്കും കർശനനിർദേശങ്ങൾ മറയത്താക്കി ചില ചളിക്കളികളും വഴുക്കിവീഴലും വെള്ളം തെറുപ്പിക്കലും നനയലും മാത്രമേ കളിയായുണ്ടാവലുള്ളു. കർക്കിടകം കഴിഞ്ഞാൽ കളിയുടെ ഓണക്കാലമായി. കൊട്ടിയും പുള്ളും ആട്ടക്കളവും [1]ചിങ്ങംപോയിന്റും തുടങ്ങി കളികളുടെ മേളമാണ്. അങ്ങനെ ഓരോ സമയത്തിനു പറ്റിയ കളികൾ കുട്ടികൾ തന്നെ കണ്ടെത്തും. അതിൽ ഒഴിച്ചു കൂടാനാവാത്ത കളികളാണ് ഗോട്ടികളിയും പമ്പരവും.

ഗോട്ടിയിൽ കിസേപ്പിയിലും[2] കുഴികളിയിലും[3] ഉന്നവും വയവുമുള്ളവരാണ് കേമൻമാർ. കിസേപ്പിയിൽ ഗോട്ടിയാണ് ലാഭമെങ്കിൽ കുഴികളിയിൽ ഉണ്ടയാണ്[4] നേട്ടം. ഒരു കുഴിയിൽ തള്ളവിരൽ കുത്തി വിജയി വലിയ ഗോട്ടികൊണ്ട് ഉന്നംപിടിക്കും. തോറ്റവൻ തൊട്ടടുത്ത കുഴിയിൽ കൈ മടക്കി ഉണ്ട കൊള്ളാൻ തയ്യാറാകണം. അതികഠിന വേദനയെങ്കിലും കളിത്തോൽവിക്കുള്ള ശിക്ഷയായതുകൊണ്ട് അതാരും കാര്യമായി ഗൗനിക്കാറില്ല.

സ്ക്കൂൾ കളികളിൽ ഏറ്റവും സവിശേഷമായ കളിയുടെ സീസണാണിപ്പോൾ. മുതുകത്ത് പല നിറങ്ങളുള്ള പമ്പരംകളിയാണത്. ആദ്യമൊക്കെ കാശാവിന്റെ കാതലുകൊണ്ട് കുട്ടികൾ തന്നെ പമ്പരങ്ങൾ ഉണ്ടാക്കി കുപ്പിച്ചില്ലുകൊണ്ട് മിനുസം വരുത്തിയും, ആണി കരിങ്കല്ലിലുരച്ച് മുനകൂർപ്പിച്ചുമായിരുന്നു പമ്പരംകളി. ഇപ്പോൾ മുക്കട്ടയിൽ രണ്ടു മൂന്ന് പെട്ടിക്കടകൾ വന്നപ്പോൾ ഓരോ സീസണിനും വേണ്ട കളിയുപകരണങ്ങൾ അവർ മത്സരിച്ച് എത്തിച്ചു തുടങ്ങി.

ഇത് പമ്പരക്കാലം. പല നിറത്തിലുള്ള പെയിന്റടിച്ച പമ്പരങ്ങൾ കടകളിൽനിന്ന് വാങ്ങാൻ കിട്ടിത്തുടങ്ങി. ഒപ്പം പല നിറത്തിലുള്ള [5]ചാട്ടകളും. ഇംപോസിഷൻ പുസ്തകവും ടൈംടേബിൾ കാർഡും വാങ്ങാനെന്നു പറഞ്ഞ് വീട്ടിൽനിന്ന് കെഞ്ചി വാങ്ങിയ കാശു കൊണ്ട് അങ്ങനെ പമ്പരം വാങ്ങി. നേരത്തെ സ്കൂളിലെത്തി ഒരു തച്ച് കളി കഴിഞ്ഞാണ് ക്ലാസിലെത്തുക.

സെക്കന്റ് ബെല്ലടിച്ചു കഴിഞ്ഞ്, തിരക്കിട്ട് പമ്പരത്തിൽ ചാട്ട ചുറ്റി പോക്കറ്റിൽ തിരുകി ക്ലാസിലേക്ക് ഓടും. ഇന്റർവെല്ലിലെ പത്തുമിനിറ്റിലും ഗ്രൗണ്ടിലേക്കോടും. ഉള്ള നേരംകൊണ്ട് ഒരു കളി കളിക്കും. ബെല്ലടിച്ച് ഒന്നോ രണ്ടോ മിനിറ്റ് വൈകി ക്ലാസിലെത്തുമ്പോഴേക്കും ടീച്ചർമാരെത്തും. ഉച്ചയ്ക്കും വൈകുന്നേരത്തെ ഒഴിവിൻ നേരത്തും ഇതുതന്നെ തുടർന്നപ്പോൾ അധ്യാപകർക്കിടയിൽ ചർച്ചയായി.

പമ്പരത്തിൽ ഉക്ക് കൊള്ളുന്നതാണ് പമ്പരംകളിയിലെ നാണക്കേട്. എല്ലാരുടെയും പമ്പരങ്ങൾ കളത്തിനു നടുവിൽ വെച്ച്



വര: സജി വി

1. *ചിങ്ങംപോയന്റ്*: ഒരു ഓണക്കളി.
2. *കിസേപ്പി*: ഒരു തരം ഗോട്ടികളി. ഗോട്ടി നിശ്ചിത അകലത്തിൽനിന്ന് എറിഞ്ഞു പുറത്താക്കുന്ന കളി. പുറത്താക്കുന്ന ആൾക്ക് ആ ഗോട്ടികൾ കിട്ടും.
3. *കുഴികളി*: നേർരേഖയിൽ ഒരേ അകലത്തിൽ 3 കുഴികളിട്ട് ഗോലിയുപയോഗിച്ചു കളിക്കുന്ന ഒരു ഗോട്ടികളി.



ചാട്ട ചുറ്റിയ പമ്പരം ഈ കളത്തിലേക്ക് കറക്കിയെറിഞ്ഞ് ഈ പമ്പരങ്ങളെ പുറത്തെത്തിക്കുന്നതിനിടയിൽ പമ്പരത്തിന്റെ ആണി തട്ടി ഏറുകൊണ്ട് പമ്പരത്തിന് പറ്റുന്ന ആഴത്തിലുള്ള മുറിവിനാണ് ഉക്ക് എന്ന് പറയുക.

വൈകി ക്ലാസുകളിലെത്തുന്ന കുട്ടികളുടെ ചെവിയിൽ ടീച്ചർമാരുടെ നഖം തട്ടി ഉക്കു വന്നെങ്കിലും പമ്പരത്തിൽ പറ്റിയ മുറിവിന്റെത്ര മാനക്കേട് അധ്യാപകരുടെ ഉക്കിനുണ്ടായില്ല. അത് പമ്പരംകളി കൂടുതൽ തകൃതിയാക്കിയതല്ലാതെ കുറച്ചില്ല.

ക്ലാസിൽ കേറാൻ കുട്ടികളിലുണ്ടായ അമാന്തം എല്ലാ ക്ലാസിനെയും ബാധിച്ചു തുടങ്ങിയപ്പോൾ സ്റ്റാഫ്മുറിയിൽ അത് ചർച്ചാവിഷയമായി. ഒറ്റ ദിവസം എല്ലാ ക്ലാസിലും ഒരേ സമയം നടത്തുന്ന റെയ്ഡിലൂടെ സ്കൂളിലെ മുഴുവൻ പമ്പരങ്ങളും കണ്ടെടുക്കാൻ ഹെഡ്മാഷ്ടെ അധ്യക്ഷതയിൽ തീരുമാനമായി. ഒരു മുന്നറിയിപ്പുമില്ലാതെ എല്ലാ ക്ലാസിലും തൊട്ടടുത്ത നിമിഷം പരിശോധന നടത്താൻ എല്ലാ അധ്യാപകരും തയ്യാറായി. അര മണിക്കൂറുകൊണ്ട് ഓരോ ക്ലാസിൽനിന്നും നിരവധി പമ്പരങ്ങളുമായി ഓരോരുത്തരും വന്ന് അവരവരുടെ മേശപ്പുറത്ത് അഭിമാനത്തോടെ പമ്പരങ്ങൾ കൂട്ടി. ഓരോരുത്തരും പമ്പരങ്ങൾ കണ്ടെത്താൻ നടത്തിയ തന്ത്രങ്ങൾ വിജയഭാവത്തിൽ വിശദീകരിക്കുമ്പോൾ ലീലടീച്ചർ ഒരു വേവലാതി പറഞ്ഞു.

**ക്ലാസിൽ കേറാൻ കുട്ടികളിലുണ്ടായ അമാന്തം എല്ലാ ക്ലാസിനേയും ബാധിച്ചു തുടങ്ങിയപ്പോൾ സ്റ്റാഫ് മുറിയിൽ അത് ചർച്ചാ വിഷയമായി. ഒറ്റ ദിവസം എല്ലാക്ലാസിലും ഒരേ സമയംനടത്തുന്ന റെയ്ഡിലൂടെ സ്കൂളിലെ മുഴുവൻ പമ്പരങ്ങളും കണ്ടെടുക്കാൻ ഹെഡ്മാഷ് ടെ അധ്യക്ഷതയിൽ തീരുമാനമായി. ഒരു മുന്നറിയിപ്പുമില്ലാതെ എല്ലാ ക്ലാസിലും തൊട്ടടുത്ത നിമിഷം പരിശോധന നടത്താൻ എല്ലാ അധ്യാപകരും തയ്യാറായി.**

''അല്ല, പിടിച്ചെടുത്ത ഈ പമ്പരങ്ങൾ ഇനിയെന്തു ചെയ്യും...?''

''വെറുതെ കളയേണ്ട അടുക്കളയിലേക്ക് കൊടുത്താൽ ഇന്നത്തെ ഉച്ചക്കഞ്ഞി വേവിക്കാം.''

മധുസൂദനൻ മാഷ് പോംവഴി കണ്ടെത്തി.

ഒരു ചാക്കിലാക്കി ഈ പമ്പരങ്ങളുമായി നാരായണൻ മാഷ് അടുക്കളപ്പുറത്തേക്ക് പോകുന്നത് തകരുന്ന ഹൃദയവേദനയോടെ ഓരോ ക്ലാസിലെയും പമ്പരം നഷ്ടപ്പെട്ടവർ ജനാലയ്ക്കൽ നോക്കിനിന്നു. ജലജയുടെയും സ്മിതയുടെയും കണ്ണിൽ ഉറവ പൊട്ടിക്കണ്ടു.

നാരായണൻ മാഷ് ചാക്കിലെ പമ്പരങ്ങളൊന്നാകെ അടുക്കളയിലെ രവിയേട്ടനു മുന്നിൽ കെട്ടഴിച്ചു കൂട്ടി.

''ഇതെന്താ സാറേ, പമ്പരച്ചാകരയോ... ഇതെന്തിനാ ഇവിടേക്ക് കൊണ്ടന്നീരിക്ക്ണത്....?''

''ഇങ്ങയ്ക്കിന്ന് കഞ്ഞി വെക്കാനുള്ള വിറകാ ഇത്...''

''അയ്യോ, എനിക്ക് വേണ്ടേ... കുട്ട്യോള്ടെ ഹൃദയം കത്തിച്ചൊരു തിയ്യ്ക്ക് വേണ്ട... തിയ്യിനുള്ള വഴി ഞാൻ കണ്ടോളാം. ഇത് അവർക്ക് തിരിച്ച് കൊണ്ടുപോയി കൊടുക്ക് സാറേ....''

രവിയേട്ടൻ അടുപ്പിലേക്ക് കുഴലെടുത്ത് ഊതുന്നതിനിടയിൽ പറഞ്ഞു. മറ്റാരെങ്കിലും കാണുന്നതിനുമുന്നേ പമ്പരമെല്ലാം വാരി ചാക്കിലാക്കി സ്റ്റാഫ് റൂമിലേക്കു തന്നെ മടങ്ങുമ്പോൾ ജനാലയ്ക്കൽ പ്രതീക്ഷയുടെ വെളിച്ചം തിളങ്ങി.

നാരായണൻ മാഷാ ഹൃദയവേദന സ്റ്റാഫ്റൂമിന്റെ നടുത്തളത്തിൽ കെട്ടഴിച്ചു കൂട്ടി.



*4. ഉണ്ട:* കുഴികളിയിൽ തോറ്റവർ ഒരു കുഴി വക്കത്ത് കൈമടക്കി വെക്കും. ജയിച്ച ആൾ ഇങ്ങേ കുഴിയിൽ നിന്ന് ഗോട്ടി തെറുപ്പിച്ചു കൊള്ളിച്ച് കൊടുക്കുന്ന വേദന ശിക്ഷ.
*5. ചാട്ട:* പമ്പരം കറക്കാൻ പമ്പരത്തിന്റെ ആണി മുതൽ ചുറ്റുന്ന കറുത്ത ചരട്.

കഥ

# വയൽക്കാറ്റ്

**അർഷാദ് ബത്തേരി**



വര: സചീന്ദ്രൻ കാറഡ്ക്ക

നിലാവു മരങ്ങളെ വന്നു തൊടുന്ന രാത്രിയിൽ വൃദ്ധൻ കുന്നിൻചരിവിലൂടെ നടന്നു. കുന്നിന്റെ പല ദിക്കുകളിൽ നിന്നായി മൃഗങ്ങളുടെ കരച്ചിൽ കേൾക്കാം. വൃദ്ധൻ ഒന്നു തിരിഞ്ഞുനോക്കി. കാലുകളിൽ തളർച്ചയേറിയപ്പോൾ കൂട്ടത്തോടെ നിൽക്കുന്ന മരങ്ങളുടെ ചുവട്ടിലേക്കു ചെന്നിരുന്നു. കൈയിലെ തുണിക്കെട്ടഴിച്ചു. അതിൽനിന്നും വീതി കുറഞ്ഞ പുതപ്പെടുത്ത് നിലത്തുവിരിച്ചു.

വൃദ്ധൻ നീണ്ടുനിവർന്നു കിടന്നു. മരത്തിൽ നിന്നും ഏതാനും പക്ഷികൾ ഒച്ചവച്ച് പറന്നുപോയി. വൃദ്ധൻ കണ്ണുകൾ തുറന്നു. നിലാവ് അസ്തമിച്ചു. എങ്ങും ഇരുട്ടു പരന്നു. ഭയപ്പെടുത്തുന്ന നിശ്ശബ്ദത.

അടുത്തെങ്ങും മനുഷ്യർ പാർക്കുന്നതായി യാതൊരു അടയാളവും കാണാനില്ല. ഇരുട്ടിന് കനംവച്ചു. വൃദ്ധൻ ഭയത്തോടെ കണ്ണുകൾ മുറുക്കി അടച്ചു ചുരുണ്ടു കിടന്നു.

സൂര്യവെളിച്ചം മുഖത്തുവന്നു പതിഞ്ഞപ്പോൾ വൃദ്ധൻ കണ്ണുകൾ തുറന്നു. പതുക്കെ എഴുന്നേറ്റിരുന്ന് ചുറ്റിലും കണ്ണോടിച്ചു. മുന്നിൽ കാണുന്ന നീണ്ട മൺവഴിയിലൂടെ നടത്തം ആരംഭിച്ചു. ചെറിയ കുന്നിന്റെ താഴ്‌വാരത്തിലെത്തിയപ്പോൾ

ഒന്നു നിന്നു. കുന്നിൻ മുകളിൽ നിന്നും ഇറങ്ങിവരുന്ന ആളുകളെ കൗതുകത്തോടെ നോക്കി.

''ഇതിലേ പോയാൽ എവിടെയാണ് എത്തുക?''

വൃദ്ധൻ ചോദിച്ചു.

''ഈ കുന്നുകയറിയാൽ മറുഭാഗത്ത് വയലാണ്. അതു കഴിഞ്ഞാൽ ചിറ്റാരം ഗ്രാമമെത്തി. അങ്ങോട്ടാണോ?''

വൃദ്ധൻ മറുപടി പറയാതെ കുന്നു കയറാൻ തുടങ്ങി. മരങ്ങളിലെ പച്ചയിലകൾ കാറ്റിൽ നൃത്തം ചെയ്യുന്നതു കണ്ടു. കുന്നിൻമുകളിൽനിന്നും താഴോട്ട് നോക്കി ഗ്രാമഭംഗി ആസ്വദിച്ചു.

കുത്തനെയുള്ള ചെറുവഴിയിലൂടെ വയലിലേക്കിറങ്ങി. നീണ്ടുകിടക്കുന്ന പാടം. ആരെയും കാണുന്നില്ല. വൃദ്ധൻ വയലിനു നടുവിലൂടെ, മെലിഞ്ഞ വരമ്പിലൂടെ നടന്നു. ശക്തമായ കാറ്റു വന്നു വൃദ്ധനെ പൊതിഞ്ഞു. നിരയൊപ്പിച്ചു നിൽക്കുന്ന കതിരുകൾ വൃദ്ധന്റെ കാലുകളിലും കൈകളിലും ഉരസി. കാറ്റിൽപ്പെട്ട വൃദ്ധൻ നടക്കാൻ നന്നേ പ്രയാസപ്പെട്ടു. പച്ചനിറത്തിൽ പരന്നുകിടക്കുന്ന വയലിനു മുകളിലൂടെ പക്ഷികൾ കൂട്ടത്തോടെ പറക്കുന്നു. വയലിന്റെ അങ്ങേയറ്റത്തെ ചെറുവീട് കണ്ടപ്പോൾ വൃദ്ധൻ നിന്നു.

ഉള്ളിൽ ആശ്വാസം നിറഞ്ഞു. വൃദ്ധൻ ആ വീട് ലക്ഷ്യം വച്ച് നടന്നു. ഉച്ചവെയിൽ കനത്തു. വൃദ്ധൻ വീടിന്റെ മുറ്റത്തേക്കു നടന്നു. മുറ്റത്ത് മയങ്ങുന്ന നായ തലപൊക്കി ഒന്നു കുരച്ചു. വൃദ്ധൻ പെട്ടെന്നു തന്നെ പിറകോട്ട് നിന്നു. നായയുടെ കുര ഉച്ചത്തിലായി. വാതിൽ തുറന്ന് ഒരാൾ പുറത്തേക്ക് വന്നു.

വൃദ്ധൻ മറുപടി പറയാതെ കുന്നു കയറാൻ തുടങ്ങി. മരങ്ങളിലെ പച്ചയിലകൾ കാറ്റിൽ നൃത്തം ചെയ്യുന്നതു കണ്ടു. കുന്നിൻമുകളിൽ നിന്നും താഴോട്ട് നോക്കി ഗ്രാമഭംഗി ആസ്വദിച്ചു. കുത്തനെയുള്ള ചെറുവഴിയിലൂടെ വയലിലേക്കിറങ്ങി. നീണ്ടുകിടക്കുന്ന പാടം. ആരെയും കാണുന്നില്ല. വൃദ്ധൻ വയലിനു നടുവിലൂടെ, മെലിഞ്ഞ വരമ്പിലൂടെ നടന്നു.

''ആരാ?''

അയാൾ ചോദിച്ചു.

വൃദ്ധൻ നായയെ നോക്കിക്കൊണ്ട് അയാളുടെ അടുത്തേക്കു ചെന്നു. അയാൾ അകത്തുനിന്ന് രണ്ടു കസേരകൾ എടുത്ത് മുറ്റത്തെ മാവിൻ ചുവട്ടിലേക്ക് ഇട്ടു.

''ഇരിക്കൂ.''

വൃദ്ധൻ മടിച്ചുകൊണ്ട് കസേരയിൽ ഇരുന്നു.

''വല്ലാത്ത ദാഹം.''

വൃദ്ധൻ പറഞ്ഞു

''മോളേ കുറച്ചു വെള്ളം കൊണ്ടുവാ..''

അയാൾ അകത്തേക്ക് നോക്കി വിളിച്ചു പറഞ്ഞു.

അകത്തുനിന്നും പത്തു വയസ്സുപ്രായം തോന്നിക്കുന്ന ശ്രീകല വെള്ളവുമായി വന്നു. വൃദ്ധൻ തിടുക്കത്തിൽ വെള്ളം വാങ്ങി ആർത്തിയോടെ വലിച്ചുകുടിച്ചു.

''ഒറ്റയ്ക്കാണോ?''

അയാൾ ചോദിച്ചു.

''ഉം! ആരുമില്ല.''

വൃദ്ധന്റെ കണ്ണുകൾ നിറഞ്ഞു. വയലിലെ കാറ്റ് അവരിലേക്ക് പാഞ്ഞടുത്തു.

''എന്താ പേര്?''

വൃദ്ധൻ ചോദിച്ചു.

''ദാമോദരൻ. ഇത് എന്റെ മോളാ. ഭാര്യ അടുക്കളയിലാ. ഇപ്പം വരും.''

വൃദ്ധൻ മകളോട് ചിരിച്ചു. അവൾ ഗ്ലാസ്സുവാങ്ങി അകത്തേക്കു നടന്നു.

''എവിടെ നിന്നാണ് വരുന്നത്?''

''കുറേ ദൂരത്താണ്...''

അകത്തുനിന്നും ദാമോദരന്റെ ഭാര്യ അവർക്കിടയിലേക്കു വന്നു.

''കഞ്ഞിയായിട്ടുണ്ട്... എടുക്കട്ടെ...''

''ഉം...''

വിളമ്പിയ കുത്തരിക്കഞ്ഞിയും ചമ്മന്തിയും വൃദ്ധൻ വയറു നിറയെ കഴിച്ചു. രുചിയേറിയ ഭക്ഷണം വിളമ്പിയ വീട്ടുകാരെ മനസ്സിൽ വണങ്ങി.

''ഒന്നു മയങ്ങിക്കോളൂ.''

ദാമോദരൻ പറഞ്ഞു.

വൃദ്ധൻ കോലായിലെ തിണ്ണയിൽ നിവർന്നു കിടന്നു.

സൂര്യവെളിച്ചം കെട്ടു. വൈകുന്നേരത്തെ തണുത്ത കാറ്റ് വീശിയടിച്ചു. നായയുടെ കുര കേട്ടുകൊണ്ട് വൃദ്ധൻ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു.

തുടുത്ത പച്ചപ്പോടെ കാറ്റിനൊപ്പം വയലൊന്നാകെ ആനന്ദിക്കുന്ന നേരമായിരുന്നു. വയൽക്കരയിലേക്കു നടന്നുപോകുന്ന ദാമോദരനെ വൃദ്ധൻ പിൻതുടർന്നു. ശ്രീകല അവർക്കരികിലേക്ക് ഓടിയടുത്തു.

അവർ വയൽക്കരയിലെ ഉയരം കൂടിയ തിണ്ടിൻമേൽ ഇരുന്നു.

''ഈ വയലിൽ വിളഞ്ഞ നെല്ലിന്റെ അരിയാണ് നമ്മൾ ഇന്ന് ഉച്ചയ്ക്ക് കഴിച്ചത്.''

''നല്ല സ്വാദുണ്ടായിരുന്നു.''

വൃദ്ധൻ വയലിലേക്കു നോക്കിപ്പറഞ്ഞു. പക്ഷികളും പൂമ്പാറ്റകളും വയലിലൂടെ കൂട്ടത്തോടെ പാഞ്ഞുപോകുന്നതു കണ്ടു.

''എന്തൊരു ഭംഗിയാ, ഈ ഭൂമി ഇങ്ങനെ കാണാൻ അല്ലേ?''

ദാമോദരന്റെ ചോദ്യം

കേട്ട് വൃദ്ധൻ തല താഴ്ത്തി. ഒരു തേങ്ങലോടെ വൃദ്ധൻ ദാമോദരന്റെ തോളിൽ കൈവച്ചു.

''എന്തുപറ്റി?''

''എന്തുപറ്റി മുത്തച്ഛാ?''

ശ്രീകല വൃദ്ധന്റെ അരികിൽ വന്നിരുന്നു. വൃദ്ധൻ പതുക്കെ തലയുയർത്തി. മനോഹരമായി കിടക്കുന്ന വയലിലേക്കു നോട്ടം നീണ്ടു. പതിയെ വൃദ്ധന്റെ ചുണ്ടുകളനങ്ങി.

''നിങ്ങൾക്കറിയോ, ഇതുപോലെ കുറെ വയലുകൾ എനിക്കുമുണ്ടായിരുന്നു. എല്ലാവർഷവും ഞങ്ങളുടെ ഗ്രാമത്തിലെ തൊഴിലാളികൾ ആടിയും പാടിയും വയലിലേക്കിറങ്ങി വിത്ത് വിതയ്ക്കുമായിരുന്നു. അതെല്ലാം ഇല്ലാതാക്കി.''

''ആര്?''

''ഞാനും എന്റെ മക്കളും.''

''എങ്ങനെ?''

''വളരെ കഷ്ടപ്പെട്ട കുടുംബമായിരുന്നു ഞങ്ങളുടേത്. ചെറിയ ചെറിയ കച്ചവടങ്ങൾ നടത്തിയാണ് ഞാൻ നാട്ടിലെ വലിയ പൈസക്കാരനായത്. വയലുകളും തോട്ടങ്ങളുമെല്ലാം വാങ്ങിക്കൂട്ടി. മക്കളെല്ലാം വലുതായി. അവർക്ക് വയലിലേക്കിറങ്ങാനും പണിയെടുപ്പിക്കാനും മടിയായി. കള്ളരേഖകളുണ്ടാക്കി വയലെല്ലാം മണ്ണിട്ടു മൂടി. എന്നിട്ട് അവിടെയെല്ലാം കെട്ടിടങ്ങൾ ഉയർത്തി. അതോടെ നെൽകൃഷി ഇല്ലാതായി. മറ്റൊരിടത്ത് മരങ്ങൾ നട്ടുപിടിപ്പിച്ച് വയലിനെ കരയാക്കി. മക്കൾക്കും എനിക്കും അഹങ്കാരം മാത്രം കൂടി വന്നു. എനിക്ക് വയസ്സാകാൻ തുടങ്ങിയപ്പോൾ മക്കൾക്ക് ഞാനൊരു പഴന്തുണിയായി. ഞാൻ പറയുന്നതൊന്നും അവർ കേൾക്കാതെയായി. വയലുകളിൽ വീണ്ടും കെട്ടിടങ്ങളും വീടുകളും നിറഞ്ഞു. അത്രയും പറഞ്ഞശേഷം വൃദ്ധൻ വീണ്ടും വയലിലേക്കു നോക്കി.

''പറയ് മുത്തച്ഛാ... പിന്നെയെന്താണ് സംഭവിച്ചത്?''

''ഒരു പെരുമഴക്കാലത്ത് വയലൊന്നാകെ ഇളകി മറിഞ്ഞു. കെട്ടിടങ്ങൾ നിലം പൊത്തി. മരങ്ങളെല്ലാം കാറ്റിൽ പിഴുതെറിയപ്പെട്ടു. എല്ലാം നശിച്ചു. നെൽക്കതിരുകൾ വിളഞ്ഞുനിൽക്കേണ്ട വയലിൽ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ നിറഞ്ഞു. ഒരു നേരത്തെ കഞ്ഞിക്കുള്ള അരിപോലും ഉണ്ടാക്കാനായി മാറ്റിവയ്ക്കാതെ മക്കൾ വയലെല്ലാം ആർക്കോ വിറ്റു. വയലും കെട്ടിടവുമില്ലാതെ മക്കൾ ഒന്നുമില്ലാത്തവരായി. അവരുടെ ബാക്കിയുള്ള സ്വത്തുക്കളും ഇല്ലാതായി. അവർ അതുംകൂടി ഇല്ലാതാക്കിയപ്പോൾ എനിക്ക് സഹിക്കാനായില്ല. ഞാനെന്റെ മക്കളെ ശപിച്ചു.

''പക്ഷേ മുത്തച്ഛനും കൂടിയല്ലേ വയൽ ഇല്ലാതാക്കാൻ കൂട്ടുനിന്നത്. വയല് ഇല്ലാതാക്കിയപ്പോൾ എത്ര അരി ഇല്ലാതാക്കി. എത്രയോ ജീവികളെ ഇല്ലാതാക്കി. അതൊക്കെ പാപമല്ലേ മുത്തച്ഛാ...?''

''ഉം, അതേ. ഇത്രയും



കെട്ടിടങ്ങൾ ഉയരുമെന്നോ വയലിനെ കരയാക്കി വിൽക്കുമെന്നോ ഞാൻ കരുതീല്ല.''

ദാമോദരൻ വയലിലേക്കിറങ്ങി നടന്നു. ഒപ്പം വൃദ്ധനും ശ്രീകലയും. അവർ വരമ്പിലൂടെ പതുക്കെ നടക്കവേ പെട്ടെന്ന് വൃദ്ധൻ നിന്നു.

''ഉം എന്തുപറ്റി?''

''എനിക്കിനിയൊരിക്കലും ഇങ്ങനെയൊരു വയലുണ്ടാവില്ല. കണ്ടിട്ട് കൊതിയാവുന്നു.''

''ഭൂമിയെ വേദനിപ്പിച്ചാ, മണ്ണ് നമ്മളെയും വേദനിപ്പിക്കും. ഇങ്ങനെയുള്ള വയലുകൾ എത്രയോ പേർക്ക് ജോലി കൊടുക്കുന്നുണ്ട്... എത്രയോ പേരുടെ വിശപ്പടക്കുന്നുണ്ട്. അതിനെയല്ലേ നമ്മൾ സംരക്ഷിക്കേണ്ടത്.''

ദാമോദരൻ പറഞ്ഞു.

''ഉം ശരിയാണ്.''

''ഇപ്പോഴെങ്ങോട്ടാണ് യാത്ര?''

ശ്രീകല ചോദിച്ചു.

''സത്യത്തിൽ വഴിതെറ്റിയാണ് ഞാനിവിടെയെത്തിയത്. ഒരിടംവരെ പോകാനുണ്ട്. ഈ യാത്രയിൽ കുറെ കാര്യങ്ങൾ ചെയ്യാനുണ്ട്. അവസാനം അവിടെയെത്തണം.''

''എവിടെ?'' വൃദ്ധൻ ശ്രീകലയുടെ ചോദ്യത്തിന് ഉത്തരം നൽകിയില്ല.

''പറയ് മുത്തച്ഛാ... എവിടേക്കാണ്...?''

''ദൂരെ ഒരിടമുണ്ട്... അവിടെയെത്തണം. ഇനിയുള്ള കാലം അവിടെ കഴിയണം. പോകുന്ന വഴിക്കെല്ലാം ഭൂമിക്കായി എന്തെങ്കിലും ചെയ്തിട്ടുപോകണം.''

വൃദ്ധൻ വയലിനോടു ചേർന്നു കിടക്കുന്ന കരയിലേക്കു കയറി. തോട്ടിൽ നിന്നും വെള്ളംകോരി മരങ്ങൾക്കും ചെടികൾക്കും ഒഴിച്ചുകൊടുത്തു. നെൽക്കതിരുകളെ നെഞ്ചോടു ചേർത്തുപിടിച്ചു ചുംബിച്ചു. അവരോട് യാത്ര പറഞ്ഞ് യാത്ര തുടർന്നു.

---



വര: ബോബി എം പ്രഭ

കവിത

# പുലർകാലം

**സജിനി എസ്**

ആകാശത്തിൻ ചരുവിലായ,മ്പിളി
വാർമിഴി ചിമ്മും പുലർകാലേ
പൂവുകളാകുന്ന നക്ഷത്രങ്ങൾ
പൂങ്കണിത്താലമൊരുക്കുന്നു
മിന്നാമിന്നിക്കുന്നിലിരുന്നൊരു
കുഞ്ഞിക്കുയിലു വിളിക്കുന്നൂ
വായോ വായോ കുഞ്ഞിക്കാറ്റേ
നീയും, മൂളിപ്പാടാനായ്.
കുന്നിമണി ച്ചെറുകുഞ്ഞുങ്ങളാകവെ
കുഞ്ഞി, ച്ചിമിഴിൽ മയങ്ങുമ്പോൾ
മിന്നാമിന്നിക്കുന്നിലിരുന്നൊരു
കുഞ്ഞിക്കുയിലു വിളിക്കുന്നൂ
ഓമൽച്ചിറകുകൾ വീശിവരുന്നോ-
രോണപ്പക്കികൾ പാറുന്നൂ.
പൂവുകൾ തോറും തളിരു തോറും
പുല്ലുനിറയും തൊടികൾ തോറും
നിറയുന്നൂ രാഗവും താളവും മേളവും
നിറവായ് വെളിച്ചമായ് ഓണവെയ്‌ലും.

# VIANI PRINTINGS®

...an initiative of archdiocese of ernakulam-angamaly



New Venture

# VIANI NOTE BOOK




## FULLY AUTOMATIC NOTE BOOK UNIT

Choondi, Aluva

P.B.No.3062 Lisie Road, Kochi - 18, Kerala, India
+91 484 2401635 Mob: +91 8589091989, 9387074688
mdviani@gmail.com, vianiprintings@gmail.com
www.vianiprintings.com

# മഴയൊഴിയുമ്പോൾ...

സുജിത്





Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 September 2017
Regd KL/TV (N)/399/2015-2017 Published on 29-08-2017 Vol:23, Issue:09, ₹15




കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org

## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ പുസ്തകങ്ങൾ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**
കുട്ടികളുടെ മാസിക
വില 20രൂപ

**വാർഷികവരിസംഖ്യ 200രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.